# കുടുംബജ്യോതി

SINCE 1982

2025

ഡിസംബർ • പുസ്തകം 43 • ലക്കം 12

ക്രിസ്തുമസ് മംഗളങ്ങൾ



## പ്രത്യാശയുടെ നക്ഷത്രത്തിളക്കം

കർദിനാൾ ജോർജ് ജേക്കബ് കൂവക്കാട്

# ഉള്ളടക്കം

# contents



merry Christmas


06 പ്രത്യാശയുടെ നക്ഷത്രത്തിളക്കം
*കർദിനാൾ ജോർജ് ജേക്കബ് കൂവക്കാട്*

11 സുവാറ-യെൽദാക്കാലം
*ഡോ. ജയിംസ് ചവറപ്പുഴ*

14 അനുരഞ്ജനം
*ജിജി തോംസൺ ഐഎഎസ്*

18 സൈബർ കാലത്തിന്റെ തട്ടിപ്പുവഴികൾ
*റ്റി.സി മാത്യു*

26 'ദശ'പുഷ്പങ്ങളുടെ വീട്
*ജെറി ജോൺ*

28 അപ്പത്തിന്റെ വീട്ടിൽ പുൽക്കൂട് പണിയുന്നവർ
*ആഷ്‌ലി തോമസ്*

32 മാലാഖയായിത്തീരുക
*ബോബി ജോസ് കട്ടിക്കാട്*

35 മധ്യവയസിലെ പ്രതിസന്ധികൾക്കു പരിഹാരമുണ്ട്
*ഡോ. വിശാൽ വർഗീസ്*

40 സെന്റ് പീറ്റേഴ്സ് ബസിലിക്ക
*പ്രിൻസ് തെക്കേപ്പുറം CSsR*


## സ്ഥിരംപംക്തികൾ


04 *പൂമുഖം*
കുടുംബത്തിലെ വെട്ടം കെടുത്തരുത്
*ജോസ് ആൻഡ്രൂസ്*

38 *ക്രിസ്തുമസ് വിഭവങ്ങൾ*
പ്ലംകേക്ക്
*അനില തോമസ്*

44 *പുതിയനിയമത്തിലെ കുടുംബദർശനം*
പുതിയകാഴ്ചപ്പാടിൽ പുതുക്കിപ്പണിയുന്ന കുടുംബം
*ഡോ. തോമസ് വള്ളിയാനിപ്പുറം*

50 *പുറംവാതിൽ*
ചിട്ടവട്ടം വട്ടാക്കരുത്!
*ജെ. മണക്കുന്നേൽ*






To subscribe Kudumbajyothi SMS 'sub' to 8921677078
Online: www.kudumbajyothis.com
Email: kudumbajyothi1982@gmail.com
Like Kudumbajyothi@ facebook.com/ kudumbajyothi



ചീഫ് എഡിറ്റർ
**ഡോ. ജോസ് ജോർജ് തെക്കേപ്പുറത്ത്**

മാനേജിംഗ് എഡിറ്റർ
**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**

എക്സിക്യൂട്ടീവ് എഡിറ്റർ
**ഫാ. ജോണിക്കുട്ടി തറക്കുന്നേൽ**

സർക്കുലേഷൻ മാനേജർ
**ജോസി ജോസഫ് ആലഞ്ചേരി**
ഫോൺ: 8921677078

പത്രാധിപസമിതി
**മാർ തോമസ് തറയിൽ**
**ഡോ. ജോസഫ് പാറയ്ക്കൽ**

മുഖചിത്രം. മാർക്കസ് തോമസ് റ്റിനു

ഫോട്ടോ. ചാക്കോച്ചൻ ഇൻഫോക്കസ്

ആശയം, രൂപകല്പന. സലിമോൻ, കോട്ടയം
അക്ഷരവിന്യാസം. മനോജ് വർഗീസ്

മുദ്രണം. സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ് ചങ്ങനാശേരി
ഫോൺ: 0481 2410101



Disclaimer:
The editorial board of Kudumbajyothi does not bear the responsibility for the claims of the advertisements published.
Though the magazine provide profound data regarding personal and family matters the readers may consult experts personally before acting on it especially regarding finance and health.


ചിത്രങ്ങൾക്ക് കടപ്പാട്: ഗൂഗിൾ

● ജോസ് ആൻഡ്രൂസ്

# കുടുംബത്തിലെ വെട്ടം കെടുത്തരുത്

**ചാലക്കുടിയിലെ ദമ്പതികളുടെ വീട്ടിലേക്ക് ഒളിഞ്ഞുനോക്കി കിട്ടുന്നത്ര വിശദാംശങ്ങൾ ചോർത്താനും വിധിയെഴുതാനും ശ്രമിക്കുന്ന നാം വീട്ടിൽ എങ്ങനെയാണ്?**

ഒരു ഭർത്താവിന്റെയും ഭാര്യയുടെയും വഴക്ക് സമൂഹമാധ്യമങ്ങളിൽ ഏറ്റവുമധികം വിറ്റഴിഞ്ഞുകൊണ്ടിരുന്ന ദിവസങ്ങളിലാണ് ഇതെഴുതുന്നത്. കുടുംബഭദ്രതയെക്കുറിച്ചും സ്നേഹത്തെക്കുറിച്ചും വീഡിയോകൾ ഇടുകയും, നാട്ടിലും വിദേശത്തുമൊക്കെ പോയി ആളുകളെ ധ്യാനിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്ന ദമ്പതികളുടെ പേര് പറയേണ്ട ആവശ്യമില്ല. മറ്റുള്ളവരോട് ഒന്നിക്കാൻ പറഞ്ഞിരുന്നവർ ഭിന്നിച്ചപ്പോൾ കേരളം ആഘോഷിച്ചു. സമൂഹമാധ്യമങ്ങൾ അതു വിറ്റു കാശുണ്ടാക്കുകയും ചെയ്തു. ചിലർക്ക് ദമ്പതികളുടെ മതമായിരുന്നു വിഷയം. സംഭവത്തിൽ വിമർശിക്കപ്പെടേണ്ട കാര്യങ്ങളുണ്ടാകാം. പക്ഷേ, അവരുടെ വീട്ടിലേക്ക് ഒളിഞ്ഞുനോക്കി കിട്ടുന്നത്ര വിശദാംശങ്ങൾ ചോർത്താനും വിധിയെഴുതാനും ശ്രമിക്കുന്ന നാം വീട്ടിൽ എങ്ങനെയാണ്?

ദസ്തയേവ്സ്കി കരമസോവ് സഹോദരന്മാർ എന്ന പുസ്തകത്തിൽ പറയുന്നുണ്ട്: 'എനിക്കു തോന്നുന്നത് പിശാച് ഉണ്ടായിരുന്നില്ല എന്നാണ്. പക്ഷേ, മനുഷ്യൻ അതിനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കുകയായിരുന്നു.' നമ്മൾ ചാലക്കുടിയിലെ ധ്യാനദമ്പതികളെക്കുറിച്ചു പറഞ്ഞുകൊണ്ടിരിക്കെ, കേരളത്തിൽ അത്ര ശ്രദ്ധിക്കപ്പെടാതെ പോയ ചില വാർത്തകളും വീഡിയോ ദൃശ്യങ്ങളും ഇങ്ങനെയായിരുന്നു. മദ്യപിച്ച മകൻ അമ്മയുടെ മുന്നിലിട്ട് അഛനെ മർദിച്ചു; അടിമാലിയിൽ.



നാലുവയസുള്ള മകനെ തൂക്കിക്കൊന്ന് അമ്മയും ജീവനൊടുക്കി; അമ്മയെ മകനും മരുമകളും ചേർന്നു മർദിച്ചു. മറ്റൊരു സംഭവം കൊച്ചി കലൂരിലെ ഫ്ളാറ്റിലാണു നടന്നത്. ഭർത്താവുമായി പിണങ്ങിക്കഴിയുന്ന യുവതിക്കു കാമുകൻ എത്തിയതോടെയാണ് വിഷയം. കഴിഞ്ഞദിവസം കാമുകൻ വീട്ടിൽ കിടക്കാനെത്തിയതോടെ ബാലനായ മകൻ എതിർക്കുകയും, അവരുടെ നടുക്ക് കയറിക്കിടക്കുകയും ചെയ്തു. പിന്നെ, രണ്ടുപേരും ചേർന്ന് കുട്ടിയെ ക്രൂരമായി മർദിക്കുകയായിരുന്നു. പൊലീസ് കേസെടുക്കുകയും, കുട്ടിയെ പിതാവിന്റെ അടുത്തേയ്ക്കു പറഞ്ഞയയ്ക്കുകയും ചെയ്തു. സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥയാണ് അമ്മ. കോഴിക്കോട് പുതുപ്പാടിയിൽ സ്വത്ത് എഴുതിക്കൊടുത്തില്ലെന്നു പറഞ്ഞ് അമ്മയെ മകൻ ക്രൂരമായി മർദിച്ചതും ദിവസങ്ങൾക്കു മുമ്പാണ്. ഇതിങ്ങനെ പറഞ്ഞാൽ തീരില്ല.

നിസാരകാര്യങ്ങൾക്കുപോലും ഗുരുതരമായ പ്രതികരണങ്ങൾ നടത്തുന്നവർ ആ നേരത്ത് കണ്ണാടിയിൽ നോക്കിയാൽ കാണാം, തന്റെ ഛായയിലും സാദൃശ്യത്തിലും താൻ തന്നെ സൃഷ്ടിച്ച പിശാചിനെ.

മുകളിൽ പറഞ്ഞത് ഗുരുതരമായ കുറ്റകൃത്യങ്ങളാണ്. പക്ഷേ, അത്ര ഗൗരവമില്ലെങ്കിലും ഭയാനകമായ പലതും നമ്മുടെ വീടുകളിലും നടക്കുന്നുണ്ട്. നമ്മൾ അത്ര അറിയപ്പെടാത്തവരായതിനാൽ അതു ലോകം പോയിട്ട് അയൽക്കാർ പോലുമറിയുന്നില്ല. അതിന്റെ ആശ്വാസത്തിലാണ് നിരവധി കുടുംബങ്ങൾ. അല്ലെങ്കിൽ എന്താകുമായിരുന്നു മറ്റുള്ളവരുടെ വീടുകളിലെ കുറ്റങ്ങൾ കണ്ടുപിടിക്കാൻ നടക്കുന്ന നമ്മുടെയൊക്കെ അവസ്ഥ? എല്ലാ വീടുകളും ഭയാനകമായ അവസ്ഥയിലാണെന്നല്ല പറഞ്ഞത്. ആഹ്ലാദം നിറഞ്ഞുനിൽക്കുന്ന വീടുകളാണ് അധികവും. ചെറിയ അസ്വാരസ്യങ്ങളെ അവർ തങ്ങളുടേതായ രീതിയിൽ പരിഹരിക്കും. അവരുടെ കോപം പകയായി വളർന്ന് സൂര്യാസ്ത മയത്തിനുശേഷവും നീണ്ടുപോകാറില്ലന്നേയുള്ളൂ. അവർ മറ്റു വീടുകളിലെ തമ്മിലടികളിൽ ആഹ്ലാദിക്കുകയോ, അധികം ഒളിഞ്ഞുനോട്ടത്തിനു പോകുകയോ ചെയ്യാറില്ല.

ദിൻജിത് അയ്യത്താൻ സംവിധാനം ചെയ്ത എക്കോ എന്ന സിനിമയിൽ, നായകളുടെ കാവലിൽ ഭാര്യയെ വീട്ടിലാക്കി ജോലിക്കുപോകുന്ന ഭർത്താവുണ്ട്. സുന്ദരിയായ ഭാര്യ വീടിനു പുറത്തിറങ്ങാൻ ശ്രമിക്കവേ അവളെ കടിച്ചുകീറാൻ ആ നായ്ക്കളെത്തുമ്പോഴാണ് ഭർത്താവ് സംരക്ഷണമല്ല, നിയന്ത്രണമാണ് തനിക്കേർപ്പെടുത്തിയിരിക്കുന്നതെന്ന് അവൾ അറിയുന്നത്. നമ്മുടെ പല കുടുംബങ്ങളിലും സുരക്ഷയുടെ പേരിൽ പുരുഷന്മാർ ഉപയോഗിക്കുന്നത് നിയന്ത്രണത്തിന്റെയും അധികാരത്തിന്റെയും ചങ്ങലകളാണ്. ഉടമയുടെ സ്ഥാനമോ മനോഭാവമോ കുടുംബബന്ധങ്ങളുടെ ഭാഗമല്ല. അത്തരം അധികാരങ്ങളെ ഇന്നല്ലെങ്കിൽ നാളെ വീട്ടിലെ മറ്റുള്ളവർ തിരിച്ചറിയും. അന്നു തീരും കുടുബമെന്ന കെട്ടുറപ്പ്.

അന്ന കരനീന നോവലിൽ ടോൾസ്റ്റോയി പറയുന്നത്, സന്തോഷമുള്ള കുടുംബങ്ങൾ ഒരുപോലെയാണ്; പക്ഷേ, അസന്തുഷ്ടമായ വീടുകൾ ഓരോന്നിനും ഓരോ അവസ്ഥകളുണ്ട് എന്നാണ്. മറ്റുള്ളവരുടെ കുടുംബങ്ങളിൽ കണ്ട പ്രശ്നങ്ങളല്ല, പ്രശ്നപരിഹാരത്തിന് ആയിരത്തൊന്നു നിർദേശങ്ങൾ വാരിവിതറിക്കൊണ്ടിരുന്ന ധ്യാനദമ്പതികൾ ഒടുവിൽ സ്വന്തം വീട്ടിൽ കണ്ടത്. അതുമാത്രം പരിഹരിക്കാൻ ഒമ്പതു മാസം തനിച്ചു ജീവിച്ചിട്ടും ചർച്ചകൾ നടത്തിയിട്ടുമൊന്നും അവർക്കു കഴിയാതെ പോയി. ഏതാണ്ട് നമ്മുടെ എല്ലാ വീടുകളിലെയും അവസ്ഥ ഇതാണ്. ചർച്ച അയലത്തെ വീട്ടിലെ പ്രശ്നങ്ങളാണ്. അവരുടെ വഴക്കുകൾ, അവരുടെ നഷ്ടപ്പെട്ട ജോലി, മക്കൾക്കു കിട്ടാത്ത ജോലി, നടക്കാത്ത കല്യാണം, പരീക്ഷാതോൽവികൾ... പക്ഷേ, നമ്മുടെ വീടിന്റെ ഒരവസ്ഥയുണ്ട്. മറ്റെങ്ങുമില്ലത്തത്. അത് ഒരിക്കൽ നമ്മളെ തേടിവരും.


വർത്തമാനങ്ങളിൽ അസാധാരണ മികവു കാണിക്കുന്നവരൊക്കെ പ്രവൃത്തിയിൽ പച്ചമനുഷ്യരാണെന്നു സമ്മതിച്ചാൽ പ്രശ്നം പരിഹരിക്കാൻ എളുപ്പമാണ്. മറ്റുള്ളവരുടെ കുടുംബങ്ങളിലേക്കു നോക്കാൻ തുറന്നിട്ടിരിക്കുന്ന വാതിലിലൂടെ ഇരച്ചുകയറുന്ന കാറ്റ് സ്വന്തം കുടുംബജ്യോതികൾ കെടുത്തരുത്. ○

നിസാര കാര്യങ്ങൾക്കു പോലും ഗുരുതരമായ പ്രതികരണങ്ങൾ നടത്തുന്നവർ ആ നേരത്ത് കണ്ണാടിയിൽ നോക്കിയാൽ കാണാം, തന്റെ ഛായയിലും സാദൃശ്യത്തിലും താൻ തന്നെ സൃഷ്ടിച്ച പിശാചിനെ.





**കർദിനാൾ ജോർജ് ജേക്കബ് കൂവക്കാട്**
*(മതാന്തരസംവാദങ്ങൾക്കുള്ള
തിരുസംഘത്തിന്റെ പ്രീഫെക്ട്)*



# പ്രത്യാശയുടെ നക്ഷത്രത്തിളക്കം

**പ്രത്യാശയോടെ തന്നെ കാത്തിരിക്കുന്നവർക്ക് ദൈവം ഉത്തരം നല്കും എന്ന ഉറപ്പാണ് ഈശോയുടെ ജനനം.**

ബേത്‌ലഹേമിൽ ആടുമേയിച്ചിരുന്ന ഇടയന്മാരോട് ദൂതൻ പറഞ്ഞു: 'ഭയപ്പെടേണ്ടാ. ഇതാ, സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു. ഇതായിരിക്കും നിങ്ങൾക്കുള്ള അടയാളം: പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ്, പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും' (ലൂക്കാ 2:10-12). ആട്ടിടയന്മാർക്കു മാത്രമല്ല, ലോകത്തിനു മുഴുവനും സന്തോഷം പകർന്ന സുവിശേഷമായിരുന്നു ഈ വാക്കുകൾ.

**ആട്ടിടയന്മാർക്കും ജ്ഞാനികൾക്കും ഇസ്രായേൽ ജനത്തിനും പ്രത്യാശ പകർന്ന കർത്താവിന്റെ ജനനം രണ്ടു സഹസ്രാബ്ദങ്ങൾക്കു ശേഷവും നമ്മുടെ ജീവിതത്തിലും കുടുംബങ്ങളിലും പ്രത്യാശ പകരുന്നു.**

പാപത്തിന്റെ അടിമത്തത്തിൽനിന്നും മനുഷ്യനെ രക്ഷയുടെ പറുദീസയിലേക്കു നയിക്കാൻ ദൈവപുത്രൻ മനുഷ്യനായതിന്റെ ഓർമയാണ് ക്രിസ്തുമസ്. ദൈവം മനുഷ്യനായതിന്റെ 2025 വർഷങ്ങൾ പൂർത്തിയായ ഈ വർഷം സാർവത്രികസഭ ജൂബിലിവർഷമായി ആചരിച്ചു. പ്രത്യാശയുടെ തീർഥാടകർ എന്ന ധ്യാനവിചാരങ്ങളോടെയാണ് ഈ വർഷം നമ്മൾ ആചരിച്ചത്. ആട്ടിടയന്മാർക്കും ജ്ഞാനികൾക്കും ഇസ്രായേൽ ജനത്തിനും പ്രത്യാശ പകർന്ന കർത്താവിന്റെ ജനനം രണ്ടു സഹസ്രാബ്ദങ്ങൾക്കു ശേഷവും നമ്മുടെ ജീവിതത്തിലും കുടുംബങ്ങളിലും പ്രത്യാശ പകരുന്നു; പ്രത്യാശയോടെ ജീവിക്കാൻ നമ്മെ സഹായിക്കുന്നു.

**നൂറ്റാണ്ടുകളുടെ കാത്തിരിപ്പിനു ലഭിച്ച ഉത്തരം**

മനുഷ്യന്റെ ചരിത്രം ആരംഭിക്കുന്നത് ആദിമാതാപിതാക്കളോടെയാണ്. അവരിലൂടെ തന്നെയാണ് മനുഷ്യന്റെ പാപത്തിന്റെയും മരണത്തിന്റെയും ചരിത്രം തുടങ്ങുന്നതും. ആദ്യപാപം പറുദീസാനഷ്ടത്തിനു കാരണമായി. എന്നാൽ പറുദീസായിൽനിന്നു പുറത്താക്കപ്പെടുന്ന അതേ സമയത്തുതന്നെ പിതാവായ ദൈവം കനിവോടെ ഒരു രക്ഷകനെ വാഗ്ദാനം ചെയ്യുന്നുണ്ട്: 'നീയും സ്ത്രീയും തമ്മിലും, നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാലിൽ പരിക്കേല്പിക്കും' (ഉല്പ. 3:15). അന്നുമുതലേ മനുഷ്യന്റെ ജീവിതം രക്ഷകന്റെ വരവിനായുള്ള കാത്തിരിപ്പായിരുന്നു. സഭാപിതാവായ വി. ജോൺ ക്രിസോസ്റ്റം പറയുന്നു: 'അബ്രാഹം മുതൽ എല്ലാ പ്രവാചകന്മാരും കർത്താവിന്റെ ദിനത്തിനായി കാത്തിരുന്നു. അവരത് വിദൂരതയിൽനിന്നു കണ്ട് സന്തോഷിച്ചു. ആ സന്തോഷത്തിന്റെ പൂർണത നമുക്കായി ഒരുക്കിയിരിക്കുന്നു.' പൂർവപിതാക്കന്മാരായ അബ്രാഹവും ഇസഹാക്കും യാക്കോബും, വാഗ്ദാനത്തിന്റെ പൂർത്തീകരണത്തിനായി ക്ഷമയോടെ കാത്തിരുന്നു. ഇസ്രായേൽജനമാകട്ടെ, രക്ഷകനായ മിശിഹായെ നൂറ്റാണ്ടുകളോളം കാത്തിരുന്നു. അബ്രാഹം മുതൽ ഈശോ വരെ ഏകദേശം 2000 വർഷങ്ങളുടെ ചരിത്രമാണുള്ളത്. അങ്ങനെ നോക്കുമ്പോൾ, രക്ഷകനു വേണ്ടിയുള്ള ഇസ്രായേൽ ജനത്തിന്റെ കാത്തിരിപ്പിന് രണ്ടു സഹസ്രാബ്ദങ്ങളുടെ ദൈർഘ്യമുണ്ടെന്നു തിരിച്ചറിയാം.

പൂർവപിതാക്കന്മാരും പ്രവാചകരും രാജാക്കന്മാരും യഹൂദരും ഒരർഥത്തിൽ സൃഷ്ടപ്രപഞ്ചം മുഴുവനും സ്രഷ്ടാവ്





**ക്രിസ്തുമസിൽ പുതിയ വസ്ത്രങ്ങളും കേക്കും നക്ഷത്രവും മാത്രമല്ല, പ്രത്യാശ പകരുന്ന വാക്കുകളും പ്രവൃത്തികളും പരസ്പരം പങ്കിടാൻ നമുക്കാവണം.**

രക്ഷകനായി കടന്നു വരുന്നത് കാത്തിരുന്നു. പഴയനിയമം മുഴുവൻ ഈ കാത്തിരിപ്പിന്റെ കഥയാണ്. 'ഇതാ, ഞാൻ ദാവീദിന്റെ വംശത്തിൽ നീതിയുടെ ശാഖ മുളപ്പിക്കുന്ന ദിവസം വരുന്നു; കർത്താവ് അരുളിച്ചെയ്യുന്നു. അവൻ രാജാവായി വാഴുകയും ബുദ്ധിപൂർവം ഭരിക്കുകയും ചെയ്യും. നാട്ടിൽ നീതിയും ന്യായവും അവൻ നടപ്പാക്കും' (ജെറ. 23:5). ഈ ദൈവികവാഗ്ദാനത്തിന്റെ പ്രതീക്ഷയോടെയുള്ള കാത്തിരിപ്പാണ് പഴയനിയമം.

**ഈശോയുടെ ജനനം പ്രത്യാശയുടെ പുലരി**

സഭാപിതാവായ വി. അഗസ്തീനോസ് പറയുന്നു: 'പൗരാണികകാലത്തെ മനുഷ്യന്റെ ജീവിതം മുഴുവനും രക്ഷകന്റെ വരവിനായുള്ള നീണ്ട കാത്തിരിപ്പായിരുന്നു. അടയാളങ്ങളാലും പ്രവചനങ്ങളാലും അവർ മിശിഹായുടെ ആഗമനം കാത്തിരുന്നു.' ഈശോയുടെ ജനനം ദൈവം മനുഷ്യനു നല്കിയ ഒരു മറുപടിയാണ്. പ്രത്യാശയോടെ തന്നെ കാത്തിരിക്കുന്നവർക്ക് ദൈവം ഉത്തരം നല്കാതെ പോകില്ല എന്ന മറുപടി. അതിനാൽ ഉണ്ണിയായ ഈശോയെ കണ്ടവരെല്ലാം സന്തോഷഭരിതരായി. ഈശോയെ ഉദരത്തിൽ വഹിച്ച മാതാവിനെ കണ്ടപ്പോൾ എലിസബത്ത് പറഞ്ഞു: 'നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിന്റെ ഉദരഫലവും അനുഗൃഹീതം. എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തു വരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന്? ഇതാ, നിന്റെ അഭിവാദനസ്വരം എന്റെ ചെവികളിൽ പതിച്ചപ്പോൾ ശിശു എന്റെ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചുചാടി. കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി' (ലൂക്കാ 1:42-45). ദേവാലയത്തിൽ ചെന്നപ്പോൾ പ്രവാചകനായ ശിമയോൻ പറഞ്ഞു: 'കർത്താവേ, അവിടുത്തെ വാഗ്ദാനമനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമേ! എന്തെന്നാൽ, സകല ജനതകൾക്കും

വേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു. അത് വിജാതീയർക്കു വെളിപാടിന്റെ പ്രകാശവും അവിടുത്തെ ജനമായ ഇസ്രായേലിന്റെ മഹിമയും ആണ്' (ലൂക്കാ 2:29-32). ഈശോ ജനിച്ചതോടെ മനുഷ്യന്റെ പ്രത്യാശയോടെയുള്ള കാത്തിരിപ്പിന് ഉത്തരമായി. പാപത്തെയും മരണത്തെയും ജയിക്കാൻ മനുഷ്യന് പ്രത്യാശയുടെ പുതുവാതിൽ തുറന്നു കിട്ടിയത് ദൈവപുത്രന്റെ മനുഷ്യാവതാരത്തോടെയാണെന്നു ചുരുക്കം.

### പ്രത്യാശയിൽ രക്ഷ

പ്രത്യാശയിലൂടെയാണ് നാം രക്ഷ നേടുന്നത് എന്നു വി. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നുണ്ട്. പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ പാപ്പാ ഈ ശീർഷകത്തിൽ ഒരു ചാക്രികലേഖനം രചിക്കുകയുണ്ടായി. വി. പൗലോസ് ശ്ലീഹാ റോമാക്കാരോടു പറയുന്നു: 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം, നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു' (റോമാ 5:5). നാം പലപ്പോഴും ജീവിതത്തിൽ നിരാശരാകാറുണ്ട്. പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ജീവിതത്തെ ദുരിതപൂർണമാക്കുമ്പോൾ നാം ചിലപ്പോൾ തകർന്നുപോകാറുമുണ്ട്. വേദനകളും രോഗങ്ങളും പരാജയങ്ങളും മാത്രമല്ല, പ്രാർഥനകൾക്ക് നമ്മൾ ആഗ്രഹിക്കുന്ന സമയത്ത് ഉത്തരം ലഭിക്കുന്നില്ലെങ്കിൽ അതും നമ്മെ ചിലപ്പോൾ നിരാശരാക്കാം. എന്നാൽ ക്രിസ്തുമസ് നമുക്കു നല്കുന്നത് പ്രത്യാശയുടെ സന്തോഷമാണ്. എല്ലാ കാത്തിരിപ്പുകൾക്കും ഒരവസാനമുണ്ടെന്നും, ദൈവം നമ്മുടെ പ്രാർഥനകൾക്ക് ഉത്തരം നല്കുമെന്നുമുള്ള പ്രത്യാശ. കർത്താവിനെ തേടുന്നവർക്ക് അവൻ സമീപസ്ഥനാണെന്നും, അവൻ നമ്മോടൊപ്പം സദാ കഴിയുന്നുണ്ടെന്നുമുള്ള സമാധാനം. പ്രത്യാശ നിറഞ്ഞ ജീവിതം, തളരാതെ മുന്നോട്ടുപോകാൻ നമ്മെ സഹായിക്കും. ഏശയ്യാ പ്രവാചകൻ പറയുന്നു: 'എന്നാൽ, ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും; അവർ കഴുകൻമാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല' (ഏശ. 40:31).




**പ്രത്യാശ നമ്മുടെ ജീവിതത്തിൽ കടന്നുവരുമ്പോൾ നമ്മുടെ വേദനകൾക്ക് അറുതിയാകും. നമ്മുടെ കുടുംബങ്ങൾ പ്രഭാപൂരിതമാകും.**

ലിയോണിലെ വിശുദ്ധ ഇരണേവൂസ് പറയുന്നു: 'ആത്മാവിന്റെ കണ്ണുകൾ പ്രത്യാശയിൽ തുറക്കപ്പെടുന്നില്ലെങ്കിൽ വിശ്വാസത്തിനു നിലനില്ക്കാനാവില്ല. നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം, മിശിഹാ നമുക്കുവേണ്ടി ഈ ഭൂമിയിൽ ജാതനാകുകയും, നമ്മുടെ രക്ഷയ്ക്കായി പെസഹാരഹസ്യങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു എന്നതിലാണ്.'

ക്രിസ്തുമസ് സന്തോഷത്തിന്റെ തിരുനാളാണ്. നമ്മുടെ സങ്കടങ്ങൾ മറക്കാനും, ദൈവം നമുക്കായി ഭൂമിയിൽ വന്നതിന്റെ സന്തോഷത്തിൽ നിറയാനുമുള്ള ദിവസം. മിശിഹാ നമുക്കായി ബേത്‌ലഹേമിൽ ജാതനായതിനാൽ ഇനിമേൽ സങ്കടങ്ങൾക്കും നിരാശയ്ക്കും നമ്മുടെ ജീവിതത്തിൽ സ്ഥാനമില്ല. കദനക്കടലിൽ ഉരുകിത്തീരാനുള്ളതല്ല നമ്മുടെ ജീവിതം. നമുക്കായി പിറന്ന ദൈവപുത്രനെ കൺകുളിർക്കെ കാണാനും, അവനിൽ നമ്മുടെ പ്രത്യാശ കണ്ടെത്താനും, അവൻ നല്കുന്ന സന്തോ



**പാപത്തെയും മരണത്തെയും ജയിക്കാൻ മനുഷ്യന് പ്രത്യാശയുടെ പുതുവാതിൽ തുറന്നു കിട്ടിയത് ദൈവപുത്രന്റെ മനുഷ്യാവതാരത്തോടെയാണ്.**

ഷത്തിൽ ജീവിക്കാനുമാണ് ക്രിസ്തുമസ് നമ്മെ ക്ഷണിക്കുന്നത്. പ്രത്യാശ നമ്മുടെ ജീവിതത്തിൽ കടന്നുവരുമ്പോൾ നമ്മുടെ വേദനകൾക്ക് അറുതിയാകും. നമ്മുടെ കുടുംബങ്ങൾ പ്രഭാപൂരിതമാകും.

ക്രിസ്തുമസ് സമ്മാനങ്ങൾ കൈമാറുന്ന ഒരു കാലം കൂടിയാണ്. ദൈവം മനുഷ്യനു നല്കിയ ഏറ്റവും വലിയ സമ്മാനമാണ് അവിടുത്തെ തിരുക്കുമാരൻ. ക്രിസ്തുമസ് കാലത്ത് നാം സമ്മാനങ്ങൾ കൈമാറുമ്പോൾ ഓർക്കേണ്ട ഒരു കാര്യം ഇതാണ്: സ്നേഹത്തോടെയുള്ള ഒരു വാക്കിനും പ്രോത്സാഹനത്തിനും അഭിനന്ദനത്തിനുമൊക്കെ വലിയ വിലയുണ്ട്. പുതിയ വസ്ത്രങ്ങളും കേക്കും നക്ഷത്രവും മാത്രമല്ല, പ്രത്യാശ പകരുന്ന വാക്കുകളും പ്രവൃത്തികളും പരസ്പരം പങ്കിടാൻ നമുക്കാവണം. ദമ്പതികൾക്കിടയിലും കുടുംബങ്ങൾക്കുള്ളിലും ഇടവകയിലും പൊതുസമൂഹത്തിലും പ്രത്യാശയുടെ അരൂപി പടർത്താനാവുമെങ്കിൽ ലോകം കൃപയുടെ നിറവിലേയ്ക്കു വളരും. ജൂബിലി വർഷാരംഭത്തിൽ ഫ്രാൻസിസ് മാർപാപ്പാ പുറത്തിറക്കിയ 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന തിരുവെഴുത്തിൽ, പ്രായമായവർക്കും രോഗികൾക്കും പ്രവാസികൾക്കും നാം പ്രത്യാശ പകരേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പറയുന്നുണ്ട്. ഈ ക്രിസ്തുമസ് കാലം നമുക്കു ചുറ്റുമുള്ളവർക്ക് സന്തോഷവും പ്രത്യാശയും പകരാൻ പരിശ്രമിക്കാം. അവർക്കു നല്കാൻ നമുക്കു സാധിക്കുന്ന ഏറ്റവും വലിയ ക്രിസ്തുമസ് സമ്മാനം അതായിരിക്കും. ഈ ക്രിസ്തുമസ് കാലഘട്ടത്തിൽ നാമെല്ലാവരിലും പ്രത്യാശ നിറയാൻ പ്രാർഥിക്കാം. ○


ഡോ. ജയിംസ് ചവറപ്പുഴ

merry Christmas

# സുവാറ യെൽദാക്കാലം

**നമ്മോടുകൂടെ വസിക്കാൻ ദൈവം ദാസന്റെ രൂപം സ്വീകരിച്ച് ഇറങ്ങിവന്ന ദൈവരഹസ്യമാണ് മംഗളവാർത്തക്കാലത്തിലെ മുഖ്യ ധ്യാനവിഷയം.**

പൗരസ്ത്യ സുറിയാനി പാരമ്പര്യമനുസരിച്ച് ആരാധനക്രമവത്സരത്തിലെ ആദ്യ കാലമാണ് മംഗളവാർത്ത-പിറവിക്കാലം (സുവാറ-യെൽദാക്കാലം). പാശ്ചാത്യപാരമ്പര്യത്തിൽ ആഗമനകാലം എന്ന് ഇതറിയപ്പെടുന്നു. ആഗമനകാലം എന്ന പേര് ലത്തീൻ ക്രമത്തിലെ Tempus Adventus എന്നതിന്റെ പരിഭാഷയാണ്. കർത്താവിന്റെ വരവിന് ഒരുങ്ങുന്ന സമയമെന്നാണ് ഇതിനർഥം. ലത്തീൻ സഭയിൽ പിറവിതിരുനാളിനു മുമ്പുള്ള നാല് ആഴ്ചകൾ കർത്താവിന്റെ ജനനത്തെ മാത്രമല്ല, ഇനി സംഭവിക്കാനിരിക്കുന്ന രണ്ടാമത്തെ ആഗമനത്തെയും ഓർക്കുന്ന കാലമായി വ്യാഖ്യാനിക്കപ്പെടുന്നു. അതുകൊണ്ട് ലത്തീൻ സഭയുടെ ആരാധനക്രമ പാരമ്പര്യത്തിൽ ആഗമനകാലം എന്നത് ഉചിതമായ പ്രയോഗമാണ്. എങ്കിലും മാർതോമാ നസ്രാണി സഭാപാരമ്പര്യത്തിൽ മംഗളവാർത്തക്കാലം (സുവാറ-യെൽദാക്കാലം)





Merry Christmas

**മിശിഹാ രണ്ടാം ആദം എന്നു വിളിക്കപ്പെടുന്നു. അതുപോലെ മറിയം രണ്ടാം ഹവ്വാ എന്നും.**

എന്നുതന്നെ ഈ കാലം അറിയപ്പെടണം.

സുവാറ എന്ന സുറിയാനി പദത്തിന്റെ അർഥം അറിയിപ്പ് എന്നാണ്. അറിയിപ്പുകളുടെ കാലമാണ് ഈ കാലം. സക്കറിയയ്ക്കും മറിയത്തിനും യൗസേപ്പിനും ആട്ടിടയന്മാർക്കും പൂജരാജാക്കന്മാർക്കുമൊക്കെ മാലാഖമാരിൽനിന്ന് അറിയിപ്പുകൾ ലഭിക്കുന്നു. ഈ അറിയിപ്പുകളൊക്കെ മനുഷ്യവംശത്തിന് മംഗളകരമായി തീർന്നതിനാൽ മംഗളവാർത്തക്കാലം എന്നത് അനുയോജ്യമായ പേരാണ്.

യെൽദാ എന്ന സുറിയാനി പദത്തിനർഥം പിറവി എന്നാണ്. രക്ഷകന്റെ പിറവിയെക്കുറിച്ചുള്ള അറിയിപ്പുകളാണ് ഈ കാലത്തിലെ വേദവായനകളിൽ പ്രധാനമായും കാണുന്നത്.

പിറവിതിരുനാളിനു മുമ്പ് നാല് ആഴ്ചകളും, പിറവിതിരുനാളിനുശേഷം ദനഹാതിരുനാളിനു മുമ്പ് ഒന്ന് അല്ലെങ്കിൽ രണ്ട് ആഴ്ചകൾ വീതവും എന്ന രീതിയിൽ ഈ കാലം ക്രമീകരിക്കപ്പെട്ടിരിക്കുന്നു.

പിറവിതിരുനാളിന് ഒരുക്കമായി 25 നോമ്പ് എന്ന പേരിൽ ഡിസംബർ മാസം ഒന്നു മുതൽ 24 വരെ നോമ്പാചരിക്കുക നസ്രാണികളുടെ പഴയ പാരമ്പര്യമാണ്. 24 ദിവസം മാത്രമേ നോമ്പാചരണമുള്ളൂ. 25 നോമ്പ് എന്ന പേരു വരാൻ കാരണം, നോമ്പ് നവംബർ 30ന് സന്ധ്യയോടെ തുടങ്ങുന്നു എന്നതാണ്.

ഈ കാലത്തിലെ വേദപുസ്തക വായനകളിൽ മനുഷ്യാവതാര രഹസ്യങ്ങളെ സമ്യക്കായി അവതരിപ്പിച്ചിരിക്കുന്നതു കാണാം. ദൈവത്തിന്റെ ഉടമ്പടിയുടെ പൂർത്തീകരണമാണ് മിശിഹായുടെ മനുഷ്യാവതാരരഹസ്യത്തിൽ കാണുന്നത്. രക്ഷകന്റെ വരവിനെക്കുറിച്ചുള്ള അറിയിപ്പും രക്ഷകനായുള്ള കാത്തിരിപ്പും ക്രമത്തോടെ അവതരിപ്പിച്ചിരിക്കുന്നു. സക്കറിയയോടും മറിയത്തോടും യൗസേപ്പിനോടുമുള്ള അറിയിപ്പും, യോഹന്നാന്റെയും ഈശോയുടെയും ജനനവും പ്രധാന ധ്യാനവിഷയങ്ങളാണ്. കൂടാതെ രാജാക്കന്മാരുടെ സന്ദർശനം, ഈജിപ്തിലേക്കുള്ള പലായനം, മിശിഹായെ ദേവാലയത്തിൽ സമർപ്പിക്കുന്നത് തുടങ്ങിയ ദിവ്യരഹസ്യങ്ങളും ധ്യാനവിഷയമാകുന്നു.

ഈ കാലത്തിലെ പ്രാർഥനകളിലും ഗീതങ്ങളിലും മനുഷ്യാവതാരരഹസ്യ



സക്കറിയയോടും മറിയത്തോടും യൗസേപ്പിനോടുമുള്ള അറിയിപ്പും,
യോഹന്നാന്റെയും ഈശോയുടെയും ജനനവുമാണ്
സുവാറ-യെൽദാക്കാലത്തെ ധ്യാനവിഷയങ്ങൾ.

ങ്ങളെ ആഴത്തിൽ ധ്യാനവിഷയമാക്കുന്നുണ്ട്. മനുഷ്യാവതാരത്തെയും, അതു പ്രാവർത്തികമാകുന്നതിനായി ദൈവം തെരഞ്ഞെടുത്ത കന്യകാമറിയത്തെയും പ്രകീർത്തിക്കുന്ന അർഥനിർഭരമായ ഗീതങ്ങൾ നിരവധിയാണ്. രക്ഷകന്റെ ജനനം പ്രവചനങ്ങളുടെ നിറവേറലായിരുന്നു എന്നു പ്രഖ്യാപിക്കുന്ന ഗീതങ്ങളും ധാരാളം. പ്രവചനങ്ങളുടെ പൂർത്തീകരണമെന്നോണം വെളിച്ചം അഥവാ മിശിഹാ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടു.

പരിശുദ്ധ കന്യകാമറിയത്തെ വീണ്ടും വീണ്ടും ഓർമിക്കുന്നത് സുവാറ-യെൽദാക്കാലത്തിന്റെ പ്രത്യേകതയാണ്. ദൈവപുത്രന്റെ വാസസ്ഥലമായിത്തീർന്ന അമ്മയ്ക്ക്, കൊട്ടാരം എന്ന വിശേഷണം നല്കുന്നതായി കാണാം.

പിറവിതിരുനാൾ കഴിഞ്ഞുള്ള വെള്ളി, മറിയത്തെ അനുമോദിക്കാനുള്ള തിരുനാൾ എന്ന നിലയിൽ പ്രസിദ്ധമാണ്. മിശിഹാ രണ്ടാം ആദം എന്നു വിളിക്കപ്പെടുന്നു. അതുപോലെ മറിയം രണ്ടാം ഹവ്വാ എന്നും.

സ്വന്തമായി യാതൊരു യോഗ്യതയുമില്ലാത്ത മനുഷ്യന് സമാധാനത്തിന്റെയും പ്രതീക്ഷയുടെയും രക്ഷയുടെയും ദൗത്യം നല്കിയ ദൈവത്തിന്റെ പ്രത്യേക കരുണ സഭ അനുസ്മരിക്കുന്ന കാലമാണ് സുവാറ-യെൽദാക്കാലം. പിറവിതിരുനാൾവരെയുള്ള ദിവസങ്ങൾ കർത്താവിന്റെ ജനനത്തിനു മുമ്പു നടന്ന രക്ഷാരഹസ്യങ്ങളെപ്പറ്റി ധ്യാനിക്കാനുള്ള അവസരമാണ്. കർത്താവിന്റെ ജനനംവരെയുള്ള കാര്യങ്ങൾ മാത്രമല്ല ഈ കാലത്ത് അനുസ്മരിക്കുന്നത്. തിരുപ്പിറവിക്കുശേഷം ദനഹാവരെയുള്ള ചുരുങ്ങിയ കാലയളവിൽ കർത്താവിന്റെ രഹസ്യജീവിതം മുഴുവൻ സഭയുടെ ധ്യാനവിഷയമാകുന്നു. 30 വർഷത്തോളം നീണ്ടുനിന്ന ആ അജ്ഞാതവാസത്തിന്റെ ഓർമ മുഴുവനും ഏതാനും ദിവസങ്ങൾക്കുള്ളിൽ ഒതുക്കി ധ്യാനിക്കുന്നു. അതായത് അമ്മാനു ഏൽ ആണ് സുവാറ-യെൽദാക്കാലത്തിന്റെ കേന്ദ്രബിന്ദു. അതായത്, നമ്മോടുകൂടെ വസിക്കാൻ ദൈവം ദാസന്റെ രൂപം സ്വീകരിച്ച് ഇറങ്ങിവന്ന ദൈവരഹസ്യമാണ് ഈ കാലത്തിലെ മുഖ്യ ധ്യാനവിഷയം.

○

ജിജി തോംസൺ ഐഎഎസ്

# അനുരഞ്ജനം

**ക്ഷമ സത്യത്തെ മായ്ച്ചുകളയുന്നതല്ല,
വീണ്ടും ഒരുമിച്ചുജീവിക്കാൻ വഴിയൊരുക്കുന്നതാണ്.**

അനുരഞ്ജനമില്ലാത്ത സമൂഹം സമാധാനമില്ലാത്ത സമൂഹമാണ്. ക്ഷമ സത്യത്തെ മായ്ച്ചുകളയുന്നതല്ല, വീണ്ടും ഒരുമിച്ചുജീവിക്കാൻ വഴിയൊരുക്കുന്നതാണ്. ക്ഷമയുടെ ക്ലാസിക് ഉദാഹരണമാണ് ഏബ്രഹാം ലിങ്കൺ. അമേരിക്കൻ ആഭ്യന്തരയുദ്ധകാലത്ത് പ്രസിഡന്റായിരുന്ന ഏബ്രഹാം ലിങ്കൺ, തന്റെ രണ്ടാം സ്ഥാനാരോഹണത്തിൽ പറഞ്ഞ വാക്കുകൾ ഇപ്രകാരമായിരുന്നു: With malice towards none, with charity for all. ആരോടും വിരോധമില്ലാതെ, എല്ലാവരോടും കരുണയോടെ എന്ന അദേഹത്തിന്റെ വാക്കുകൾ നാം ഹൃദയത്തിൽ കുറിച്ചിടണം.



തന്നെ കൊല്ലാൻ വെടിയുണ്ടയുതിർത്ത അലി അഗ്കയെ ജോൺ പോൾ രണ്ടാമൻ പാപ്പാ ജയിലിൽ ചെന്നുകണ്ട് മാപ്പുനല്കിയപ്പോൾ, വിശ്വാസത്തിൽനിന്ന് ജനിക്കുന്ന അനുരഞ്ജനത്തിന്റെ കരുത്ത് ലോകം തിരിച്ചറിയുകയായിരുന്നു.

കാർഗിൽ യുദ്ധം നടന്നപ്പോൾ അടൽ ബിഹാരി വാജ്‌പേയി ആയിരുന്നു ഇന്ത്യയുടെ പ്രധാനമന്ത്രി. യുദ്ധം കഴിഞ്ഞപ്പോൾ വാജ്‌പേയി പാകിസ്ഥാനോട് സൗഹൃദം പുലർത്താൻ ശ്രമിച്ചു. ഏഷ്യയിൽ സമാധാനം ഉണ്ടാകാൻ ഏറ്റവും എളുപ്പവും അനിവാര്യവുമായ മാർഗം അനുരഞ്ജനമാണെന്നായിരുന്നു അദേഹം അന്നു പറഞ്ഞത്. അതിൽനിന്ന് നാം മനസിലാക്കുന്ന പാഠം ഇതാണ്: അനുരഞ്ജനം ഇല്ലാത്ത രാഷ്ട്രീയം പ്രതികാരത്തിന്റെ രാഷ്ട്രീയമാണ്. വിഭജനങ്ങളെ ചൂഷണം ചെയ്യുന്നതല്ല, മറിച്ച് അതിനെ ഇല്ലായ്മ ചെയ്യുന്നതാണ് വിജയത്തിന്റെ മന്ത്രം.

മനുഷ്യരെ ദൈവത്തോടു ചേർക്കാൻ ഉപയുക്തമായ മതം പലപ്പോഴും മനുഷ്യനെ മനുഷ്യനിൽ നിന്നു തന്നെ വേർതിരിക്കുന്നു. ചരിത്രത്തിലെ ഏറ്റവും രക്തപങ്കിലമായ യുദ്ധങ്ങൾ നടന്നത് മതത്തിന്റെ പേരിലാണ്. പക്ഷേ മതം തന്നെയാണ് അനുരഞ്ജനത്തിനുള്ള ആഴമേറിയ ഉറവിടവും. വിശുദ്ധ ഫ്രാൻസിസ് അസീസിയെ ഓർമിക്കുക. 13-ാം നൂറ്റാണ്ടിൽ കുരിശുയുദ്ധങ്ങളുടെ കാലത്ത് ഫ്രാൻസിസ് അസീസി ഈജിപ്തിലെ സുൽത്താനെ കാണാൻപോയി. വിനയത്തോടും വെറും കൈയോടെയുമാണ് സുൽത്താന്റെ അരികിലെത്തിയത്. പക്ഷേ അതിശയമെന്നു പറയട്ടെ, സുൽത്താൻ അദേഹത്തെ ആദരവോടെ സ്വീകരിച്ചു. മതയുദ്ധങ്ങളുടെ കാലത്ത് വലിയൊരു വിളക്കായി ആ നിമിഷം മാറി.


യുദ്ധംചെയ്ത് എല്ലാം കീഴടക്കിക്കഴിഞ്ഞപ്പോൾ അശോകചക്രവർത്തിക്കു മനസിലായി, ഇതുകൊണ്ടൊന്നും സമാധാനം ഉണ്ടാവില്ല. ഹൃദയങ്ങളെ കീഴടക്കിയാൽ മാത്രമേ സമാധാനം ഉണ്ടാവുകയുള്ളു. അനുരഞ്ജനത്തിലൂടെ സമാധാനം ഉണ്ടാകാൻ വേണ്ടി അദേഹം ബുദ്ധമതം സ്വീകരിച്ചു. സമാധാനത്തിനും അനുരഞ്ജനത്തിനും വേണ്ടി അദേഹം ഏഷ്യയിലുടനീളം ദൂതന്മാരെ അയച്ചു. കരുണ, സഹിഷ്ണുത, അനുരഞ്ജനം എന്നീ മൂല്യങ്ങൾ പ്രചരിപ്പിക്കുകയായിരുന്നു ലക്ഷ്യം. ശിലാസനങ്ങളിൽ അതെല്ലാം കൊത്തിവെക്കുകയും ചെയ്തു.

1981ൽ അലി അഗ്ക ജോൺപോൾ രണ്ടാമൻ പാപ്പായെ വെടിവെച്ചു കൊല്ലാൻ ശ്രമിച്ചു. അദ്ഭുതകരമായി മരണത്തിൽ നിന്ന് രക്ഷപ്പെട്ട ജോൺ പോൾ രണ്ടാമൻ പാപ്പാ, പിന്നീട് അലി അഗ്കയെ ജയിലിൽ ചെന്നുകണ്ട് മാപ്പുനല്കി. വിശ്വാസത്തിൽ നിന്നു ജനിക്കുന്ന അനുരഞ്ജനത്തിന്റെ കരുത്ത് എന്താണ് എന്ന് അന്നു ലോകം തിരിച്ചറിഞ്ഞു. അനുരഞ്ജനമില്ലാത്ത മതം തീവ്രവാദമാകും. അത് മതഭ്രാന്താകും. അനുരഞ്ജനം കൊടിയടയാളമാകുമ്പോൾ മതം ദൈവസ്നേഹത്തിന്റെ ഉറവിടവും ഉച്ചിയുമാകും. അനുരഞ്ജനമില്ലെങ്കിൽ വിദ്വേഷം പെരുകും. രാഷ്ട്രീയം വിഷമയമാകും. സമൂഹം യുദ്ധഭൂമിയാകും. അനുരഞ്ജനം ദൗർബല്യമല്ല. സ്വന്തം തെറ്റു സമ്മതിക്കാൻ വിനയം വേണം.



**അനുരഞ്ജനത്തിലാണ്
സമൂഹത്തിന്റെ ഭാവി.
അനുരഞ്ജനത്തിലാണ്
രാഷ്ട്രീയത്തിന്റെ ആരോഗ്യം.
അനുരഞ്ജനത്തിലാണ്
മതത്തിന്റെ ആത്മാവ്.**

1999 ജനുവരി 22ന് ഒഡീഷയിൽ നടന്ന അതിക്രൂരമായ കൊലപാതകം നമ്മിൽ പലരുടെയും ഓർമയിലുണ്ടാകും. അന്നാണ് ഗ്രഹാം സ്റ്റെയിൻ എന്ന ഓസ്ട്രേലിയൻ മിഷനറിയെയും രണ്ടു മക്കളെയും ജീപ്പിൽ ബന്ധിച്ചിട്ട ശേഷം മതതീവ്രവാദികൾ തീ




**സുവിശേഷം മുഴുവൻ വായിച്ചതിനു ശേഷം, എന്താണ് സുവിശേഷത്തിന്റെ ആത്മാവ് എന്നു നോക്കിയാൽ ഒരു സംശയവും കൂടാതെ പറയാം; സുവിശേഷം അനുരഞ്ജനമാണ്.**

കൊളുത്തി കൊന്നത്. ഞാൻ ആ സമയത്ത് ഡൽഹിയിൽ ജോലി ചെയ്യുകയാണ്. വൈഎംസിഎയുടെ ആ വർഷത്തെ പരിപാടിയിൽ ഞങ്ങൾ പ്രധാന അതിഥിയായി കൊണ്ടുവന്നത് ഗ്രഹാം സ്റ്റെയിനിന്റെ ഭാര്യ ഗ്ലാഡിസ് സ്റ്റെയിനെയായിരുന്നു. ഹാൾ തിങ്ങിനിറഞ്ഞു കവിഞ്ഞു. ആ ദിവസം ഗ്ലാഡിസ് ലോകത്തോടു വിളിച്ചുപറഞ്ഞു: എന്റെ ഭർത്താവിനെയും മക്കളെയും കൊന്നവരോട് ഞാൻ ക്ഷമിച്ചിരിക്കുന്നു.

എങ്ങനെയാണ് അങ്ങനെ പറയാൻ കഴിയുന്നത്? കൃപയില്ലെങ്കിൽ അങ്ങനെ പറയാനാവില്ല. മലയാറ്റൂരിൽ ഒരു കത്തോലിക്കാ വൈദികനെ കപ്യാർ കുത്തിക്കൊന്ന സംഭവവും നമ്മുടെ ഓർമയിലുണ്ടാവും. അന്ന് അച്ചന്റെ അമ്മ കപ്യാരുടെ വീട്ടിൽ ചെന്ന്, കപ്യാരുടെ ഭാര്യയെ കെട്ടിപ്പിടിച്ചു മാപ്പുകൊടുത്തു. അനുരഞ്ജനത്തിന്റെ എത്രയോ വലിയ ഉദാഹരണങ്ങളാണ് ഇവയെല്ലാം.

അനുരഞ്ജനം എന്നത് സന്യാസിമാർക്കും രാഷ്ട്രീയക്കാർക്കും മാത്രം വിട്ടുകൊടുക്കാനുള്ളതല്ല. അതു നമ്മിൽനിന്നു തുടങ്ങണം. ജാതിമതവിദ്വേഷം തള്ളിക്കളഞ്ഞ് പരസ്പരബഹുമാനത്തിന്റെ സമൂഹങ്ങളെ കെട്ടിപ്പടുക്കാം. രാഷ്ട്രീയത്തിൽ, ഏറ്റുമുട്ടലിനേക്കാൾ സമവായം തേടുന്നവരെ പിന്തുണയ്ക്കണം. മതങ്ങളിൽ തിങ്ങിനിറഞ്ഞു നില്ക്കുന്ന കരുണയുടെ ആത്മാവിനെ വീണ്ടെടുക്കണം.

അനുരഞ്ജനം എന്നത് ഉട്ടോപ്യൻ സ്വപ്നമൊന്നുമല്ല. ജീവനുവേണ്ടിയുള്ള പ്രായോഗിക ആവശ്യമാണത്. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ജർമനി ശിഥിലമായി. ആ സമയം ഫ്രാൻസിന്റെ റോബർട്ട് ഷൂമാനും ജർമൻ ചാൻസലർ അഡിനോയറും പരസ്പരം കൈകൊടുത്തു. വൈരുധ്യത്തിന്റെ നൂറ്റാണ്ടുകളെ അവർ മാറ്റിവെച്ചു. അവർ ആരംഭിച്ചതാണ് യൂറോപ്യൻ യുണിയൻ. അവരുടെ അനുരഞ്ജനം

**പ്രായമായവർക്ക് ഗ്രേയ്സ്ഫുൾ ധ്യാനം**
(60 വയസിനു മുകളിലുള്ളവർക്ക് താമസിച്ചുള്ളത്)
കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ
ഡിസംബർ 16,17,18,19
2026 ജനുവരി 27,28,29,30
മുൻകൂട്ടി ബുക്ക് ചെയ്യുക
ധ്യാനം ബുക്ക് ചെയ്യാൻ വിളിക്കുക
ഫോൺ – 8086399023, 9495107045

ഒരു യുദ്ധഭൂമിയെ സമാധാനത്തിന്റെയും സമൃദ്ധിയുടെയും മേഖലയാക്കി മാറ്റി. അതാണ് അനുരഞ്ജനത്തിന്റെ ശക്തി. അത് മുറിവുകളെ ഉണക്കും. രാഷ്ട്രങ്ങളെ പുനർനിർമിക്കും. മനുഷ്യകുലത്തെ പടുത്തുയർത്തും. അതുകൊണ്ട് നമുക്ക് അനുരഞ്ജിതരാകാം. ക്ഷമിക്കാം. മതിലുകൾ ഉള്ളിടത്തു പാലങ്ങൾ പണിയാം. അനുരഞ്ജനത്തിലാണ് സമൂഹത്തിന്റെ ഭാവി. അനുരഞ്ജനത്തിലാണ് രാഷ്ട്രീയത്തിന്റെ ആരോഗ്യം. അനുരഞ്ജനത്തിലാണ് മതത്തിന്റെ ആത്മാവ്.

സുവിശേഷമെന്നത് അനുരഞ്ജനമാണ്. സുവിശേഷം മുഴുവൻ വായിച്ചതിനു ശേഷം, എന്താണ് സുവിശേഷം പറയുന്നതെന്നു നോക്കിയാൽ ഒരു സംശയവും കൂടാതെ പറയാം; സുവിശേഷം അനുരഞ്ജനമാണ്. ദൈവത്തിൽനിന്ന് അകന്നുപോയ മനുഷ്യരെ അവനോടു ചേർക്കാൻ ഒരു വ്യക്തിയുടെ ആത്മാർപ്പണം ആവശ്യമായിരുന്നു. ആ ആത്മാർപ്പണമാണ് കാൽവരിക്കുരിശിൽ നടന്നത്. അങ്ങനെയൊരു ജീവത്യാഗത്തിലൂടെയാണ്, ദൈവത്തിൽനിന്ന് അകന്നുപോയ നമ്മളെയെല്ലാം ദൈവത്തോട് ഈശോ അടുപ്പിച്ചത്. അതാണ് അനുരഞ്ജനം. പുനഃസന്ധിയാണ് സുവിശേഷത്തിന്റെ മർമം. Gospel is the message of reconciliation. സുവിശേഷം പ്രസംഗിക്കുക എന്നതിന് അനുരഞ്ജനം പ്രസംഗിക്കുക എന്നർഥം.

അനുരഞ്ജനം പ്രാക്ടീസു ചെയ്യുമ്പോൾ നിങ്ങൾ യേശുക്രിസ്തുവിനെയാണ് പ്രഘോഷിക്കുന്നത്. ദൈവം അനുരഞ്ജനം നല്കിയപ്പോൾ നമ്മോട് ആവശ്യപ്പെട്ടത്, ലോകത്തിലും നിങ്ങൾ അനുരഞ്ജനം നല്കണം എന്നാണ്. സുവിശേഷത്തിൽ വിശ്വസിക്കുക എന്നാൽ പുനഃസന്ധി സ്വീകരിക്കുക എന്നുതന്നെയാണ് അർഥം. Believing the gospel is receiving reconciliation. ദൈവം ആദാമിന്റെ മക്കളോടു ചെയ്ത അനുരഞ്ജനത്തിന് ആഗോളമായ സൂചനകളുണ്ട്. ക്രിസ്തുവിന്റെ അനുരഞ്ജനത്താൽ ലോകം പുനഃസന്ധി ചെയ്യപ്പെട്ടു എന്ന് ബൈബിൾ പറയുന്നതിനു കാരണം അതാണ്.

ഞാൻ മനസിലാക്കുന്ന ബൈബിൾ എന്നോടു പറയുന്നത് ഇത്രമാത്രമേയുള്ളൂ. ദൈവം നമ്മോടു കാണിച്ചിരിക്കുന്നപോലെ നമ്മളും മറ്റുള്ളവരോടു കാണിക്കണം. ദൈവം നമ്മോടു ക്ഷമിച്ചതുപോലെ നമ്മളും മറ്റുള്ളവരോടു ക്ഷമിക്കണം. ദൈവം നമ്മോടു കരുണകാട്ടിയതുപോലെ നാമും മറ്റുള്ളവരോടു കരുണ കാണിക്കണം. ദൈവം നമ്മെ സ്നേഹിച്ചതുപോലെ നാമും മറ്റുള്ളവരെ സ്നേഹിക്കണം. ദൈവത്തോട് അനുരഞ്ജനപ്പെട്ടവർ ലോകത്തിലും സഭയിലും സമാധാനത്തിന്റെ ഉപകരണങ്ങളാകാൻ വൈകരുത്.



സഭ ക്രിസ്തുവിന്റേതാണ്. അതുകൊണ്ടാണ് സഭ വ്യത്യസ്തമായിരിക്കുന്നത്. വ്യക്തികൾക്കു കൊടുക്കാൻ കഴിയാത്തത് സഭയ്ക്കു കൊടുക്കാൻ കഴിയും. സഭ അതു മനസിലാക്കണമെന്നേയുള്ളൂ. തങ്ങളുടെ പ്രധാന ഉത്തരവാദിത്തം അനുരഞ്ജനമാണെന്ന് സഭ തിരിച്ചറിയണം. അനുരഞ്ജനമില്ലാത്ത സഭ സഭയല്ല. അനുരഞ്ജനമെന്തെന്നു മനസിലാക്കാത്തവൻ ക്രൈസ്തവനുമല്ല. അതുകൊണ്ട് അമേരിക്കയിൽ ഉയർന്നുകേട്ട ആ ചോദ്യം ഇവിടെയും ഉയരട്ടെ: Can we all Get Along. നമുക്കെല്ലാവർക്കും ഒരുമിച്ചു സഞ്ചരിച്ചുകൂടെ? ○

**പല വിചാരം**

ടി.സി മാത്യു

**സൈബർ തട്ടിപ്പു കേസുകളിലെ വർധനയുടെ തോത് ഞെട്ടിക്കുന്നതാണ്. 2021ൽ 4.52 ലക്ഷം സൈബർ തട്ടിപ്പു കേസുകൾ ഇന്ത്യയിൽ രജിസ്റ്റർ ചെയ്തു. 2024ൽ അത് 19.18 ലക്ഷമായി ഉയർന്നിട്ടുണ്ട്.**



# സൈബർ കാലത്തിന്റെ തട്ടിപ്പുവഴികൾ

കേന്ദ്രധനമന്ത്രി നിർമല സീതാരാമന്റെ വീഡിയോ. നിങ്ങൾ ഈ കമ്പനിയുടെകൂടെ ചേർന്ന് ഓഹരികളിൽ നിക്ഷേപിച്ചാൽ വലിയ ആദായം കിട്ടും എന്നു മന്ത്രി പറയുന്നു. ഈ അവസരം നഷ്ടപ്പെടുത്തരുതെന്നു ജനങ്ങളെ ആഹ്വാനം ചെയ്യുന്നുമുണ്ട്. 21,000 രൂപ നിക്ഷേപിച്ചാൽ 15 ലക്ഷം രൂപ കിട്ടും എന്നതു പോലുള്ള വലിയ വാഗ്ദാനങ്ങളും വീഡിയോയിൽ കാണാം.

രാജ്യത്തു കുറേ കാലമായി നടന്നു വരുന്ന ഒരു വലിയ തട്ടിപ്പിന്റെ പ്രധാനഭാ

ഗമാണിത്. 'ധനമന്ത്രിയുടെ' വീഡിയോ വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ രാജ്യത്തു പടരുന്നു. ഹതഭാഗ്യരായ നിരവധി പേർ വീഡിയോയിലെ 'മന്ത്രി'യുടെ ആഹ്വാനം സ്വീകരിക്കുന്നു. കമ്പനിയുടെ ആപ്പ് ഡൗൺലോഡ് ചെയ്യുന്നു. കമ്പനി ആവശ്യപ്പെടുന്ന തുക നല്കി 'നിക്ഷേപം' നടത്തുന്നു. കുറേ ദിവസം ആ നിക്ഷേപത്തിന്റെ വളർച്ചയും ആദായവും ആപ്പിൽ കണ്ട് നിർവൃതി അടയുന്നു. വീണ്ടും നിക്ഷേപം ചോദിക്കുമ്പോൾ അധിക സന്തോഷത്തോടെ കൊടുക്കുന്നു. ഇത് ആവർത്തിക്കുന്നു.

കുറേ നാൾ കഴിഞ്ഞ് ആദായം പിൻവലിക്കാൻ ശ്രമിക്കുമ്പോഴാകും, തങ്ങൾ തട്ടിപ്പിന് ഇരയായെന്ന് ചിലർ അറിയുന്നത്. മറ്റു ചിലപ്പോൾ അക്കൗണ്ടിലെ പണം അസാധാരണമായി പോകുന്നതു കണ്ടു ബാങ്കുകാർ ബന്ധപ്പെടുമ്പോഴാകും തട്ടിപ്പ് മനസിലാക്കുന്നത്. അതിനകം ലക്ഷക്കണക്കിനു രൂപ 'നിക്ഷേപ' തട്ടിപ്പുകാർ കൈവശപ്പെടുത്തിയിരിക്കും. പിന്നീടു പരാതിയായി, അന്വേഷണമായി.

ഒന്നും രണ്ടുമല്ല ഇത്തരം തട്ടിപ്പുകൾ. സ്ത്രീകളും വൃദ്ധരും ചെറുപ്പക്കാരും ഡോക്ടർമാരും കോളജ് അധ്യാപകരുമൊക്കെ ഈ ചതിക്കുഴിയിൽ വീണിട്ടുണ്ട്, വീഴുന്നുമുണ്ട്.

മന്ത്രിയുടെ പേരിലുള്ള വീഡിയോ ഡീപ് ഫേയ്ക്ക് നിർമിതി ആണെന്നു സർക്കാർതന്നെ പത്രക്കുറിപ്പ് ഇറക്കി. മന്ത്രിയുടെ ദൃശ്യവും ശബ്ദവും കൃത്രിമമായി ഉണ്ടാക്കിയ വീഡിയോ. ഈ തട്ടിപ്പിൽ വീഴരുതെന്നും സർക്കാർ ജനങ്ങളെ ഉദ്ബോധിപ്പിച്ചു. എങ്കിലും ഇപ്പോഴും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ ഇത്തരം വീഡിയോകൾ പ്രചരിക്കുന്നുണ്ട്. മന്ത്രിക്കൊപ്പം റിസർവ് ബാങ്ക് ഗവർണറെയും ചേർത്തുള്ള വീഡിയോയും പ്രചരിച്ചു.

വീഡിയോ ഷെയർ ചെയ്ത ഒരു ചിരാഗ് പട്ടേലിന് എതിരേ ഗുജറാത്ത് പൊലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തതു മാത്രമാണ് അറിവായിട്ടുള്ള നടപടി. അമേരിക്കയിലാണ് ചിരാഗ് പട്ടേൽ എന്നു മാത്രമേ വിവരമുള്ളൂ.

* * *

സൈബർ ഇടത്തിലൂടെ രാജ്യത്തു ദിവസേന അരങ്ങേറുന്ന ലക്ഷക്കണക്കായ തട്ടിപ്പുകളിലെ ഒരു പുതിയ അധ്യായം മാത്രമാണിത്.

സൈബർ തട്ടിപ്പു കേസുകളിലെ വർധനയുടെ തോത് ഞെട്ടിക്കുന്നതാണ്. 2021ൽ 4.52 ലക്ഷം സൈബർ തട്ടിപ്പു കേസുകളാണ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്തത്. 2022ൽ ഇത് 9.66 ലക്ഷമായി. 2023ൽ 15.56 ലക്ഷവും 2024ൽ 19.18 ലക്ഷവുമായി ഉയർന്നു. ഈ



**ഡിജിറ്റൽ അറസ്റ്റ്, ബാങ്ക് അക്കൗണ്ട് മരവിപ്പിക്കൽ തുടങ്ങിയ ഭീഷണികൾ വരുമ്പോൾ പൊലീസിന്റെ സൈബർ സെല്ലിനെ സമീപിക്കാൻ വൈകരുത്.**

തട്ടിപ്പുകളിൽ ജനങ്ങൾക്കു നഷ്ടമാകുന്ന തുകയും വളരെ വലുതാണ്. 2022ൽ 2306 കോടി രൂപ നഷ്ടമായപ്പോൾ 2023ലെ നഷ്ടം 7496 കോടി രൂപയായിരുന്നു. 2024ൽ അത് 22,812 കോടിയായി വർധിച്ചു.

### സാങ്കേതികവിദ്യ വഴിയൊരുക്കുന്നു

സാങ്കേതികവിദ്യയിലെ വളർച്ച തട്ടിപ്പുകൾ കൂടുതൽ സുഗമമാക്കി. നിർമിതബുദ്ധി (എഐ) തട്ടിപ്പുകാർക്കു പുതിയ പുതിയ മാർഗങ്ങൾ തുറന്നു കൊടുത്തു. അതാണു നിർമല സീതാരാമന്റെ ഡീപ് ഫേയ്ക്ക് വീഡിയോയിൽ കണ്ടത്.

## വികാരം ചൂഷണം ചെയ്യുന്നു. പ്രതിവിധി സംശയം

മാധ്യമം ഏതായാലും തട്ടിപ്പിന് ഒരു പൊതുസ്വഭാവമുണ്ട്. ആദ്യപടിയായി ഇരയുടെ വിശ്വാസം ആർജിക്കും. അതിനുശേഷം കദനകഥ പറഞ്ഞു സഹതാപം ജനിപ്പിക്കുന്നു. അല്ലെങ്കിൽ വലിയ ലാഭസാധ്യത ചൂണ്ടിക്കാട്ടി ആർത്തി ജനിപ്പിക്കുന്നു. ഈ വികാരങ്ങളെ ചൂഷണം ചെയ്യുന്നതിനിടെ സമ്മർദം ചെലുത്തി വേഗം തീരുമാനം എടുപ്പിക്കുന്നു. ഇരയ്ക്ക് സ്വയം ആലോചിക്കാനോ മറ്റുള്ളവരുടെ ഉപദേശം തേടാനോ സമയം നല്കുന്നില്ല.

നേരിട്ടു സമീപിച്ചായാലും സമൂഹമാധ്യമം വഴി ബന്ധപ്പെട്ടായാലും ഫോൺ വഴിയായാലും ഇതാണ് തട്ടിപ്പിന്റെ ഉള്ളടക്കം. ഇവിടെ സംശയം തോന്നിയാൽ 'ഇല്ല' എന്നു പറയാൻ ശീലിക്കുകയാണ് ആവശ്യം. അത് ഏതു ഘട്ടത്തിലും ഏതു സാഹചര്യത്തിലുമാകാം.

സംശയം ഉണ്ടായാൽ സംശയം തീർത്തിട്ടു മാത്രം മുന്നോട്ടു പോകുക. അതിനെടുക്കുന്ന സമയംകൊണ്ടു നമുക്കു നഷ്ടപ്പെട്ടു പോകാവുന്ന ഭാഗ്യങ്ങളോ, അതിനിടെ സംഭവിക്കാവുന്ന ദുരന്തങ്ങളോ ഇല്ലെന്ന് ധൈര്യമായി വിശ്വസിക്കുക. നഷ്ടം വരാവുന്നത് തട്ടിപ്പുകാർക്കു മാത്രമാണ്.

വളരെ ലാഭകരമായ കണക്ക് അവതരിപ്പിക്കുന്ന സ്കീമുകളെ സംശയിക്കാനും, അപരിചിതർ നിങ്ങൾക്ക് ആദായമാർഗം ചൂണ്ടിക്കാട്ടാൻ വരുന്നതിൽ അപകടം മണക്കാനും മടിക്കരുത്. സഹതാപമോ ആർത്തിയോ നമ്മുടെ ചിന്താശേഷിയെ അടിച്ചമർത്താൻ അനുവദിക്കരുത്. സംശയം തോന്നിയാൽ പിന്മാറ്റമാണു നല്ലത് എന്നതു മറക്കാതിരിക്കുക.



എഐയുടെ വരവ് തട്ടിപ്പുകൾ കണ്ടെത്താനും തടയാനും കൂടുതൽ വഴികൾ നല്കി. എങ്കിലും തട്ടിപ്പുകൾ കൂടി വരുന്നു എന്നതു സത്യം.

ഉള്ളതു പറഞ്ഞാൽ ആർക്കും ഇഷ്ടപ്പെടില്ല. തട്ടിപ്പുകാരുടെ കഴിവല്ല, ഇരകളുടെ അത്യാർത്തിയാണു ഭൂരിപക്ഷം അവസരങ്ങളിലും തട്ടിപ്പ് വിജയിക്കാൻ കാരണം. ഇരകളിൽ ഡോക്ടർമാരും ടെക് പ്രഫഷണലുകളും അഭിഭാഷകരും അധ്യാപ

## മുൻകൂർ പണം വാങ്ങി മുങ്ങൽ

ഏതെങ്കിലും കാര്യത്തിനായി മുൻകൂർ പണം അടയ്ക്കാൻ നിർബന്ധിക്കുന്ന തട്ടിപ്പുകൾ പല തരമുണ്ട്.

- നിങ്ങൾക്കു സംഭവിക്കാവുന്ന ഒരു നല്ല കാര്യത്തെപ്പറ്റി ഞങ്ങൾ തയാറാക്കിയിട്ടുള്ള റിപ്പോർട്ട് വാങ്ങാൻ പണം അടയ്ക്കണം. പണം അടച്ചാലും റിപ്പോർട്ട് കിട്ടില്ല. അഥവാ എന്തെങ്കിലും കിട്ടിയാൽ അത് ഉപയോഗമില്ലാത്തതായിരിക്കും.
- 'നിങ്ങൾക്കു ഞാൻ കുറേ തുക ബാങ്കിലൂടെ അയച്ചു, അതു വേണ്ടതിലും കൂടുതലാണ്, അധികതുക തിരിച്ചു ട്രാൻസ്ഫർ ചെയ്യുക.' വിശ്വസിപ്പിക്കാനായി ട്രാൻസ്ഫറിന്റെ സ്ക്രീൻ ഷോട്ടും ഉണ്ടാകും. അതു തട്ടിപ്പാകും. ബാങ്കിൽ വരാത്ത പണം നിങ്ങൾ തിരിച്ചയയ്ക്കും. (ട്രാൻസ്ഫർ നടന്നോ എന്നു നേരിട്ടു പരിശോധിക്കാൻ ശ്രമിക്കാത്തതിന്റെ ഫലം.)
- തട്ടിപ്പിനു പിന്നാലെ തട്ടിപ്പ്. നിങ്ങൾ തട്ടിപ്പിനിരയായി എന്നറിഞ്ഞു, പണം തിരിച്ചു കിട്ടാൻ സഹായിക്കാം എന്നു പറഞ്ഞു വരുന്നവർ മുൻകൂർ ഫീസു വാങ്ങി തട്ടിക്കുന്നു.
- നിങ്ങളറിയാത്ത ഒരാളുടെ ഒസ്യത്തോ ദാനമോ ആയി നിങ്ങൾക്കു നല്ല തുക കിട്ടാനുണ്ട്, അതു കിട്ടാൻ നിശ്ചിത ഫീസ് അടയ്ക്കൂ എന്നു പറഞ്ഞ് നടത്തുന്ന തട്ടിപ്പ്. നിങ്ങൾ എടുക്കാത്ത ലോട്ടറിയുടെ സമ്മാനത്തുക പറഞ്ഞുള്ള തട്ടിപ്പുകളും ഇതിൽപെടും.
- നൂലാമാലകളില്ലാതെ വായ്പ നല്കാം, നിശ്ചിത ശതമാനം ഫീസ് നല്കണം എന്നു പറഞ്ഞും പണം വാങ്ങുന്നു. വായ്പ ഒരിക്കലും കിട്ടാൻ പോകുന്നില്ല.

**പാഠം:** അപരിചിതരെ അവിശ്വസിക്കുകതന്നെ വേണം. എടുക്കാത്ത ലോട്ടറിയുടെ സമ്മാനവും ബന്ധമില്ലാത്ത ആളുടെ ഒസ്യത്തും നമ്മുടേതല്ല. അവ മോഹിക്കാൻ കൊള്ളില്ല.

**താൻ എടുത്തിട്ടില്ലാത്ത ലോട്ടറിയിൽ അഞ്ചുലക്ഷം ഡോളർ അടിച്ചെന്ന മൊബൈൽ സന്ദേശത്തിന്റെ പിന്നാലെ പോയി നൈജീരിയൻ കൊള്ളസംഘത്തിന്റെ പിടിയിൽപെട്ട മലയാളി സന്യാസവൈദികന്റെ കഥ അധികം പഴയതല്ല.**

കരുമൊക്കെ ഉണ്ട്. വിദ്യാഭ്യാസം കൂടിയാലും ആർത്തി കുറയില്ലല്ലോ. ആർത്തി കൂടുമ്പോൾ വേണ്ടത്ര അന്വേഷണവും ആലോചനയും നടത്തുകയില്ല. നിർദിഷ്ടമേഖലയെപ്പറ്റി അറിയാവുന്നവരോടു ചോദിച്ചു സംശയനിവൃത്തി വരുത്തുകയുമില്ല. ആരെയും വിശ്വാസം ഇല്ലാത്തതുതന്നെ കാരണം. ഫലമോ, കെണിയിൽ വീഴുന്നു, ധനനഷ്ടം വരുന്നു, മാനനഷ്ടം ഭയന്ന് അക്കാര്യങ്ങൾ ആരും പുറത്തു പറയാതെ നോക്കുന്നു.

ബാങ്കുകളിലെ ശരാശരി നിരക്കിനേക്കാൾ അല്പം കൂടിയ പലിശ കിട്ടുന്ന നിക്ഷേപപദ്ധതികൾ അന്വേഷിക്കുന്നതും അവയിൽ ചേരുന്നതും അത്യാർത്തിയല്ല. എന്നാൽ നാട്ടുനടപ്പുള്ളതിലും വളരെ കൂടിയ നിരക്ക് തേടിപ്പോയി നിക്ഷേപിക്കുമ്പോൾ അപകടം വിളിച്ചു വരുത്തുകയാണ്. വാണിജ്യബാങ്കുകൾ പരമാവധി എട്ടു ശതമാനം പലിശ നല്കുമ്പോൾ 20ഉം 24ഉം ശതമാനം പലിശ ഓഫർ ചെയ്യുന്നവർ നടത്തുന്നത് തുടർന്നു പോകാവുന്ന ബിസിനസ് അല്ല. അതിൽ ചേരുന്നത് പണം നഷ്ടപ്പെടുത്താൻ മാത്രമേ സഹായിക്കൂ. കുറേ നാൾ മുമ്പ് കേരളത്തിൽ മാസംതോറും എന്നോണമാണ് ഇത്തരം നിക്ഷേപ കമ്പനികൾ പൊളിഞ്ഞത്.

### അറിയാത്ത ബിസിനസുകൾ വേണോ?

ഇതുപോലെയാണ് അറിയാത്ത ബിസിനസിൽ പണം നിക്ഷേപിക്കുന്നത്. എന്താണ് ഒരു പ്രസ്ഥാനം ചെയ്യുന്നത്, എങ്ങനെയാണ്

## ബാങ്ക് കാർഡുകൾ ഉപയോഗിക്കുമ്പോൾ

1. കാർഡ് മറ്റാളുകളുടെ കൈയിൽ കൊടുക്കരുത്. അടിയന്തര ഘട്ടത്തിൽ കൊടുക്കേണ്ടി വന്നാൽ അതു മോണിട്ടർ ചെയ്യണം. പാസ്‌വേഡ്/പിൻ വേഗം തന്നെ മാറ്റണം.
2. പാസ്‌വേഡും പിൻ നമ്പറും മറ്റും വേറെ ആർക്കും നല്കരുത്. മറ്റുള്ളവർക്കു കാണാവുന്ന വിധം സൂക്ഷിക്കരുത്.
3. ബാങ്കോ, കാർഡ് ഇഷ്യു ചെയ്യുന്ന സ്ഥാപനമോ, റിസർവ് ബാങ്കോ, ധനമന്ത്രാലയമോ ഒക്കെയാണെന്നു പറഞ്ഞ് ആവശ്യപ്പെട്ടാലും കാർഡ് വിവരങ്ങൾ നല്കരുത്. ആ സ്ഥാപനങ്ങൾ കാർഡ് വിവരങ്ങൾ ചോദിക്കാറില്ല. ചോദിക്കുന്ന പക്ഷം സ്ഥാപനത്തിൽ നേരിട്ടു ബന്ധപ്പെടുകയും പരാതി നല്കുകയും വേണം.
4. പെട്ടെന്ന് ഊഹിച്ചെടുക്കാവുന്ന പാസ്‌വേഡുകൾ ഉപയോഗിക്കരുത്.
5. ബാങ്ക് ഇടപാടുകൾ പബ്ലിക് വൈഫൈ ഉപയോഗിച്ചു നടത്താതിരിക്കുക.




**സൈബർ തട്ടിപ്പുകാരുടെ കഴിവല്ല, ഇരകളുടെ അത്യാർത്തിയാണു ഭൂരിപക്ഷം അവസരങ്ങളിലും തട്ടിപ്പ് വിജയിക്കാൻ കാരണം.**

അവർ പണം ഉണ്ടാക്കുന്നത്, അവർ ആരാണ് എന്നൊന്നും അന്വേഷിക്കാതെ പണം നിക്ഷേപിക്കരുത്. നിയമവിരുദ്ധ കാര്യങ്ങൾ മുതൽ അപ്രായോഗിക കാര്യങ്ങൾ വരെ അവയിൽ ഉണ്ടാകാം. എന്തിനാണു നമ്മുടെ പണം കളഞ്ഞ് അബദ്ധത്തിൽ വീഴുന്നത്?

ധനകാര്യ തട്ടിപ്പുകൾ പല രൂപത്തിലും ഭാവത്തിലും വരും. കാലത്തിനനുസരിച്ച് നൂതന സാങ്കേതികവിദ്യയും നവീനപ്രമേയങ്ങളും അവതരിപ്പിക്കും എന്നു മാത്രം.

### കുറച്ചു മുടക്കി കൂടുതൽ നേടാൻ

ഏതു രീതിയിലും ആകർഷകമായ വാഗ്ദാനം; താരതമ്യേന കുറവ് എന്നു തോന്നാവുന്ന പ്രാരംഭ നിക്ഷേപം. മിക്ക തട്ടിപ്പു പരിപാടികളും ആൾക്കാരെ ആകർഷിക്കുന്നത് ഇങ്ങനെയുള്ള ഓഫറുമായാണ്. കിട്ടാനുള്ളതു വളരെ വലുതും കൊടുക്കേണ്ടത് താരതമ്യേന കുറവും ആകുമ്പോൾ, ആരാണ് അതിൽ കൂടാത്തത്?

അതാണ് ചതിയന്മാരുടെ ആദ്യത്തെ

ആയുധം അഥവാ പ്രലോഭനം. കുറച്ചു മുടക്കി കൂടുതൽ കിട്ടുന്നതിന് മോഹിക്കുന്നവരെയാണ് ചൂതാട്ടക്കാരും മുച്ചീട്ടുകളിക്കാരും കള്ളനോട്ടുകാരും ലോട്ടറിക്കാരും മുതൽ നിക്ഷേപതട്ടിപ്പുകാർ വരെ ലക്ഷ്യം വെക്കുന്നത്. അതിനു കാലദേശവ്യത്യാസമില്ല. 17-ാം നൂറ്റാണ്ടിലെ ഹോളണ്ടിൽ ടുലിപ് പൂച്ചെടിയുടെ ഒരു കിഴങ്ങിന് ആംസ്റ്റർഡാമിലെ രാജകൊട്ടാരത്തേക്കാൾ വില വന്ന ടുലിപ് മാനിയ മുതൽ എല്ലാ ധനകാര്യ തട്ടിപ്പുകളും മനുഷ്യന്റെ ആർത്തിയെ കണ്ടുകൊണ്ടാണ് രൂപം കൊണ്ടതും വളർന്നതും.

**ആർത്തി കൂടുമ്പോൾ...**

ആർത്തി തെറ്റാണ്. ആർക്കും തർക്കമില്ല. പക്ഷേ നിർണായകസന്ദർഭത്തിൽ അതു മറക്കും. താൻ എടുത്തിട്ടില്ലാത്ത ലോട്ടറിയിൽ അഞ്ചുലക്ഷം ഡോളർ അടിച്ചെന്ന മൊബൈൽ സന്ദേശം കണ്ടാൽ, അവരുടെ പിന്നാലെ പോകാതിരിക്കാൻ പലർക്കും വയ്യ. അങ്ങനെ പോയി നൈജീരിയൻ കൊള്ളസംഘത്തിന്റെ പിടിയിൽപെട്ട മലയാളി സന്യാസവൈദികന്റെ കഥ അധികം പഴയതല്ല.

'മൈക്രോസോഫ്റ്റി'ന്റെ സമ്മാനപദ്ധതിയുടെ ഭാഗമായി ലഭിച്ച ലക്ഷക്കണക്കിനു ഡോളറുകൾ സ്വന്തമാക്കാൻ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ അയച്ചു കൊടുക്കുന്നവർ കുറവല്ല.

ലളിതമായ പദപ്രശ്നമോ മട്രിക്സോ പൂരിപ്പിച്ച് അയച്ച് ലക്ഷങ്ങൾ കിട്ടാം എന്ന ഓൺലൈൻ മെസേജിനു പിന്നാലെ പോകാതിരിക്കാൻ പലർക്കും വയ്യ.

**ഓഹരിവിപണിയുടെ പേരിൽ**

ഓഹരിവിപണിയുടെ പേരു പറഞ്ഞു പറ്റിക്കുന്നതും വ്യാപകമാണ്. പ്രശസ്തമായ ബ്രോക്കറേജുകളുടെ ശാഖകൾ ഏതു നാട്ടിൻപുറത്തും ലഭ്യമായ കേരളത്തിൽ, അവരോടു നേരിട്ടോ ഓൺലൈൻ ആയോ ബന്ധപ്പെട്ടാൽ ചതിയിൽപെടാതെ കഴിയാം. പക്ഷേ അതിനു മുതിരാതെ, തന്നെ സമീപിച്ച ചതിയനെ അന്ധമായി വിശ്വസിച്ചു ലക്ഷങ്ങളും കോടികളും നഷ്ടപ്പെടുത്തിയവരിൽ റിട്ടയേഡ് ഹൈക്കോടതി ജഡ്ജിമാരും കോളജ് അധ്യാപകരും ഡോക്ടർമാരും വൈദികരുമുണ്ട്.

## നല്ല സമരിയാക്കാരെ സൂക്ഷിക്കുക

'നിങ്ങളുടെ കംപ്യൂട്ടറിലെ/മൊബൈലിലെ സോഫ്റ്റ്‌വേറിൽ തകരാർ/വൈറസ് ഉണ്ട്. ഞങ്ങൾ ശരിയാക്കി തരാം' എന്നു പറഞ്ഞ് വലിയ കമ്പനികളുടെയോ ഇന്റർനെറ്റ് സേവനദാതാക്കളുടെയോ പേരിൽ സമീപിക്കുന്നവരുണ്ട്.

നിങ്ങളറിയാത്ത നിങ്ങളുടെ പ്രശ്നം നിങ്ങൾ ആവശ്യപ്പെടാതെ പരിഹരിക്കാൻ വരുന്നവർ നല്ല സമരിയാക്കാർ അല്ല. അവർ നിങ്ങളുടെ സിസ്റ്റത്തിൽ നുഴഞ്ഞുകയറി വിവരങ്ങൾ ചോർത്താനും, കംപ്യൂട്ടറിനെ തങ്ങളുടെ നിയന്ത്രണത്തിൽ ആക്കാനും (ഹാക്ക് ചെയ്യാൻ) വരുന്നവരാണ്. വിദൂരനിയന്ത്രണ സോഫ്റ്റ്‌വേർ സിസ്റ്റത്തിൽ സ്ഥാപിക്കും. കംപ്യൂട്ടർ സേവന കമ്പനികൾ ഇങ്ങോട്ടു ബന്ധപ്പെടാറില്ല. നമ്മൾ ആവശ്യപ്പെട്ടാലേ അവർ ബന്ധപ്പെടൂ. അല്ലാതെ ബന്ധപ്പെടുന്നവർ തട്ടിപ്പുകാരാണെന്ന് ആദ്യമേ മനസിലാക്കുക. അതനുസരിച്ചു പ്രവർത്തിക്കുക. ആർക്കും റിമോട്ട് ആക്സസ് അനുവദിക്കാതിരിക്കുക.

ഓഹരിവിപണി വലിയ നേട്ടം നല്കുന്ന സംവിധാനമാണ്. കഴിഞ്ഞ രണ്ടു ദശകം കൊണ്ട് പ്രതിവർഷം ശരാശരി 15.23 ശതമാനം വളർച്ചയാണ് ഇന്ത്യയിലെ നിഫ്റ്റി സൂചിക നല്കിയത്. രാജ്യത്തു ലഭ്യമായ മറ്റേതു നിക്ഷേപപദ്ധതിയും നല്കുന്നതിന്റെ ഇരട്ടി ആദായം.

ഇത്തരം ആദായം ലഭിക്കാൻ മികച്ച മ്യൂച്വൽ ഫണ്ട് സ്കീമുകൾ ഉണ്ട്. അവയിൽ ചേർന്നാൽ മതി. അല്ലെങ്കിൽ മ്യൂച്വൽ ഫണ്ടുകളുടെ സിപ് (Systematic Investment Plans) പദ്ധതികളുണ്ട്. നിശ്ചിത തുക വീതം ഗഡുക്കൾ അടച്ച് നിക്ഷേപം വളർത്താം. ഇവയെപ്പറ്റി ഏതു ബ്രോക്കറേജ് ഓഫീസിലും

## (കോവർ കഴുതകളുടെ) അക്കൗണ്ടുകൾ വാടകയ്ക്ക്

നിങ്ങളുടെ ബാങ്ക് അക്കൗണ്ടിലൂടെ കുറേ പണം സ്വീകരിക്കണം അല്ലെങ്കിൽ അയയ്ക്കണം. അത്യാവശ്യമാണ്. സഹായിക്കണം. വെറുതെ വേണ്ട. മതിയായ പ്രതിഫലം നല്കാം. ഇങ്ങനെ ഓഫർ വന്നാൽ അതു സ്വീകരിക്കുന്നവരാണ് ഏറെപ്പേരും. വെറുതേ കിടക്കുന്ന അക്കൗണ്ട് അങ്ങനെ ആദായമാർഗം ആകട്ടെ എന്നു കരുതും.

സൂക്ഷിക്കുക: നിരുപദ്രവി അല്ല ഇത്. വന്നു പോകുന്ന പണം ചിലപ്പോൾ ക്രിമിനൽ നടപടികളിൽ ഉണ്ടാക്കിയതാകാം. അല്ലെങ്കിൽ മയക്കുമരുന്നു വ്യാപാരത്തിലേതാകാം. രാജ്യദ്രോഹ പ്രവർത്തനത്തിനുള്ളതാകാം.

ഇത്തരം കേസുകളിൽ, ഞാനൊന്നുമറിഞ്ഞില്ല എന്ന വാദം നിലനില്ക്കില്ല. പണം കിട്ടാനിടയാക്കിയ കുറ്റത്തിൽ തുല്യപങ്കാളിയാണ് അക്കൗണ്ട് ഉടമ. കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമപ്രകാരമുള്ള കേസ് പുറമെയും.

ഇങ്ങനെ വാടകയ്ക്കു നല്കുന്നവയെ മ്യൂൾ (Mule - കോവർ കഴുത) അക്കൗണ്ടുകൾ എന്നാണ് പറയുക. വല്ലവരുടെയും കുറ്റമേല്ക്കാൻ പോകുന്നവരെ കോവർ കഴുത എന്നല്ലാതെ എന്തു വിളിക്കാൻ?



**വാണിജ്യബാങ്കുകൾ പരമാവധി എട്ടു ശതമാനം പലിശ നല്കുമ്പോൾ, 20ഉം 24ഉം ശതമാനം പലിശ ഓഫർ ചെയ്യുന്ന ബിസിനസിൽ പണം നിക്ഷേപിക്കുന്നത്, പണം നഷ്ടപ്പെടുത്താനേ സഹായിക്കൂ.**

അന്വേഷിച്ചാൽ വിശദമായി അറിയാം. അല്ലെങ്കിൽ സെബി(SEBI- Securities and Exchanges Board of India)യുടെയോ ബിഎസ്ഇ (BSE), എൻഎസ്ഇ (NSE) എക്സ്ചേഞ്ചുകളുടെയോ വെബ്സൈറ്റുകളിൽ കയറിയാൽ അറിയാനാകും. ചതിയിൽ വീഴാൻ വിധിക്കപ്പെട്ടവർ അതിനൊന്നും ശ്രമിക്കില്ല.

**നിർമിതബുദ്ധിയെ കൂട്ടി തട്ടിപ്പ്**

നിർമിതബുദ്ധി(എഐ)യും റോബട്ടിന്റെ ചുരുക്കപ്പേരായ ബോട്ടും (bot) വന്നതോടെ, അവയും ഓഹരി വിപണിയും ബന്ധിപ്പിച്ച്

അരങ്ങേറുന്ന തട്ടിപ്പുകൾ വർധിച്ചു. ഓഹരികൾ, അവയുടെ ഡെറിവേറ്റീവുകൾ, അവധി - ഓപ്ഷൻസ് വ്യാപാരങ്ങൾ, സ്വർണവും വെള്ളിയും ക്രൂഡ് ഓയിലും പോലുള്ള ഉല്പന്നങ്ങളുടെ അവധി വ്യാപാരം തുടങ്ങി എല്ലാം, നിർമിതബുദ്ധി-ബോട്ട്-അൽഗോരിഥം ത്രയത്തിന്റെ മാർഗനിർദേശത്തിൽ വ്യാപാരം നടത്തി നിങ്ങളെ സമ്പന്നരാക്കുന്നു എന്നാണു വാഗ്ദാനം.

വെറുതേ പറയുകയല്ല. ഈ നവീനകമ്പനിയുടെ നിക്ഷേപവിദഗ്ധർ പണം നിക്ഷേപിച്ചവർ, നിക്ഷേപിക്കാൻ ആഗ്രഹിക്കുന്നവർ തുടങ്ങിയവരെല്ലാം ചേർന്ന സൂം മീറ്റിംഗുകൾ നടത്തുന്നു. അവിടെ നിശിതമായ വിമർശനവും വിശദീകരണവും തിരുത്തലും എല്ലാം നടക്കുന്നു. നിക്ഷേപത്തിനു ക്ഷണിക്കപ്പെട്ടവരും ഇതിൽ പങ്കെടുക്കുന്നു. ലാഭം നേടിയവർ തങ്ങളുടെ പോർട്ട്ഫോളിയോയുടെ ഡാഷ് ബോർഡ് (ഓഹരികളുടെ വിലയും മാറ്റവും കാണിക്കുന്ന ഷോട്ട്) കാണിക്കുന്നു. ചേരുന്ന ദിവസം മുതൽ ആദായം വാഗ്ദാനമായുണ്ട്. പറയുന്നത്, ആഴ്ചയിൽ ഇരട്ടയക്ക നേട്ടവും ഓരോ ത്രൈമാസത്തിലും ഇരട്ടിക്കലും ഒക്കെയാകാം. മാർക്കറ്റിലെ വലിയ ബ്രോക്കറേജുകളോ പോർട്ട്ഫോളിയോ മാനേജർമാരോ മ്യൂചൽ ഫണ്ടുകളോ ഒരിക്കലും നല്കാത്ത ആദായം. ജീവിതത്തിൽ ഈ സംഘത്തെ കണ്ടുമുട്ടിയതു ജന്മസാഫല്യമായി എന്നു കരുതുന്ന ദിവസങ്ങൾ. കൂടുതൽ ആലോചന വേണ്ട, പങ്കാളികളും വേണ്ട. ആരോടും ചോദിക്കണ്ട. വലിയ ലാഭം തനിയെ അനുഭവിക്കാം എന്നു കരുതി നീങ്ങും. സാധ്യമായത്ര പണം നിക്ഷേപിക്കും. നിർമിതബുദ്ധിയും ബോട്ടും അൽഗോരിഥവും ഉണ്ടല്ലോ. എല്ലാം ഭദ്രം.

## തട്ടിപ്പാണെന്നു തോന്നിയാൽ...

ഒരു ഓൺലൈൻ സ്കീമോ നിക്ഷേപ പദ്ധതിയോ ഒരു ധനാഭ്യർഥനയോ സംശയകരമായി തോന്നിയാൽ ആദ്യം തന്നെ പൊലീസിന്റെ സൈബർ സെല്ലിൽ അറിയിക്കുക. ഡിജിറ്റൽ അറസ്റ്റ്, ബാങ്ക് അക്കൗണ്ട് മരവിപ്പിക്കൽ തുടങ്ങിയ ഭീഷണികൾ വരുമ്പോഴും സൈബർ സെല്ലിനെ സമീപിക്കുക. ഓഫ്‌ലൈൻ കാര്യങ്ങൾ സാധാരണ പൊലീസ് സ്റ്റേഷനിൽ അറിയിക്കാം.

**സൈബർ പൊലീസിന്റെ ഇമെയിൽ:**
cyberdome.pol@kerala.gov.in
ഫേയ്സ് ബുക്ക്, വാട്സാപ്, എക്സ് (ട്വിറ്റർ) എന്നിവയിലൂടെയും സെല്ലിൽ പരാതി നല്കാം.

**വെബ് സൈറ്റ്:** cyberdome.kerala.gov.in


**ടോൾ ഫ്രീ ഹെൽപ് ലൈൻ നമ്പർ: 1930**

**സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ:** cybercrime.gov.in

കുറച്ചു ദിവസത്തേക്കു ഡാഷ് ബോർഡിൽ ലാഭം വർധിക്കുന്നു. കൂടുതൽ പണം നിക്ഷേപിക്കുന്നു. ഇടയ്ക്കു ചില ഓഹരികളോ ഉല്പന്നങ്ങളോ വിറ്റു ലാഭം അക്കൗണ്ടിൽ ചേർക്കുന്നു. എല്ലാം സന്തോഷകരം. ഒരു ദിവസം ഡാഷ് ബോർഡ് തെളിയുന്നില്ല. സൈറ്റിൽ കയറാൻ പറ്റുന്നില്ല. മൊബൈലുകൾ പ്രവർത്തിക്കുന്നില്ല. നൂറുകണക്കിനു പേരുടെ കോടിക്കണക്കിനു രൂപയുമായി ഏതോ സംഘം മുങ്ങിയെന്ന് പിന്നീടു പരാതിക്കാർ പൊലീസിനെ സമീപിക്കുമ്പോൾ മാത്രമാണ് മനസിലാകുക.

പുതുതായി ചേരുന്നവരിൽനിന്നു പണം വാങ്ങി പഴയ ആൾക്കാർക്കു നല്കി കുറേക്കാലം കുറേപ്പേരെ പറ്റിക്കുന്ന പോൺസി സ്കീമുകൾ, എംഎൽഎം (മൾട്ടിലെവൽ മാർക്കറ്റിംഗ്) സ്കീമുകൾ തുടങ്ങിയവ തട്ടിപ്പുരംഗത്തെ പഴയ കഥാപാത്രങ്ങളാണ്. അവ ഇടയ്ക്കിടെ പുതിയ പേരിൽ വരുന്നു. ജന്മദൗത്യം നിർവഹിച്ചു മടങ്ങുന്നു. ○

ജെറി ജോൺ



# 'ദശ' പുഷ്പങ്ങളുടെ വീട്

**കണ്ണൂർ കൊട്ടിയൂരിൽ പോടൂർ എന്നൊരു വീടുണ്ട്. സന്തോഷിന്റെയും രമ്യയുടെയും വീട്. മറ്റെങ്ങുമില്ലാത്ത ഒരു പ്രത്യേകത ഈ വീടിനുണ്ട്. ചെറുപ്പം കൈമോശം വന്നിട്ടില്ലാത്ത ഈ ദമ്പതികൾ 10 മക്കളുടെ മാതാപിതാക്കളാണ്! ഈ ക്രിസ്തുമസ്കാലത്ത് 'ദശ' പുഷ്പങ്ങൾ വിരിഞ്ഞ പോടൂർ വീട്ടിലെ വിശേഷങ്ങൾ അറിയാം.**

2008ൽ വിവാഹിതരാകുമ്പോൾ സന്തോഷിന് 26ഉം രമ്യയ്ക്ക് 21ഉം ആയിരുന്നു പ്രായം. ബിസിനസുകാരനായ സന്തോഷും നഴ്സായി മാനന്തവാടി സെന്റ് ജോസഫ് ഹോസ്പിറ്റലിൽ ജോലി ചെയ്തിരുന്ന രമ്യയും വിവാഹരാത്രിയിൽ ആദ്യം പ്രാർഥിച്ചത്, തങ്ങളെ അഞ്ചുമക്കളുടെയെങ്കിലും അപ്പനും അമ്മയും ആക്കണമേ എന്നായിരുന്നു. സന്തോഷിന് പ്രോലൈഫ് ആശയങ്ങൾ പകർന്നുകിട്ടിയത് ജീസസ് യൂത്ത് മൂവ്മെന്റിൽ നിന്നാണ്. ജീസസ് യൂത്തിൽവെച്ചു പരിചയപ്പെട്ട പലരും വലിയ കുടുംബങ്ങളുടെ

നാഥന്മാരും നാഥകളുമായിരുന്നു. അതിനാൽ കൂടുതൽ കുഞ്ഞുങ്ങളുടെ മാതാപിതാക്കളാകുക എന്ന സ്വപ്നം സന്തോഷിനൊപ്പം അന്നുമുതൽക്കേ ഉണ്ടായിരുന്നു.

ഭാര്യയായി കടന്നുവരുന്ന പെൺകുട്ടി തന്റെ സ്വപ്നത്തിന് കൂട്ടുവരുമോ എന്ന ആശങ്ക സന്തോഷിനെ അലട്ടി. പക്ഷേ ആദ്യരാത്രിയിൽതന്നെ അത്തരം ആശങ്കകൾ പെയ്തൊഴിഞ്ഞു. സന്തോഷിനെപ്പോലെ ചിന്തിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നവളായിരുന്നു രമ്യയും. ആ അറിവ് സന്തോഷിനു വലിയൊരു പിൻബലമായി. അഞ്ച് മക്കളിൽ തുടങ്ങിയ കുടുംബസങ്കല്പം ഇപ്പോൾ പത്തിലെത്തിനില്ക്കുന്നു എന്നതാണ് അവരിരുവരെയും വിസ്മയിപ്പിക്കുന്നത്.

ആൽഫിയ മുതൽ തുടർച്ചയായി നാലുപെൺകുട്ടികൾ പിറന്നപ്പോൾ, ഒരാൺകുട്ടിക്കുവേണ്ടിയുള്ള ആഗ്രഹമായിരിക്കും കൂടുതൽ കുഞ്ഞുങ്ങൾക്കു ജന്മം നല്കാൻ അവരെ പ്രേരിപ്പിക്കുന്നതെന്നേ ബന്ധുക്കൾക്കു തോന്നിയുള്ളൂ. അതുകൊണ്ട് അഞ്ചാമതായി ആൺകുട്ടി പിറന്നതുവരെ അവരാരും ഒന്നും പറഞ്ഞില്ല. അഞ്ചാമത്തെ കുട്ടി ആൺകുട്ടിയായിട്ടും, വലിയ കുടുംബം എന്ന യാഥാർഥ്യത്തിൽ നിന്ന് സന്തോഷും രമ്യയും പിന്തിരിഞ്ഞില്ല. അപ്പോൾ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും നെറ്റി ചുളിഞ്ഞു. 'നിർത്താറായില്ലേ' എന്നവർ പലരും അടക്കം പറഞ്ഞു. നാലാമത്തേതോടെ നോർമൽ ഡെലിവറി അവസാനിക്കയും, പിന്നീടെല്ലാം സിസേറിയനാകുകയും ചെയ്ത സാഹചര്യത്തിൽ ചോദ്യങ്ങളുടെ എണ്ണം കൂടി.

മക്കൾക്കിടയിലുള്ള പ്രായവ്യത്യാസം ഒന്നരയും രണ്ടുമായിരുന്നു. അടുപ്പിച്ചടുപ്പിച്ചുള്ള സിസേറിയൻ അമ്മയുടെ ആരോഗ്യത്തെ താറുമാറാക്കും എന്നാണല്ലോ പൊതുധാരണ. മനുഷ്യന്റെ അത്തരം കണക്കുകൂട്ടലുകളെയും ധാരണകളെയും തിരുത്തിയെഴുതി തങ്ങൾക്കു മുന്നോട്ടുപോകാൻ സാധിച്ചത് ദൈവകൃപയാലാണെന്ന് സന്തോഷും രമ്യയും പറയുന്നു. തൊക്കിലങ്ങാടി ക്രിസ്തുരാജ് ഹോസ്പിറ്റലിലെ ഡോക്ടർ സിസ്റ്റർമാരായ സിസിയുടെയും ടെസിയുടെയും റീനയുടെയും ട്രീറ്റ്മെന്റിലാണ് രമ്യയുടെ ഗർഭകാലം കടന്നുപോയത്. ഡോക്ടർ സിസ്റ്റേഴ്സ് നല്കിയ

**അടുപ്പിച്ചടുപ്പിച്ചുള്ള സിസേറിയൻ അമ്മയുടെ ആരോഗ്യത്തെ താറുമാറാക്കും എന്ന ധാരണ തിരുത്തിയെഴുതി മുന്നോട്ടുപോകാൻ സാധിച്ചത് ദൈവകൃപയാലാണെന്ന് സന്തോഷും രമ്യയും പറയുന്നു.**



പിന്തുണയും പ്രോത്സാഹനവും അവർ ഏറെ വിലമതിക്കുന്നു. പണ്ടുകാലത്ത് കുടുംബങ്ങളിൽ പത്തും പന്ത്രണ്ടും മക്കൾ അസാധാരണമായിരുന്നില്ല. പക്ഷേ ഇക്കാലത്ത് അത് തികച്ചും അസാധാരണമാണ്. അതിനെയാണ് സന്തോഷും രമ്യയും പ്രായോഗികമാക്കിയത്.

കൂടുതൽ മക്കളെ വളർത്താൻ പല ദമ്പതികളും വിസമ്മതിക്കുന്നതിനു നിരത്തുന്ന കാരണങ്ങളിൽ മുഖ്യം സാമ്പത്തികപരാധീനതയാണ്. എന്നാൽ മക്കളാണ് ധനമെന്ന പക്ഷമാണ് സന്തോഷിനും രമ്യയ്ക്കും. ഭൗതികമായ മറ്റെല്ലാ സമൃദ്ധികളെക്കാളും മക്കൾ എന്ന സമ്പത്തിൽ ഇവർ അഭിമാനം കൊള്ളുന്നു, സന്തോഷിക്കുന്നു.

ആൽഫിയ ലിസ്ബത്ത്, ആഗ്നസ് മരിയ, ആൻ ക്ലെറിൻ, അസിൻ തെരേസ്, ലിയോ ടോം, ലെവിൻസ് ആന്റണി, കാതറിൻ ജോക്കിമ, ജിയോവാന മരിയ, ജിയന്ന ജോസഫിന, ഹന്ന റോസ്‌ലിയ എന്നിവരാണ് സന്തോഷിന്റെയും രമ്യയുടെയും മക്കൾ.

അവിടെനിന്ന് യാത്രപറഞ്ഞിറങ്ങുമ്പോൾ നമ്മളും പറഞ്ഞുപോകും, സന്തോഷിന്റെ കുടുംബം വലിയ കുടുംബം എന്നതിലുപരി, സന്തോഷിന്റെ കുടുംബം സന്തോഷത്തിന്റെ കുടുംബമാണ്. ○

ആഷ്‌ലി തോമസ്



# അപ്പത്തിന്റെ വീട്ടിൽ പുൽക്കൂട് പണിയുന്നവർ

**ഹൗസ് ചാലഞ്ച് പദ്ധതിയിലൂടെ നൂറുകണക്കിന് വീടുകൾ നിർധനർക്കു നിർമിച്ചുനല്കിക്കൊണ്ടിരിക്കുന്ന സി. ലിസി ചക്കാലയ്ക്കലിന്റെ സുവിശേഷാത്മകമായ പ്രവർത്തനങ്ങൾ.**

തോപ്പുംപടി ഔർ ലേഡീസ് കോൺവെന്റ് ഹയർസെക്കന്ററി സ്കൂൾ അധ്യാപികയായി സി. ലിസി ചക്കാലയ്ക്കൽ സേവനം ചെയ്യുന്ന കാലം. ചെല്ലാനം പഞ്ചായത്തിലെ ഏറ്റവും പിന്നാക്കം നില്ക്കുന്ന തീരദേശമേഖലയിൽ നിന്നുള്ള കുട്ടികളായിരുന്നു കൂടുതലും. അവരുടെ വീടുകൾ സന്ദർശിച്ച് കുടുംബസാഹചര്യം മനസിലാക്കുക എന്നത് സിസ്റ്റേഴ്സിന്റെ വിദ്യാഭ്യാസശൈലിയുടെ ഭാഗമായിരുന്നു. അങ്ങനെ ചെല്ലുമ്പോൾ കാണുന്ന കാഴ്ചകൾ പലതും ഹൃദയഭേദകം. മേൽക്കൂരയും ചുവരുകളുമില്ലാത്ത ഒറ്റമുറി താവളങ്ങളായിരുന്നു മിക്ക വീടുകളും. മനുഷ്യർ താമസിക്കുന്നതുകൊണ്ടുമാത്രം അതിനെ വീടെന്നു വിശേഷിപ്പിക്കാം. ഫ്ളക്സുകളും പ്ലാസ്റ്റിക് ഷീറ്റുകളുംകൊണ്ടു മറയ്ക്കപ്പെട്ട വീടുകൾ. അച്ഛനും അമ്മയും മക്കളുമെല്ലാംകൂടി ഒറ്റമുറിയിൽ താമസിക്കേണ്ടിവരുന്ന ദയനീയസാഹചര്യം. ആ വീടുകളും അവിടെ താമസിക്കുന്ന മനുഷ്യരും തുടർന്നുള്ള ദിനരാത്രങ്ങളിൽ സി. ലിസിയുടെ ഉറക്കവും മനസമാധാനവും കെടുത്തി. അവർക്കുവേണ്ടി എന്തു ചെയ്യാൻ

കഴിയും? അവരെ എങ്ങനെ സഹായിക്കാനാവും? സുരക്ഷിതമായി താൻ കഴിയുന്ന ഭവനവും, യാതൊരുവിധ സുരക്ഷിതത്വവും ഇല്ലാതെ മനുഷ്യർ അന്തിയുറങ്ങുന്ന കുടിലുകളും തമ്മിലുള്ള താരതമ്യം മനസിലെ വേദനകൾക്ക് ആക്കംകൂട്ടി.

തോപ്പുംപടി സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കാനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരുന്ന സമയം. ആഘോഷങ്ങൾ എങ്ങനെ വ്യത്യസ്തമാക്കാം എന്ന ആലോചനകൾക്കിടയിൽ, ഭവനരഹിതരായ വിദ്യാർഥിനികളിൽ ഒരാൾക്കെങ്കിലും ഒരു വീട് നിർമിച്ചു നല്കിയാലോ എന്ന ആശയം സി. ലിസി മുന്നോട്ടുവെച്ചു. അതിനെ എല്ലാവരും പിന്തുണച്ചു. പക്ഷേ, അതെങ്ങനെ നടപ്പിലാക്കും എന്ന കാര്യത്തിൽ ആശയക്കുഴപ്പം.

2500 കുട്ടികൾ പഠിക്കുന്ന ഒരു സ്കൂളിൽ നിന്ന് ഒരാളെ മാത്രം തെരഞ്ഞെടുക്കാനുള്ള മാനദണ്ഡം എന്തായിരിക്കണം എന്നതായിരുന്നു പ്രധാന പ്രതിസന്ധി. അപ്പോഴാണ് സി. ലിസിയുടെ ക്ലാസിലെ ഒരു വിദ്യാർഥിനിയുടെ അചരൻ ഹൃദയാഘാതത്തെ തുടർന്ന് മരണമടഞ്ഞതും, സംസ്കാരച്ചടങ്ങിൽ പങ്കെടുക്കാൻ സിസ്റ്റർ അവിടെയെത്തിയതും. ആ വീടിന്റെ അവസ്ഥ, മുമ്പ് പലപ്പോഴും കണ്ടിട്ടുള്ളതിലും വെച്ചേറ്റവും ദയനീയമായിരുന്നു. സ്വന്തമായി ഒരു വീടുണ്ടാക്കണം എന്ന സ്വപ്നവുമായി അധ്വാനിച്ചിരുന്ന മനുഷ്യനാണ് പെട്ടെന്നൊരുനാൾ കുഴഞ്ഞുവീണു മരിച്ചത്. ആ സ്വപ്നം അനാഥമായി പോകരുതെന്ന് അന്നവിടെ നില്ക്കുമ്പോൾ സി. ലിസിയുടെ മനസിൽ ബലപ്പെട്ടു. അതോടു സഹകരിക്കാൻ വേറെ പലരും മുന്നോട്ടുവന്നതോടെ കാര്യങ്ങൾ എളുപ്പമായി. ഒടുവിൽ, തോപ്പുംപടി ഔർ ലേഡീസ് കോൺവെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ പ്ലാറ്റിനം ജൂബിലിയുടെ സ്മരണികയായി ആറുമാസത്തിനുള്ളിൽ ആ വിദ്യാർഥിനിക്ക് വീടു നിർമിച്ചുനല്കാൻ കഴിഞ്ഞു.

ആദ്യത്തെ വീടുനിർമാണത്തിന് പലരോടും സഹായം ചോദിച്ചു. കടകൾ തോറും കയറിയിറങ്ങി. 25000 രൂപ കടം വാങ്ങിയാണ് പണി തുടങ്ങിയത്. നിർമാണം പൂർത്തിയായി കഴിഞ്ഞപ്പോൾ 25000 രൂപ മിച്ചംവന്നു. ഒരു വീടിൽ മാത്രം ഒതുങ്ങിപ്പോകാതെ തുടർന്നും

**ആദ്യത്തെ വീട് നിർമിച്ചു കഴിഞ്ഞപ്പോൾ 25000 രൂപ മിച്ചം. ഒരു വീടിൽ ഒതുങ്ങിപ്പോകാതെ തുടർന്നും വീടുനിർമാണത്തിന് വഴിതെളിച്ചത് ബാക്കിവന്ന ഈ 25000 രൂപയാണ്.**



വീടുനിർമാണത്തിന് വഴിതെളിച്ചത് ബാക്കിവന്ന ഈ 25000 രൂപയാണ്. ഇടമുറിയാത്ത ഒരു തുടർച്ചയായി അതു മാറുകയായിരുന്നു. ഒരാൾക്കെങ്കിലും വീടു പണിതുകൊടുക്കണം എന്ന ആഗ്രഹത്തോടെ അന്നു മനസിൽ കത്തിപ്പടർന്ന തീയാണ് ഇന്നു സി. ലിസി ചക്കാലയ്ക്കലിന്റെ ഹൗസ് ചാലഞ്ച് പദ്ധതി വഴി 210 വീടുകളുടെ നിർമാണത്തിൽ എത്തിനില്ക്കുന്നത്. സി. ലിസി നേതൃത്വം കൊടുക്കുന്ന കെസിയ ഹോപ്പ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ഈ ക്രിസ്തുമസിന് നാലു പുതിയ വീടുകളുടെ പണികൂടി പൂർത്തിയാകും.

സത്യത്തിൽ ഇത് സി. ലിസിയുടെ സെക്കന്റ് ഇന്നിങ്സാണ്. 2024 മാർച്ചിൽ പ്രിൻസിപ്പൽ സ്ഥാനത്തുനിന്നു വിരമിച്ചതിനെ തുടർന്ന് പുതിയ ഉത്തരവാദിത്തവുമായി സി. ലിസി പോയത് ചെന്നൈയിലെ സ്റ്റെല്ല മാരീസിലേക്കായിരുന്നു. അഡ്മിനി

സ്ട്രേഷൻ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ച് സ്വസ്ഥവും ശാന്തവുമായി കഴിയാനുള്ള എല്ലാ സാധ്യതകളുമുള്ള സ്ഥലം. എന്നാൽ സി. ലിസിയ്ക്ക് അതേറെ പ്രയാസം നിറഞ്ഞതായിരുന്നു. കരയിൽ പിടിച്ചിട്ട മത്സ്യം കണക്കെയുള്ള ജീവിതം.

ചെന്നൈയിലെ ചേരികളിലൂടെ സഞ്ചരിച്ചപ്പോൾ സിസ്റ്റർ ഒരു കാര്യം തിരിച്ചറിഞ്ഞു; എല്ലായിടത്തും ദരിദ്രരുണ്ട്, ഭവനരഹിതരുണ്ട്. പക്ഷേ തികച്ചും അപരിചിതമായ ഇവിടെ നിന്നുകൊണ്ട് ഭവനരഹിതർക്കുള്ള വീടുപദ്ധതി പ്രാവർത്തികമാക്കാൻ ബുദ്ധിമുട്ടാണ്. എത്രയും പെട്ടെന്ന് കേരളത്തിൽ തിരിച്ചെത്തണം. പദ്ധതി പുനരാരംഭിക്കണം. പ്രാർഥന ദൈവം കേട്ടു. വീണ്ടും കേരളത്തിലേക്ക് മടക്കം.

അവിടെയെത്തിയപ്പോൾ പുതിയ പ്രശ്നം. പ്രിൻസിപ്പൽ ആയിരുന്നപ്പോൾ ചാരിറ്റിപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആളുകളെ കാണാനും സഹായം എത്തിക്കാനും സ്കൂൾ ഒരു വേദിയായിരുന്നു. പക്ഷേ റിട്ടയർമെന്റോടെ അതില്ലാതായി. സാമ്പത്തികമായി സഹായിച്ചിരുന്ന വ്യക്തികൾക്കുപോലും സഹായം എത്തിക്കാൻ കഴിയാത്ത അവസ്ഥ. ഈ സന്ദർഭത്തിലാണ് കോൺഫിഡന്റ് ഗ്രൂപ്പ് എംഡി ടി.എ ജോസഫ് സി. ലിസിക്കു നേരെ സഹായഹസ്തം നീട്ടിയത്. ഇപ്പോൾ സിസ്റ്ററുടെ ഭവനപദ്ധതിയ്ക്ക് മാസംതോറും ഒരുലക്ഷം രൂപ അദേഹം നല്കുന്നു.

കഴിഞ്ഞമാസം പാലാരിവട്ടത്ത് കെസിയ ഹോപ്പ് സെന്റർ എന്ന പേരിൽ ഓഫീസ് തുടങ്ങി. നിർധനരും ഭിന്നശേഷിക്കാരുമായ വ്യക്തികൾക്കാണ് ഭവനനിർമാണപദ്ധതിയിൽ മുൻഗണന. മൂന്നുമുതൽ ഏഴുലക്ഷം വരെ രൂപ മുടക്കിയാണ് ഓരോ വീടിന്റെയും നിർമാണം.

സുവിശേഷം പ്രഘോഷിക്കുന്നതിനൊപ്പം, സുവിശേഷം പ്രവൃത്തിപഥത്തിലെത്തിക്കേണ്ട ഉത്തരവാദിത്തം കൂടി നമുക്കുണ്ടെന്നാണ് സി. ലിസിയുടെ പക്ഷം. ലക്ഷക്കണക്കിന് രൂപാ ആർഭാടങ്ങൾക്കു ചെലവഴിക്കുന്നവരോട് അവർ പറയുന്നു: ഇങ്ങനെ ധൂർത്തടിക്കുന്ന പണം, ഒരു പാവപ്പെട്ടവനു വീടു നിർമിക്കാൻ കൊടുക്കുമെങ്കിൽ അതാണ് പുണ്യം. ○

# ക്യാബിൻ ഹൗസ് പ്രോജക്ട്

**2018 മുതൽ 2025 വരെ 425 വീടുകൾ പണിതുകൊടുത്ത ക്യാബിൻ ഹൗസ് പ്രോജക്ടിന്റെ വിശേഷങ്ങൾ.**

ആഴ്ചയിൽ ഒരു വീടു വീതം മാസത്തിൽ നാലോ അഞ്ചോ വീടുകൾ നിർധനർക്കായി പണിതുകൊടുക്കുന്ന ഒരു പദ്ധതിയെക്കുറിച്ച് എത്രപേർക്കറിയാം? കേരളത്തെ പ്രളയത്തിൽ മുക്കിയ 2018ൽ മാത്രം 100ൽ അധികം വീടുകൾ പാവപ്പെട്ടവർക്കു പണിതുകൊടുത്ത ഒരു ഭവനനിർമാണപദ്ധതിയുണ്ട്. ആ പദ്ധതിയുടെ തുടർച്ചയായിട്ടാണ്, കാസർകോഡ് ജില്ലയിലൊഴികെ കേരളത്തിലെ എല്ലാ ജില്ലകളിലും ഇപ്പോൾ വീടുകൾ പണിതുകൊണ്ടിരിക്കുന്നത്. കണ്ണൂർ, വയനാട്, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി 22 വീടുകളുടെ നിർമാണം പലഘട്ടങ്ങളിൽ എത്തിനില്ക്കുന്നു. അതിൽ ഇടുക്കി ജില്ലയിലെ അഞ്ചുവീടുകൾ ഈ മാസം പൂർത്തിയാകും. ഫാ. ജിജോ കുര്യൻ എന്ന കപ്പുച്ചിൻ വൈദികന്റെ നിയോഗത്തോട് സഹകരിച്ചു പ്രവർത്തിക്കാൻ, ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള മനുഷ്യസ്നേഹികൾ മുന്നോട്ടുവരുന്നതിന്റെ ഫലമാണ് ഈ വീടുകളെല്ലാം.

2018ലെ വെള്ളപ്പൊക്കത്തിൽ വീടുനഷ്ടപ്പെട്ടവരുടെ വേദനകളും നിസഹായതകളുമാണ് ഫാ. ജിജോയെ, നിർധനർക്ക് ഒരു വീട് എന്ന ആശയം പ്രവൃത്തിപഥത്തിലെത്തിക്കാൻ പ്രേരിപ്പിച്ചത്. ക്യാബിൻ ഹൗസ് മോഡലിൽ ചെലവുകുറഞ്ഞ

വീടുകളായിരുന്നു ആദ്യം. വീ ബോർഡു കൊണ്ടാണ് പാർട്ടീഷൻ. പിന്നീട് കുറേക്കൂടി സൗകര്യമുള്ള വീടിനെക്കുറിച്ചായി ആലോചനകൾ. ഭവനരഹിതരുടെ ആവശ്യം വർധിച്ചുവന്നപ്പോൾ മാറിചിന്തിക്കേണ്ട സാഹചര്യം വന്നു. രണ്ടുമുറിയും അടുക്കളയും ബാത്ത്റൂമും വരാന്തയും എന്ന മാതൃകയിൽ ഇപ്പോഴുള്ള വീടുനിർമാണം ആരംഭിച്ചത് അങ്ങനെയാണ്. അപ്പോഴും തുടക്കത്തിൽ സ്വീകരിച്ച ക്യാബിൻ ഹൗസ് പ്രോജക്ട് എന്ന ടൈറ്റിൽ ഒഴിവാക്കിയില്ല.

കേരളസർക്കാരിന്റെ ഭവനനിർമാണപദ്ധതിയുടേതുപോലെ 420 സ്ക്വയർ ഫീറ്റ് വിസ്തീർണമുള്ള വീടുകളാണ് പൊതുവെ നിർമിക്കുന്നത്. ഭൂപ്രകൃതിയുടെ പ്രത്യേകതകളും ആവശ്യക്കാരന്റെ സാഹചര്യവും മനസിലാക്കി ഇക്കാര്യത്തിൽ ഏറ്റക്കുറച്ചിലുകൾ വരാറുണ്ട്. വയനാട്ടിൽ പണിതുകൊടുക്കുന്ന കോൺക്രീറ്റ് വീടുകൾ ഉദാഹരണം. ഒരിക്കൽ വീടുണ്ടായിരുന്നവരാണ് അവരെല്ലാം; വീടു നഷ്ടപ്പെട്ടതിന്റെ വേദനയിൽ കഴിയുന്നവർ. അതുകൊണ്ടാണ് ഇത്തരം വീടുകൾ നല്കാൻ തീരുമാനിച്ചത്. വീൽച്ചെയറിൽ കഴിയുന്നവരാണ് കുടുംബാംഗങ്ങളെങ്കിൽ, അവർക്ക് ഒറ്റയ്ക്കു കാര്യങ്ങളെല്ലാം ചെയ്യാൻ സൗകര്യമുള്ള വിധത്തിലായിരിക്കും വീടിന്റെ ഇന്റീരിയർ. ഇങ്ങനെ ഓരോ വീടിനും അതതിന്റെ വ്യത്യസ്തതകളുണ്ട്. കിടപ്പുരോഗികൾ, വിധവകൾ, കാൻസർ രോഗികൾ, പഠിക്കുന്ന പെൺകുട്ടികൾ മാത്രമുള്ള കുടുംബം, ഗവണ്മെന്റ് ആനുകൂല്യം ലഭിക്കാൻ സാധ്യതയില്ലാത്തവർ... അങ്ങനെ പോകുന്നു ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

ഒരു സ്പോൺസർ, ഒരു വീട് എന്ന രീതിയാണ് അവലംബിക്കുന്നത്. പലരിൽ നിന്നും പണം ശേഖരിച്ച് ഒരാൾക്ക് വീടു പണിതുകൊടുക്കുകയല്ല, പകരം, ഒരു വീടു നിർമിക്കാൻ ആവശ്യമായ മുഴുവൻ തുകയും ഒരു വ്യക്തിയിൽനിന്ന് ശേഖരിക്കുന്നു. ഏകദേശം അഞ്ചുലക്ഷം രൂപ ഒരുവീടിന്റെ നിർമാണത്തിന് വേണ്ടിവരും. വീടിന്റെ അവസാനത്തെ പണി ചെയ്യുന്ന ആളാരാണോ, അതു ചിലപ്പോൾ പെയ്ന്ററാകാം, ആശാരിയാകാം, ആ തൊഴിലാളിയാണ് ഉടമയ്ക്കു വീടിന്റെ താക്കോൽ കൈമാറുന്നത്. താക്കോൽ കൈമാറുന്നതിന്റെ ചിത്രമോ



**2018ലെ വെള്ളപ്പൊക്കത്തിൽ വീടുനഷ്ടപ്പെട്ടവരുടെ വേദനകളും നിസഹായതകളുമാണ് ഫാ. ജിജോയെ, നിർധനർക്ക് ഒരു വീട് എന്ന ആശയം പ്രവൃത്തിപഥത്തിലെത്തിക്കാൻ പ്രേരിപ്പിച്ചത്.**

വീട്ടുടമയുടെ ഫോട്ടോയോ പ്രസിദ്ധീകരിച്ച് പരസ്യപ്പെടുത്താറില്ല. പബ്ലിസിറ്റി, ക്യാബിൻ ഹൗസ് പ്രോജക്ടിന് പാടില്ല. ഫാ. ജിജോയുടെ ഫേസ്ബുക്ക് പേജിൽ നിർമാണം പൂർത്തിയായ വീടുകളുടെ ചിത്രം പോസ്റ്റ് ചെയ്യും. അത്രമാത്രം.

ആർക്കാണ് വീടു പണിതുകൊടുത്തത് എന്നറിയാവുന്നത് സ്പോൺസർക്കു മാത്രം. എല്ലാ ദിവസവും വീടുനിർമാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ അദേഹത്തിന് അപ്ഡേറ്റ് ചെയ്യും. മതമോ ജാതിയോ നോക്കിയല്ല ക്യാബിൻ ഹൗസ് പ്രോജക്ടിന്റെ പ്രവർത്തനം. വീട് എല്ലാവരുടെയും സ്വപ്നമാണ്. ആ സ്വപ്നത്തിന് കൂട്ടുപോകാൻ മനസും ശരീരവും പണവും അധ്വാനവും വേണം. അതിനു തയാറുള്ളവരുടെ കൂട്ടായ്മയാണ് ക്യാബിൻ ഹൗസ് പ്രോജക്ട്. ○

ബോബി ജോസ് കട്ടിക്കാട്

# മാലാഖയായിത്തീരുക



**ദൈവമേ, മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന ഗോവണിയായി എന്റെ ബോധത്തെ നീ മാറ്റേണമേ.**

നല്ല മഴയുള്ള ജൂണിലെ ഒരു പ്രഭാതത്തിലാണ് ആശ്രമത്തിലേക്കെത്തുന്നത്. വീടുവിട്ടുള്ള ആദ്യയാത്ര. നല്ല പരിഭ്രമമുണ്ട്. അതു മനസിലാക്കിയ ജ്യേഷ്ഠൻ, യാത്രയിലുടനീളം തന്റെ കരംകൊണ്ട് എന്റെ കൈത്തലം തടവിക്കൊണ്ടിരുന്നു. അത് അദ്ദേഹത്തിന്റെ ഏറ്റവും ആത്മനിർഭരമായ ശരീരഭാഷയാണ്. കൊല്ലത്തെ തില്ലേരി എന്ന ആശ്രമമാണ് ലക്ഷ്യം. ചിത്രങ്ങളിൽ കാണുന്നതുപോലത്തെ ആശ്രമം. ഫ്രഞ്ച് മാതൃകയിൽ പൂർവികർ രൂപപ്പെടുത്തിയ ഇടം. വലിയ ഇടനാഴികൾ. നിറയെ മരങ്ങൾ. എന്നിട്ടും പരിഭ്രമം അവസാനിക്കുന്നില്ല.

> പകയും വെറുപ്പുമില്ലാതെ നമ്മുടെ ഭാവനകളെ ശുദ്ധീകരിച്ച് മുന്നോട്ടുകൊണ്ടുപോയില്ലെങ്കിൽ നമ്മുടെ നിലനില്പിന് എന്താണർഥം?

അപ്പോൾ കാര്യമായ പ്രായവ്യത്യാസമില്ലാത്ത ഒരു കൗമാരക്കാരൻ അരികിലേക്കെത്തി. അയാളുടെ ശരീരം മുഴുവൻ പുഞ്ചിരിയാണെന്ന് എനിക്കു തോന്നി. ഏറ്റവും പ്രസാദാത്മകമായി അവസാനത്തോളം ഞാൻ കണ്ടിട്ടുള്ള ആളാണ്. അരികിലേക്കു വന്നിട്ട് നേരെ കൈനീട്ടുന്നു. എന്റെ പേര് ആഞ്ചലോസ്. തിരുവനന്തപുരത്ത് വെട്ടുകാടാണ് വീട്. എന്റെ ഉത്തരവാദിത്തം നിന്റെ ഗാർഡിയൻ ഏയ്ഞ്ചൽ ആവുക എന്നതാണ്. ആ പേരിനുതന്നെ മാലാഖ എന്നാണർഥം. അപ്പോൾ അയാൾ എന്റെ ഗാർഡിയൻ ഏയ്ഞ്ചൽ ആകാൻ പോവുകയാണ്. എനിക്കന്ന് അതേക്കുറിച്ച് വേണ്ടത്ര ധാരണകളില്ല. പിന്നീടാണ് മനസിലാകുന്നത്, ഒരു ആസ്പിരന്റ് പുതുതായി വരുമ്പോൾ അയാൾക്ക് അവിടത്തെ ശീലങ്ങൾ പറഞ്ഞുകൊടുക്കാനും അയാളുടെ പരിഭ്രമത്തിന്റെ അളവ് കുറയ്ക്കാനും അയാൾ ചെയ്യേണ്ട കാര്യങ്ങൾ കൃത്യമായി കാണിച്ചുകൊടുക്കാനും ഏതെങ്കിലുമൊക്കെ വിധത്തിൽ മനസിടിയുമ്പോൾ അയാളെ ചേർത്തുനിർത്താനുമുള്ള ഉത്തരവാദിത്തം ഈ മാലാഖയുടേതാണ്.

മാലാഖയ്ക്കുവേണ്ടി ഇങ്ങനെ പത്തുപന്ത്രണ്ട് കാര്യങ്ങൾ പറഞ്ഞുവെച്ചിട്ടുണ്ട്. അത് വല്ലാത്തൊരു ആശ്വാസമായിരുന്നു. അപരിചിത ഇടത്തിൽ പെട്ടെന്ന് നിങ്ങളെതേടി ഒരു സഹായകൻ വരുന്നു. നിങ്ങളെ പിന്തുടരാൻ ഒരാളുണ്ടാവുക. ഇതൊക്കെ പറയാൻ കാരണം, അടുത്തയിടെ ഒരു ധ്യാനത്തിൽ പങ്കെടുത്തു. വളരെ ലിബറലായ ഒരു ധ്യാനം. അതിന്റെ ആരംഭത്തിൽത്തന്നെ ഒരു ഗെയിം കണക്കെ ചെറിയൊരു കാര്യം അവർ പ്ലാൻ ചെയ്തിരുന്നു. ഒരു കുറിയെടുക്കലാണത്. നമുക്കും ഒരു ലോട്ട് കിട്ടും. നാല്പതോളം പേർക്കിടയിൽ നമുക്കു കിട്ടിയ ആളുടെ നിശബ്ദ ഗാർഡിയൻ ഏയ്ഞ്ചലായി സഹവാസം തീരുംവരെ കൂടെയുണ്ടാവണം.

അയാളെ ശ്രദ്ധിക്കുക. അയാൾക്ക് ആവശ്യമുള്ള കാര്യങ്ങൾ എത്തിച്ചുകൊടുക്കുക. അയാൾക്ക് പേരു വെളിപ്പെടുത്താതെ സമ്മാനങ്ങൾ കൈമാറിക്കൊണ്ടിരിക്കുക.

ഭംഗിയുള്ള ഗെയിമാണത്. 40 പേരിലൊരാൾ എന്റെ കൂടെ നടക്കുന്നുണ്ട്. അയാളെ എനിക്ക് തിരിച്ചറിയാൻ പോലും പറ്റുന്നില്ല.



പുതിയനിയമത്തിലെ
പാപത്തിന് കഥാര
ആവശ്യമില്ല.
വ്യഭിചാരത്തിന്
കിടക്കയും
ആവശ്യമില്ല.

ഈ 39 പേരും അയാളുടെ ഏറ്റവും പ്രിയപ്പെട്ട ആൾ ആയി മാറുന്നു എന്നതാണ് അതിനകത്തെ സൗന്ദര്യം. ഏതാണ് എന്റെ മാലാഖ എന്നുമാത്രം അറിഞ്ഞുകൂടാ. Angel എന്ന പദംപോലും നമ്മുടെ ജീവിതത്തെ എന്തുമാത്രം ഭംഗിയുള്ളതാക്കുന്നുണ്ട്. എന്തുമാത്രം നമ്മുടെ ഭാവനയെ ആ വിചാരം വിമലീകരിക്കും.

നാടുമുഴുവൻ കേൾക്കത്തക്കവിധത്തിൽ ത്രികാലസന്ധ്യാജപം വെക്കുന്ന രീതി ആശ്രമത്തിൽ ഉണ്ടായിരുന്നു. മൂന്നുനേരം ഇതാവർത്തിക്കും. കർത്താവിന്റെ മാലാഖ, ഫ്രാൻസിസ്കൻ പ്രാർഥനയാണ്. ബൊനവഞ്ചറാണത് രൂപപ്പെടുത്തിയത്. ഫ്രാൻസിസ്കൻ സന്യാസിമാർ പോയവഴിക്കൊക്കെ ആ പ്രാർഥനയ്ക്കു പ്രചാരം കൊടുത്തു. പള്ളിമണികൾ മുഴങ്ങുമ്പോൾ നമ്മൾ എണീറ്റുനിന്ന് ആ പദസമുച്ചയം ആവർത്തിക്കുന്നു; Angel of God. ഓരോ ആറുമണിക്കൂറിനിടയിലും നമ്മുടെ ബോധത്തിനുള്ളിലേയ്ക്ക് ആ വാക്ക് കടന്നുവരികയാണ്.

എല്ലാത്തരത്തിലും അഴുക്കുപുരണ്ട ഒരു കാലത്ത്, പതുക്കെപതുക്കെ ലോകം അതിന്റെ ശുദ്ധിയിൽ നിന്ന് അകന്നുപോകുന്ന കാലത്ത് നൈർമല്യത്തെയും നിഷ്കളങ്കതയെയും തിരിച്ചുപിടിക്കാൻ ആ പദം ആവർത്തിച്ചു വിളിക്കണമെന്നു തോന്നുന്നു.

അടുത്തിടെ ഒരു ഓർമക്കുറിപ്പിന് അവതാരിക എഴുതേണ്ടി വന്നു. ആ വീടിന് സ്പിരിചൽ ആനിമേഷൻ പോലും കൊടുത്തിരുന്ന, നമുക്കു വിശ്വസിക്കാൻ പറ്റുന്ന ഒരു മകൻ കടന്നുപോവുകയാണ്.

**എല്ലാത്തരത്തിലും അഴുക്കുപുരണ്ട ഒരു കാലത്ത്, നൈർമല്യത്തെയും നിഷ്കളങ്കതയെയും തിരിച്ചുപിടിക്കാൻ കർത്താവിന്റെ മാലാഖ എന്ന പദം ആവർത്തിച്ചു വിളിക്കണമെന്നു തോന്നുന്നു.**

ആ മകനെക്കുറിച്ച് അമ്മ ശോഭ, അധ്യാപികയാണ്, സാമാന്യം ദീർഘമായ ചില ഓർമക്കുറിപ്പുകൾ എഴുതി. അമ്മ മകനെ ഓർമിച്ചെടുക്കുകയാണ്. എന്താണ് അമ്മയും അഛനും മകനെക്കുറിച്ച് പറഞ്ഞതെന്ന് അറിയാൻ ഞാൻ കണ്ടെത്തിയ വാക്ക് ഇതായിരുന്നു; Angel.

പഴയനിയമത്തിൽ വായിച്ചുകേട്ടിട്ടില്ലേ, യാക്കോബ് ഒരു ഗോവണി കണ്ടു. ആ ഗോവണിയിലൂടെ മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നു. നമ്മുടെയൊക്കെ ലളിതമായ ഒരു പരിസരത്തിനകത്ത് മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന ഒരു ഗോവണിയായാണ്, കടന്നുപോയ മകൻ ടോമിനെ ഞാൻ ഓർമിച്ചെടുത്തത്. അമ്മയും അഛനുമൊക്കെ പറഞ്ഞതിൽ നിന്നാണ് അതിന്റെ പിറവി. സംശയമില്ല, നമ്മുടെ ഭാവനയെ വളരെയധികം വിമലീകരിക്കുന്ന ഒരു വാക്കാണ് മാലാഖ. നമ്മുടെ ബുദ്ധിയെയും ഭാവനയെയുമൊക്കെ, യാക്കോബ് കണ്ട ബദൽസ്വപ്നം പോലെ രൂപപ്പെടുത്തിയിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ.

നമ്മുടെ ഭാവനയിലേക്ക് പലപ്പോഴും കയറിവരുന്നത് വെറുപ്പും കയ്പുമല്ലേ? വാസ്തവത്തിൽ ഈ ഭാവനകൾക്കൊക്കെ വലിയ ശുദ്ധീകരണം ആവശ്യമുണ്ട്. ഭാവനയെ ശുദ്ധീകരിക്കാനായിരിക്കണം നാം പ്രാർഥിക്കേണ്ടത്. വിശുദ്ധ റീത്തായുടെ ഭർത്താവ് കൊല്ലപ്പെട്ടു. അയാളെ അടക്കുന്ന നേരത്ത് അവരുടെ ഇരട്ടക്കുട്ടികളായ മക്കൾ പറയുന്നു: അമ്മ വിഷമിക്കരുത്. ഞങ്ങൾ വലുതാകുമ്പോൾ ഇതിന് പ്രതികാരം ചെയ്തിരിക്കും.

അമ്മ മുട്ടിന്മേൽനിന്നു പ്രാർഥിക്കുന്നു: എന്റെ മക്കളെ പകയിൽനിന്ന് മുക്തരാക്കി വളർത്താൻ എനിക്കു പറ്റിയില്ലെങ്കിൽ, അവരുടെ ആയുസിനെ ഒടുക്കിക്കൊള്ളുക. രണ്ടു കുട്ടികളും ചെറുപ്പത്തിൽത്തന്നെ മരണമടഞ്ഞു. കഠിനമായ ഒരു കഥയാണത്. പകയും വെറുപ്പുമില്ലാതെ, മനുഷ്യനിരാസമില്ലാതെ നമ്മുടെ ഭാവനകളെ ശുദ്ധീകരിച്ച് മുന്നോട്ടുകൊണ്ടുപോയില്ലെങ്കിൽ നമ്മുടെ നിലനില്പിന് എന്താണർഥം? എന്തുമാത്രം ചവർപ്പും കയ്പുമൊക്കെയായിട്ടാണ് നമ്മുടെ ബുദ്ധിയെ നാം നിറച്ചിരിക്കുന്നത്. അത്രയും കയ്പും ചവർപ്പും നമ്മുടെ ജീവിതങ്ങൾ അർഹിക്കുന്നുണ്ടോ?

നമ്മുടെ ഭാവനയിലേക്കു കൊണ്ടുവരുന്ന എല്ലാത്തരം ഭംഗിയില്ലാത്ത വിചാരങ്ങളും നമ്മളെതന്നെയാണ് കാർന്നുതിന്നുന്നത്. ഒരു മത്സ്യം ഒരു കക്കയെ വിഴുങ്ങുന്നു. കക്കയുടെ പുറന്തോട് കഠിനമായതുകൊണ്ട് ചെറിയ മത്സ്യത്തിന് അതിനെ ഡൈജസ്റ്റ് ചെയ്യാൻ പറ്റുന്നില്ല. വിഴുങ്ങിയ കക്ക അതിന്റെ ഉള്ളിൽ ഇടംകണ്ടെത്തുകയാണ്. അതിന് ജീവിച്ചേ തീരൂ. ജീവിക്കാൻ വേണ്ടി കക്ക ചെയ്യുന്നതെന്താണ്? തന്നെ വിഴുങ്ങിയ അതേ മത്സ്യത്തെ അകത്തിരുന്നു ഭക്ഷിക്കുന്നു. ഉത്തമഗീതത്തിൽ പറയുന്നതുകണക്കെ, മുന്തിരിത്തോട്ടം നശിപ്പിക്കുന്ന ചെറിയ കുറുക്കന്മാരെ ഏതെങ്കിലും വിധത്തിൽ പ്രതിരോധിക്കണമെങ്കിൽ ഭംഗിയുള്ള ഭാവന ആവശ്യമുണ്ട്.


പുതിയനിയമത്തിൽ പാപംപോലും ക്രിയയല്ല, അഭംഗിയുള്ള ഭാവനയാണ്. പഴയനിയമത്തിൽ കൊലപാതകം ചോരവീഴ്ത്തലും, വ്യഭിചാരം കിടക്കപങ്കിടലുമാണ്. പുതിയനിയമത്തിലെ പാപത്തിന് കഠാര ആവശ്യമില്ല. വ്യഭിചാരത്തിന് കിടക്കയും ആവശ്യമില്ല. ഉള്ളിന്റെയുള്ളിൽ നിന്റെ സഹോദരനെ നീ ഭോഷൻ എന്നു കരുതുമ്പോൾതന്നെ നീ പാപം ചെയ്തു കഴിഞ്ഞു. ആസക്തിയോടെ സ്ത്രീയെ നോക്കുന്ന നിമിഷംതന്നെ രണ്ടാമത്തെ അപരാധത്തിലേക്കു പാളിവീഴുന്നു. പുതിയനിയമത്തിലെ പാപസങ്കല്പം പോലും ഭാവനയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭാവനകളുടെ വിശുദ്ധീകരണമാണ് നമുക്കാവശ്യം.

ദൈവമേ, മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന ഗോവണിയായി എന്റെ ബോധത്തെ നീ മാറ്റേണമേ. ○

ഡോ. വിശാൽ വർഗീസ്

# മധ്യവയസിലെ പ്രതിസന്ധികൾക്കു പരിഹാരമുണ്ട്


**ഏറ്റവും കൂടുതൽ യാത്രകൾ നടത്തേണ്ട പ്രായമാണ് മധ്യവയസ്. യാത്രകൾ ഒരുക്കുന്ന ഒത്തുചേരലുകളും നല്കുന്ന നവീന അനുഭവങ്ങളും നമ്മെ ഊർജസ്വലരാക്കും.**



അയാൾ യൗവനത്തിൽ തരക്കേടില്ലാത്ത വിധത്തിൽ എഴുതിയിരുന്നു. മലയാളത്തിലെ ഒന്നാംകിട പ്രസിദ്ധീകരണങ്ങളിൽ അക്കാലത്ത് കവിതകളും കഥകളും അച്ചടിച്ചുവന്നിട്ടുമുണ്ട്. ഗൗരവമുള്ള വായനക്കാരനുമായിരുന്നു. ഇതിനൊക്കെ പുറമെ അഭിനയത്തിന്റെ അസ്കിതയും. ജീവിതത്തിലെ പ്രാരബ്ധങ്ങളും, രണ്ടറ്റവും കുട്ടിമുട്ടിക്കാനുള്ള ശ്രമവും സമയത്തിന്റെ ഏറിയ പങ്കും അപഹരിച്ചപ്പോൾ എഴുത്തും വായനയും നിലച്ചു. സർക്കാർ സർവീസിൽ ഫയലുകൾക്കിടയിലായി ജീവിതം. മക്കൾ മുതിർന്ന് മുന്നോട്ടുപോയി. ഇതിനിടെയായിരുന്നു വിരമിക്കൽ. അതോടെ കഥ മുഴുവൻ മാറി. അയാൾ വളരെ നിരാശനും നിഷ്ക്രിയനുമായി കാണപ്പെട്ടു. ആരോടും സംസാരമില്ല. പുറത്തിറങ്ങാൻ ഭയങ്കര മടി.

### മധ്യവയസിനേല്ക്കുന്ന മുറിവുകൾ

മധ്യവയസിലെത്തുന്ന പലരെയും ഈ അവസ്ഥ പിടികുടുന്ന



**ജീവിതത്തിൽ പൂർത്തീകരിക്കാനാവാതെ പോയ പലതും മനസിനെ അലട്ടുമ്പോൾ, മനസിലുള്ള ആശങ്കകളും ആകുലതകളും ആരോടെങ്കിലുമൊക്കെ തുറന്നുപറയാൻ മടിക്കരുത്.**

തായി കാണുന്നു. 40 മുതൽ 60 വരെയുള്ള പ്രായമാണ് പൊതുവെ മധ്യവയസായി കണക്കാക്കുന്നത്. കുടുംബജീവിതവും തൊഴിൽജീവിതവും ഏറെക്കുറെ സ്ഥിരത കൈവരിക്കുന്ന പ്രായം. ജീവിതത്തിലെ ഏറ്റവും നല്ല പ്രായമെന്നോ, നേട്ടങ്ങൾ കൈവരിക്കുന്ന പ്രായമെന്നോ ഇതിനെ വിശേഷിപ്പിക്കാറുമുണ്ട്.

എന്നാൽ ചിലരെ സംബന്ധിച്ചിടത്തോളം ഈ പ്രായം അത്രമേൽ ആത്മാഭിമാനമോ സന്തോഷമോ നല്കുന്ന ഒന്നല്ല. കാരണം ജീവിതത്തിലെ പൂർത്തീകരിക്കാനാവാതെ പോയ പലതും മനസിനെ അലട്ടാൻ തുടങ്ങുന്നതും വേദനിപ്പിക്കുന്നതും ഈ പ്രായത്തിലാണ്. യുവത്വത്തിന്റെ ആവേശവും ആകാംക്ഷകളും ക്രമേണ കുറഞ്ഞുപോകുന്നു. ജീവിതത്തിൽ ഇനിയൊന്നും പ്രതീക്ഷിക്കാനില്ലെന്നു തോന്നിത്തുടങ്ങുന്നു. അതോടെ ജീവിതം ഭാരമായി അനുഭവപ്പെടാം. നിരാശ കരിനിഴൽ വീഴ്ത്താൻ പിന്നെ വല്ലതും വേണോ.

**താരതമ്യങ്ങൾ വരുത്തിവെക്കുന്ന വിന**

മധ്യവയസിലെത്തുമ്പോഴായിരിക്കും, മറ്റുള്ളവരുടെ നേട്ടങ്ങളെയും സ്വന്തം നേട്ടങ്ങളെയും താരതമ്യപ്പെടുത്താനുള്ള പ്രവണത ഒരാളിൽ ശക്തമാകുന്നത്. ഒരുപോലെയുള്ള സാഹചര്യങ്ങളിൽനിന്ന് വന്നവരായിട്ടും, അപരൻ തന്നേക്കാൾ വലിയ ഉയരങ്ങളിലെത്തിയല്ലോ, താൻ ഇതുവരെയും ഒന്നും കൈവരിച്ചില്ലല്ലോ എന്ന അപകർഷബോധം മിഡിൽ ഏജ് പ്രതിസന്ധിയിൽ സുപ്രധാനപങ്കു വഹിക്കുന്നുണ്ട്.

**ശാരീരികമാറ്റങ്ങൾ**

ശരീരത്തിൽ സംഭവിക്കുന്ന മാറ്റങ്ങളും മധ്യപ്രായ പ്രതിസന്ധിക്കു വഴിയൊരുക്കാം. ഹോർമോൺ വ്യതിയാനങ്ങൾ, ശരീരത്തിനു ബലം കുറഞ്ഞുവരുന്നത്, ആരോഗ്യപ്രശ്നങ്ങൾ, ഉദ്ധാരണപ്രശ്നങ്ങൾ, ലൈംഗികജീവിതത്തിലുണ്ടാകുന്ന മാറ്റം എന്നിവയെല്ലാം ഇതിന് ഉദാഹരണമായി ചൂണ്ടികാണിക്കപ്പെടുന്നു.

**എംപ്റ്റി നെസ്റ്റ് സിൻഡ്രോം**

സാമൂഹികമായ ചില കാരണവും മിഡിൽ ഏജ് പ്രതിസന്ധിക്കു വഴിവെക്കാം. പഠനത്തിനോ ജോലിക്കോ വേണ്ടി മക്കൾ വീടുകളിൽനിന്നു മാറിനില്ക്കേണ്ടിവരുമ്പോൾ സൃഷ്ടിക്കപ്പെടുന്ന പ്രതിസന്ധിയാണിത്. അത്തരം സാഹചര്യത്തിൽ മാതാപിതാക്കൾ ഇതുപോലൊരു അവസ്ഥയിലൂടെ കടന്നുപോകാൻ സാധ്യതയുണ്ട്. കിളിയൊഴിഞ്ഞ കൂട് അഥവാ എംപ്റ്റി നെസ്റ്റ് സിൻഡ്രോം

എന്നു വിളിക്കപ്പെടുന്ന ഇത്തരം അനുഭവങ്ങളിലൂടെ കേരളത്തിലെ ധാരാളം മാതാപിതാക്കൾ കടന്നുപോകുന്നുണ്ട് എന്നതാണു യാഥാർഥ്യം.


മധ്യവയസിലെ പ്രതിസന്ധിയുടെ ഭാഗമായി ചിലർ അമിതമദ്യപാനത്തിലേക്കും അനാവശ്യ കൂട്ടുകെട്ടുകളിലേക്കും പോകുന്ന പ്രവണതയുമുണ്ട്. അങ്ങനെയുള്ളവർക്ക് നിലവിലുള്ള ബന്ധങ്ങളിൽ ആശ്വസിക്കാനോ വിശ്വസിക്കാനോ കഴിയുന്നില്ല. ആത്മഹത്യപ്രവണതയും ചിലർ പ്രകടിപ്പിക്കാറുണ്ട്.

**പരിഹാരം**

ജീവിതത്തിൽ ഇതുവരെ നേടിയെടുത്ത നേട്ടങ്ങൾ അംഗീകരിച്ച് ആത്മാഭിമാനമുള്ളവരായി മാറുകയാണ് പ്രധാനം. ആത്മവിശ്വാസം നഷ്ടപ്പെടുത്തരുത്. ഇതുവരെ ഒന്നും നേടിയില്ല എന്നു പരിതപിക്കുന്നതിനു പകരം, സ്വന്തമാക്കിയ നേട്ടങ്ങൾ കണ്ടെത്തി ദൈവത്തിനു നന്ദിപറയുക. ജീവിതത്തിലെ നേട്ടങ്ങൾ വിലമതിച്ചേ തീരൂ. നഷ്ടങ്ങൾ ദുരന്തങ്ങളായി കാണാതിരിക്കുക. വലിയ വിജയങ്ങൾ നേടിയെങ്കിൽ മാത്രമേ സന്തോഷിക്കൂ എന്ന വാശി പാടില്ല. ചെറിയ കാര്യങ്ങളിലും സന്തോഷിക്കാൻ ശ്രമിക്കുക. ആരോഗ്യകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ട പ്രായമാണ് മധ്യപ്രായം. ആരോഗ്യം കുറഞ്ഞുവെന്നു നിരാശപ്പെടാതെ, എന്റെ ആരോഗ്യം എന്റെ കയ്യിലാണ് എന്ന ഉറച്ച തീരുമാനത്തോടെ വ്യായാമത്തിലും ഭക്ഷണക്രമീകരണത്തിലും ശ്രദ്ധിക്കണം. ഒറ്റപ്പെട്ടിരിക്കാതെ സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലണം. കൂട്ടായ്മകളിൽ പങ്കെടുക്കുകയും കൂട്ടുകാരെ സമ്പാദിക്കുകയും യാത്രകൾ നടത്തുകയും ചെയ്യണം. സഞ്ചാരം നല്കുന്ന അനുഭവങ്ങളുടെ ആകാശം അപാരമാണ്. മനസിലുള്ള ആശങ്കകളും ആകുലതകളും ആരോടെങ്കിലുമൊക്കെ തുറന്നുപറയുന്നതും ഈ പ്രായത്തിൽ അത്യാവശ്യമാണ്. അതുപോലെ പ്രധാനമാണ് ആത്മീയകാര്യങ്ങളിലുള്ള നിഷ്ഠയും താത്പര്യവും. കൗൺസിലിങ്ങും സൈക്കോതെറപ്പിയും അവശ്യമെങ്കിൽ അതും സ്വീകരിക്കാൻ മടിക്കേണ്ട.

തിരിച്ചറിയേണ്ട ഒരു കാര്യം കൂടിയുണ്ട്. മധ്യവയസിലെ പ്രതിസന്ധി ഒരു രോഗമല്ല. അത് സ്വാഭാവികമായ ഒരു ഘട്ടം മാത്രമാണ്. ജീവിതത്തിലെ മാറ്റങ്ങളെ യാഥാർഥ്യബോധത്തോടെ കാണുകയും വിലയിരുത്തുകയും പുതിയ വഴി വെട്ടിത്തുറക്കുകയുമാണ് അനിവാര്യം.

**ആരോഗ്യം കുറഞ്ഞുവെന്നു നിരാശപ്പെടാതെ, എന്റെ ആരോഗ്യം എന്റെ കയ്യിലാണ് എന്ന ഉറച്ച തീരുമാനത്തോടെ വ്യായാമത്തിലും ഭക്ഷണ ക്രമീകരണത്തിലും ശ്രദ്ധിക്കണം.**



അനില തോമസ്




ക്രിസ്തുമസിന് കേക്ക് മുറിക്കാത്തവരായി ആരുമുണ്ടാവില്ല. വലിയ വില കൊടുത്ത് മനോഹരമായ പായ്ക്കിങ്ങോടെ കടകളിൽ കിട്ടുന്ന പ്ലംകേക്ക്, അത്രയും വിലകൊടുക്കാതെയും അതിലേറെ രുചിയോടും ഗുണത്തോടുംകൂടി നമുക്ക് വീടുകളിൽ തയാറാക്കാവുന്നതേയുള്ളൂ. പ്ലംകേക്ക് ഉണ്ടാക്കുന്ന വിധം നോക്കാം.

**ചേരുവകൾ**

1 മുന്തിരി ജ്യൂസ് - 1 കപ്പ്
2 ഉണങ്ങിയ പപ്പായ അരിഞ്ഞത്
3 ഉണങ്ങിയ ബ്ലൂബെറി
4 ഉണക്കമുന്തിരി
5 കറുത്ത മുന്തിരി
6 ഉണങ്ങിയ പൈനാപ്പിൾ അരിഞ്ഞത്
7 ഉണങ്ങിയ ക്രാൻബെറി
8 ഉണങ്ങിയ ആപ്രിക്കോട്ട് അരിഞ്ഞത്
9 ഉണങ്ങിയ ചെറി അരിഞ്ഞത്
10 അണ്ടിപ്പരിപ്പ്

*ഇതിൽ രണ്ടുമുതൽ 10 വരെയുള്ള വിഭവങ്ങൾ കാൽ കപ്പാണ് എടുക്കേണ്ടത്.*

11 ബ്രൗൺ ഷുഗർ (150 ഗ്രാം)
12 മൈദ/ഗോതമ്പു പൊടി - ഒന്നര കപ്പ്
13 ഓറഞ്ച് മർമലേഡ്
14 മിക്സഡ് ഫ്രൂട് ജാം
15 ഓറഞ്ച് സെസ്റ്റ്
16 നാരങ്ങ സെസ്റ്റ്



17 പൊടിച്ച കറുവപ്പട്ട, ഗ്രാമ്പൂ, ജാതിക്ക, ഏലക്ക
18 ബേക്കിംങ് പൗഡർ
19 വാനില എസൻസ്
20 ഉപ്പില്ലാത്ത വെണ്ണ - 220 ഗ്രാം
21 മുട്ട - 3
22 ഉപ്പ് - കാൽ ടീസ്പൂൺ
23 ബേക്കിംങ് സോഡ - കാൽ സ്പൂൺ

*ഇതിൽ 15 മുതൽ 19 വരെയുള്ളവ 1 ടീസ്പൂൺ വീതമാണ് എടുക്കേണ്ടത്.*



**തയാറാക്കുന്നവിധം**

ചുവടു കട്ടിയുള്ള ഒരു പാത്രത്തിൽ എല്ലാ ഡ്രൈ ഫ്രൂട്സും ബ്രൗൺ ഷുഗറും മുന്തിരി ജ്യൂസും വെണ്ണയും മിക്സഡ് ഫ്രൂട് ജാമും ഓറഞ്ച് മർമലേഡും ചേർത്ത് 10 മിനിറ്റ് വേവിക്കുക. കുറുകി വരുമ്പോൾ ഓഫ് ചെയ്യുക പിന്നീട് ചൂടുകളയുക. ചൂടാറിയ കൂട്ടിലേക്ക് മുട്ട നന്നായി അടിച്ചുചേർക്കുക. നട്സും ചേർക്കാം. അരിപ്പയിലേക്ക് മൈദ പൊടി, ബേക്കിംങ് പൗഡർ, ജാതിക്ക പൊടിച്ചത്, കരയാമ്പൂ പൊടിച്ചത്, പട്ട പൊടിച്ചത്, ഉപ്പ് എന്നിവ ഇട്ട് നന്നായി കുഴച്ചെടുക്കുക. ഓറഞ്ച്, നാരങ്ങ തൊലികൾ ഗ്രേറ്റ് ചെയ്ത് ചേർക്കുക. നേരത്തെ മിക്സ് ചെയ്തുവെച്ച ഫ്രൂട്സിലേക്ക് ഇതു ചേർത്ത് നന്നായി ഇളക്കി യോജിപ്പിക്കുക. കേക്ക് ടിന്നിൽ ബട്ടർ പേപ്പർ വിരിച്ച് ഈ മിശ്രിതം ഒഴിച്ച് ഒരു മണിക്കൂർ ചെറിയ തീയിൽ വെച്ച് വേവിച്ചെടുക്കുക. പിന്നീട് ഇഷ്ടംപോലെ കഴിക്കാം. ○

## കേക്കിന്റെ പിന്നിലെ കഥ

*കേക്ക് കഴിക്കാൻ ക്രിസ്തുമസ് വേണമെന്നില്ലാത്ത കാലമാണിത്. എന്നാൽ ഇന്ത്യയിൽ ആദ്യമായി കേക്ക് നിർമിച്ചത് ആരാണെന്നും, എങ്ങനെയാണെന്നും അറിയാമോ? ഇന്ത്യയിൽ തന്നെ ആദ്യമായി കേക്ക് ഉണ്ടാക്കിയത് നമ്മൾ കേരളീയരാണെന്ന കാര്യവും പലർക്കും അറിയില്ലായിരിക്കും. ആ കഥ ഇങ്ങനെ.*

*വർഷം 1883. മർഡോക്ക് ബ്രൗൺ എന്നു പേരുള്ള സായ്പ് തലശേരിയിലെ റോയൽ ബിസ്ക്കറ്റ് ഫാക്ടറിയിലെത്തി, അതിന്റെ ഉടമ മമ്പള്ളി ബാപ്പുവിനോട് ചോദിച്ചു: ക്രിസ്തുമസിന് ഒരു കേക്ക് ഉണ്ടാക്കിത്തരാമോ? ബിസ്ക്കറ്റും ബ്രെഡും മാത്രം ഉണ്ടാക്കി പരിചയമുള്ള ബാപ്പുവിന്, കേക്ക് എന്താണെന്നു പോലും അറിയില്ലായിരുന്നു. കൈയിലുള്ള സാമ്പിൾ കേക്ക് കാണിച്ചുകൊടുത്ത സായ്പ് അതിന്റെ ചേരുവകൾ കൂടി പറഞ്ഞുകൊടുത്തു. ഇത്രയും അറിഞ്ഞ സ്ഥിതിക്ക് ബാപ്പു തന്റേതായ ചില പ്രത്യേകവിഭവങ്ങൾകൂടി ചേർത്ത് കേക്കുണ്ടാക്കി. ആ കേക്ക് രുചിച്ചുനോക്കിയ സായ്പ് ബാപ്പുവിന് കൈകൊടുത്തു. അന്നുമുതലാണ് കേരളത്തിൽ ക്രിസ്തുമസ് കേക്ക് നിർമാണം ആരംഭിച്ചത് എന്നാണ് പാരമ്പര്യം. ഈ കഥയ്ക്ക് ചരിത്രപരമായ തെളിവുകളില്ല എന്ന കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ.*



പ്രിൻസ് തെക്കേപ്പുറം CSsR

# സെന്റ് പീറ്റേഴ്സ് ബസിലിക്ക



**1506ൽ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ നവീകരണം ആരംഭിച്ചു. അത് 120 വർഷങ്ങൾ നീണ്ടു.**

ടൈബർ നദിയുടെ ഓരംചേർന്നു കിടന്നിരുന്ന ഒരു കുന്നിൻ പ്രദേശം. വധശിക്ഷയ്ക്കു വിധേയരായ വിജാതീയ കുറ്റവാളികളുടെ ശവശരീരങ്ങൾ മറവു ചെയ്തിരുന്നത് അവിടെയായിരുന്നു. അതുമൂലം പരിത്യക്തമായ ഈ കുന്ന്, പില്കാലത്ത് ഏറ്റവുമധികം സന്ദർശകർ എത്തുന്ന പുണ്യഭൂമിയായി മാറിയത് കാലത്തിന്റെ കാവ്യനീതിയാകാം. നമ്മൾ ഇന്നു പരിചയപ്പെടുന്ന സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ അപൂർവചാരുത തിരിച്ചറിയണമെങ്കിൽ ആ ചരിത്രം പറഞ്ഞു തുടങ്ങണം.

ടൈബർ നദിയുടെ കരയിലാണ് പുരാതന റോമാസാമ്രാജ്യം വ്യാപിച്ചു തുടങ്ങിയത്. അതിർത്തി പ്രദേശമായതുകൊണ്ടാകാം, ആ നദിക്കരയിൽ ഉണ്ടായിരുന്ന വത്തിക്കാൻ എന്ന ചെറിയ കുന്നിൻപ്രദേശം അവഗണിക്കപ്പെട്ട അവസ്ഥയിലായിരുന്നു. പട്ടണത്തിൽ പൊതുശ്മശാനം അനുവദിക്കപ്പെട്ടിരുന്നില്ല. അതിനാൽ വിജാതീയരുടെ മൃതദേഹങ്ങൾ തള്ളാൻ റോമൻപട്ടാളം ഈ കുന്നിൻപ്രദേശം ഉപയോഗപ്പെടുത്തി.

എഡി 37 മുതൽ 41 വരെ സാമ്രാജ്യം ഭരിച്ച കലിഗുള ചക്രവർത്തിയാണ്, ദീർഘവൃത്താകൃതിയിലുള്ള ഒരു പിയാസ കായികവിനോദങ്ങൾക്കായി ഇവിടെ പണി കഴിപ്പിച്ചത്. കൂടാതെ, ഈജിപ്തിൽനിന്നും ഒറ്റക്കൽ സ്തൂപം കൊണ്ടുവന്ന് ഇവിടെ സ്ഥാപിച്ചു. എഡി 64 ക്രൂരമായ ക്രൈസ്തവപീഡനത്തിന്റെ കാലമാണ്. അന്നത്തെ ഭരണാധികാരി നീറോ ആയിരക്കണക്കിന് ക്രിസ്ത്യാനികളെ നിർദയം പീഡിപ്പിച്ചു. മാത്രമല്ല, അതു കണ്ടു രസിക്കാൻ പട്ടണവാസികളെ ഇവിടേക്കു ക്ഷണിക്കയും ചെയ്തു. അനേകം രക്തസാക്ഷികളെ മറവു ചെയ്ത ഇതേ സ്ഥലത്താണ് പത്രോസ് ശ്ലീഹായെയും മറവു ചെയ്തത് എന്നറിയാമായിരുന്ന ആദിമക്രിസ്ത്യാനികൾ, ശ്ലീഹായുടെ കബറിടം രഹസ്യത്തിൽ സംരക്ഷിച്ചു; എഡി 150ൽ അവിടെ ചെറിയൊരു സ്മാരകം പണിയുകയും ചെയ്തു. മാനസാന്തരത്തിനു ശേഷം കബറിടത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ കോൺസ്റ്റന്റയിൻ ചക്രവർത്തി, എഡി 319-322 കാലത്ത് അതുകൂടി ഉൾപ്പെടുത്തി ഒരു ബസിലിക്ക നിർമിച്ചു. ക്രിസ്തുവിന്റെ ആദ്യത്തെ വികാരിയുടെ കബറിടം തേടിയുള്ള തീർഥാടകപ്രവാഹം അതോടെ ആരംഭിക്കുകയായി.

**പുനർനിർമാണം**

15-ാം നൂറ്റാണ്ടു വരെ റോമാ രൂപതയുടെ കത്തീഡ്രൽ ആയിരുന്ന ജോൺ ലാറ്ററൻ ബസിലിക്കയിൽ താമസിച്ചിരുന്ന മാർപാപ്പാമാർ, പിന്നീട് വത്തിക്കാനിലേക്കു താമസം മാറ്റി. അതോടെ വത്തിക്കാനിലുള്ള സെന്റ് പീറ്റേഴ്സ് ബസിലിക്കയ്ക്കു പ്രാധാന്യം വന്നു. തുടർന്ന് മാർപാപ്പാമാരുടെ നേതൃത്വത്തിൽ നടന്ന പ്രധാന തിരുക്കർമങ്ങൾക്കെല്ലാം വേദിയായി മാറിയത് ഈ ബസിലിക്കയാണ്. അപ്പോഴെല്ലാം ആയിരക്കണക്കിനു വിശ്വാസികൾ ആരാധനക്കായി അവിടെ തടിച്ചുകൂടി. നൂറ്റാണ്ടുകൾ അതേപടി നിലനിന്ന പുരാതനദേവാലയത്തിന്റെ പുനർനിർമാണം അത്യന്താപേക്ഷിതമായി തീർന്നത് അതോടെയാണ്. 1506ൽ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ നവീകരണം ആരംഭിച്ചു. അത് 120 വർഷങ്ങൾ നീണ്ടു. 1626ൽ നിർമാണപ്രവർത്തനങ്ങൾ പൂർത്തിയായി. എത്രമാത്രം ബൃഹത്തും അതുല്യവുമാണ് ഈ വെണ്ണക്കൽ ശില്പമെന്നു മനസിലാക്കാൻ ഈ കാലദൈർഘ്യം തന്നെ ധാരാളം.



**സെന്റ് പീറ്റേഴ്സ് ബസിലിക്ക സന്ദർശിച്ചു മടങ്ങുമ്പോൾ, നൂറ്റാണ്ടുകളിലൂടെ സഞ്ചരിച്ചു നിർവൃതി നുകർന്ന അനുഭവമാകും ഏതൊരാളുടെയും മനസിൽ ബാക്കിയാകുന്നത്.**

താഴികക്കുടത്തോടു കൂടിയ പുതിയ ബസിലിക്കയുടെ പ്ലാൻ അംഗീകരിച്ച് മൂലക്കല്ല് സ്ഥാപിച്ചത് ജൂലിയസ് രണ്ടാമൻ മാർപാപ്പായാണ് അക്കാലത്തെ പ്രശസ്തനായ ഇറ്റാലിയൻ വാസ്തുവിദഗ്ധൻ ഡോണാത്തെ ബ്രമാന്തെ ആയിരുന്നു മുഖ്യശില്പി. വലിയ താഴികക്കുടത്തോടു കൂടിയതും, സമഭുജങ്ങളുള്ള ഗ്രീക്ക് കുരിശിന്റെ ആകൃതിയിലുള്ളതുമായ ദേവാലയമാണ് അദ്ദേഹം വിഭാവനം ചെയ്തത്. 1514ൽ ബ്രമാന്തെ മരണമടഞ്ഞു. പ്രശസ്തനായ റഫായേലിനായി തുടർന്ന് മുഖ്യ ചുമതല. 1520ൽ അദ്ദേഹവും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. തുടർന്ന് ശില്പി സങ്ങാലോയുടെ ചുമലിലായി ഉത്തരവാദിത്തം. അക്കാലത്ത് ഒരേ സമയം 2500ഓളം പേർ ദേവാലയനിർമാണത്തിൽ ഏർപ്പെട്ടിരുന്നതായി ചരിത്രരേഖകൾ പറയുന്നു. 'കോൺഗ്രിഗേഷൻ ഫോർ ദി കൺസ്ട്രക്ഷൻ ഓഫ് സെന്റ് പീറ്റേഴ്സ്' എന്ന സംഘത്തിനായിരുന്നു മേൽനോട്ടം. 1546ൽ പോൾ മൂന്നാമൻ പാപ്പായുടെ നിർബന്ധപ്രകാരം മൈക്കലാഞ്ചലോ ബോനോറോത്തി നിർമാണത്തിന്റെ മുഖ്യ ചുമതല ഏറ്റെടുത്തു.

**വിജാതീയ കുറ്റവാളികളുടെ ശവശരീരങ്ങൾ മറവു ചെയ്യാൻ ഉപയോഗിച്ചിരുന്ന വത്തിക്കാൻ കുന്ന് പില്കാലത്ത് ഏറ്റവുമധികം സന്ദർശകർ എത്തുന്ന പുണ്യഭൂമിയായി മാറിയത് ചരിത്രത്തിലെ വിസ്മയമാണ്.**



### താഴികക്കുടവും മുഖവാരവും

ഇന്നത്തെ ബസിലിക്കയുടെ മുകളിലുള്ള വലിയ താഴികക്കുടമാണ് മൈക്കലാഞ്ചലോയുടെ ഏറ്റവും വലിയ സംഭാവന. വാസ്തുവിദ്യപ്രകാരം മാത്രമല്ല, യൂറോപ്യൻ കെട്ടിട നിർമാണചരിത്രത്തിലും ഒരു അദ്ഭുതമായി ഇത് ഉയർന്നുനില്ക്കുന്നു. 1564ൽ മൈക്കലാഞ്ചലോ മരിച്ചു. അതേത്തുടർന്ന് 1590 ലാണ് വിഞ്ഞോള, ഡൊമെനിക്കൊ ഫൊന്താന, ജാക്കോമോ ദെല്ല പോർത്ത എന്നിവരുടെ നേതൃത്വത്തിൽ ഈ അദ്ഭുതനിർമിതി ബസിലിക്കയുടെ മുകളിൽ ഉറപ്പിച്ചത്. ബസിലിക്കയുടെ മുകളിൽ ഡോം ഉറപ്പിക്കപ്പെട്ടതിനു ശേഷമാണ്, ഹൈക്കല സമ്പൂർണമായി പുതുക്കിപ്പണിയാൻ 1605ൽ അഞ്ചാം പോൾ മാർപാപ്പാ തീരുമാനിച്ചത്. അതോടൊപ്പം പള്ളിയുടെ മോണ്ടളത്തിൽ നിന്നു മാർപാപ്പായുടെ വസതിയിലേക്ക് പ്രവേശനം സാധ്യമാകുന്ന രീതിയിൽ ഹൈക്കലയുടെ നീളം കൂട്ടാനും തീരുമാനമായി. ഇന്നത്തെ ബസിലിക്കയ്ക്ക് ലത്തീൻ കുരിശിന്റെ ആകൃതി കൈവന്നത് അങ്ങനെയാണ്. ഹൈക്കലയും പിന്നീട് മുഖവാരവും ആസൂത്രണം ചെയ്തത് ശില്പി കാർലോ മദേർന ആയിരുന്നു. പക്ഷേ മുഖവാരത്തിന്റെ പണി പൂർത്തിയാക്കിയതോ, ലോറെൻസോ ബർണിനിയും.

സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മുഖവാരത്തിന് 45.5 മീറ്റർ ഉയരമുണ്ട്; നീളം 114.7 മീറ്ററും. മുഖവാരത്തിൽ ചേർത്തിരിക്കുന്ന ലിഖിതത്തിന്റെ മൊഴിമാറ്റം ഇങ്ങനെ: 'ശിഷ്യപ്രമുഖന്റെ ബഹുമാനത്തിനുവേണ്ടി, അഞ്ചാം പോൾ പാപ്പാ, റോമൻ, ബോർഗേസെ കുടുംബക്കാരൻ, 1612-ാം വർഷം, തന്റെ പ്രധാനാചാര്യത്വത്തിന്റെ ഏഴാം വാർഷികം.' മുഖവാരത്തിനു മുകളിൽ ഈശോയുടെയും 12 ശ്ലീഹന്മാരുടെയും പ്രതിമകൾ. പുതിയ മാർപാപ്പാമാർ തെരഞ്ഞെടുക്കപ്പെട്ടതിനു ശേഷം ലോകത്തിനു മുന്നിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്നത് മുഖവാരത്തിലെ വിശാലമായ ജനാലയ്ക്കലാണ് (ലോജിയ). സഭയിൽ പുതിയ വിശുദ്ധരെ പ്രഖ്യാപിക്കുമ്പോൾ അവരുടെ ഛായാചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതും ഇവിടെതന്നെ.

### ദേവാലയ മോണ്ടളം

71 മീറ്റർ വീതിയും 20 മീറ്റർ ഉയരവുമുള്ള ബസിലിക്കയുടെ മോണ്ടളം പണിതു തീർന്നത് 1612ലാണ്. ദേവാലയത്തിന്റെ മോണ്ടളത്തിൽനിന്നും ഉള്ളിലേക്കു പ്രവേശിക്കാൻ അഞ്ചു വാതിലുകളുണ്ട്. ഏറ്റവും ഇടതു വശത്തുള്ള വാതിലിനെ 'മരണത്തിന്റെ കവാടം'

മാനസാന്തരത്തിനു ശേഷം, പത്രോസ് ശ്ലീഹായുടെ കബറിടത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ കോൺസ്റ്റന്റയിൻ ചക്രവർത്തി, എഡി 319-322 കാലത്ത് അതുകൂടി ഉൾപ്പെടുത്തി ആദ്യത്തെ ബസിലിക്ക നിർമിച്ചു.




എന്നു വിളിക്കുന്നു. പരിശുദ്ധ അമ്മയുടെ മരണം, ഈശോയെ കുരിശിൽ നിന്നിറക്കുന്നത്, ജോൺ 23-ാമൻ പാപ്പായുടെ മരണം തുടങ്ങിയ കൊത്തുപണികൾ ഈ കവാടത്തിന്റെ പാളികളിൽ കാണാം. അടുത്ത കവാടം, 'നന്മ തിന്മകളുടെ കവാടം' എന്നറിയപ്പെടുന്നു. പ്രധാന കവാടം പഴയ ബസിലിക്കയിൽ നിന്നുള്ളതാണ്. ഇതിന്റെ വാതിലിലെ വെങ്കലപാളികളിൽ പുതിയനിയമ സംഭവങ്ങൾ ചിത്രീകരിച്ചിരിക്കുന്നു. തന്റെ അജഗണത്തെ പത്രോസിനെ ഏല്പിക്കുന്ന മിശിഹായുടെ ചിത്രീകരണം ഈ കവാടത്തിനു മുകളിൽ കാണാം. അതിനു നേരെ എതിർവശത്തു നോക്കിയാൽ, മോണ്ടളത്തിനുള്ളിൽ കാണുന്ന ചിത്രം, കടൽക്ഷോഭത്തിലകപ്പെട്ട ശിഷ്യരെ ധൈര്യപ്പെടുത്തുന്ന ഈശോയുടേതാണ്.

പ്രധാനകവാടത്തിനു ശേഷമുള്ള വലതുവശത്തെ ആദ്യ കവാടമാണ് 'കൂദാശകളുടെ കവാടം.' ഏഴു കൂദാശകളും ഈ കവാടത്തിന്റെ വാതിൽപ്പാളികളിൽ ചിത്രീകരിച്ചിരിക്കുന്നു. ഏറ്റവും വലതുഭാഗത്തുള്ള കവാടം 'പോർത്ത സാന്ത' എന്നറിയപ്പെടുന്ന വിശുദ്ധ വാതിലാണ്. ജൂബിലിവർഷങ്ങളിൽ മാത്രം മാർപാപ്പാമാർ തുറക്കുന്ന വാതിൽ. ധാരാളം സുവിശേഷസന്ദർഭങ്ങൾ ചിത്രീകരിച്ചിരിക്കുന്ന ഈ വാതിലിലെ വെങ്കലപാളികൾ, സ്വിറ്റ്സർലൻഡിലെ വിശ്വാസിസമൂഹത്തിന്റെ സംഭാവനയാണ്. മോണ്ടളത്തിന്റെ ഇടതും വലതും അറ്റങ്ങളിൽ രണ്ടു രാജാക്കന്മാരുടെ പ്രതിമകൾ കാണാം. മാർപാപ്പായുടെ വസതിയിലേക്കുള്ള പടികളുടെ അടുത്തുള്ളത്, സ്വർഗത്തിൽനിന്നുള്ള അശരീരി ശ്രവിക്കുന്ന കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ പ്രതിമ. അതിനു നേരെ എതിർവശത്തുള്ളത് മഹാനായ കാറൽമാന്റെ പ്രതിമയും.

(തുടരും)





റവ. ഡോ. തോമസ് വള്ളിയാനിപ്പുറം

# പുതിയകാഴ്ചപ്പാടിൽ പുതുക്കിപ്പണിയുന്ന കുടുംബം

**ദരിദ്രരേയും അഗതികളേയും ശുശ്രൂഷിക്കാനും സഹായിക്കാനുമാകണം മതത്തിന്റെ നേർച്ചകാഴ്ചകൾ നീക്കിവെക്കേണ്ടത്.**

ലോകരക്ഷകനായ യേശു സമൂഹത്തിന്റെ സമസ്ത മേഖലകൾക്കും പുതിയ കാഴ്ചപ്പാടു നല്കി. പഴകിത്തുരുമ്പിച്ചു ജീർണത ബാധിച്ച പഴയ കാഴ്ചപ്പാടുകൾ കടപുഴക്കിയെറിഞ്ഞ്, പുതിയ കാഴ്ചപ്പാടുകൾ നട്ടുപിടിപ്പിച്ച് സമൂഹത്തെ സമൂലം നവീകരിച്ച യേശുവിന്റെ വചനങ്ങൾക്കും പ്രവൃത്തികൾക്കും എക്കാലത്തും പ്രസക്തിയുണ്ട്. സമൂഹത്തിന്റെ അടിസ്ഥാനകോശമായ കുടുംബത്തിന്റെ പുതുക്കിപ്പണിയലിന് ഉതകുന്ന ദർശനങ്ങൾ മർക്കോസിന്റെ സുവിശേഷം 11 മുതൽ 13 വരെയുള്ള അധ്യായങ്ങളുടെ പുനർവായനയിലൂടെ കണ്ടെത്താനാണ് ഇവിടെ ശ്രമിക്കുന്നത്. പഴമയും പുതുമയും തമ്മിലുള്ള പോരാട്ടമാണ് ചരിത്രത്തെ എപ്പോഴും മുന്നോട്ടു നയിക്കുന്നത്. പഴമയുടെ തടവറയിൽ കുടുങ്ങിക്കിടക്കുന്ന മനുഷ്യരെ പുതുമയുടെ വെള്ളിവെളിച്ചത്തിൽ വിമോചിപ്പിക്കാനും, പുതുമയുടെ പ്രഭാധോരണിയിൽ നവനാഗരികത പടുത്തുയർത്താനും ശ്രമിച്ച നേതാക്കൾ എക്കാലത്തും ചരിത്രത്തിൽ രംഗപ്രവേശം ചെയ്തിട്ടുണ്ട്. ഉല്പതിഷ്ണുക്കളായ ദാർശനികരും സാഹിത്യകാരന്മാരും ഈ പരിവർത്തനത്തിന് തങ്ങളുടെ സംഭാവനകൾ നല്കിയവരാണ്. വൈക്കം മുഹമ്മദ് ബഷീറിന്റെ 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്' എന്ന ലഘുനോവൽ മുസ്ലീംസമുദായത്തിന്റെ നവീകരണം ലക്ഷ്യം വെച്ചെഴുതിയ കൃതിയാണ്. വികാസത്തിനു വിലങ്ങുതടിയായി നില്ക്കുന്ന പഴമയും, മനുഷ്യനന്മയെ മാത്രം ലാക്കാക്കിയുള്ള പുതുമയും തമ്മിലുള്ള ഏറ്റുമുട്ടൽ ഈ നോവലിൽ കാണാം.

ഇതിലെ ഒരു രംഗം ശ്രദ്ധിക്കുക: നോവലിലെ പ്രധാന കഥാപാത്രമാണ് സുന്ദരിയായ കുഞ്ഞുപാത്തുമ്മ. അവൾക്ക് നിസാർ മുഹമ്മദ് എന്ന പുരോഗമന ചിന്താഗതിക്കാരനായ യുവാവിനോടു പ്രേമം. നിസാർ മുഹമ്മദ് കുഞ്ഞുപാത്തുമ്മയെയും സ്നേഹിക്കുന്നു. എന്നാൽ കുഞ്ഞുപാത്തുമ്മയുടെ ബാപ്പയും ഉമ്മയും പാരമ്പര്യത്തിന്റെ തടവറയിലാണ്. നിസാർ മുഹമ്മദിന്റെ കുടുംബം ഉയർത്തിപ്പിടിക്കുന്ന പുതിയ കാഴ്ചപ്പാടുകളിലേക്കു വരാൻ

അവർക്കാകുന്നില്ല. അങ്ങനെയിരിക്കേ, തന്നെ ആർക്കോ കല്യാണം കഴിച്ചുകൊടുക്കാൻ പോകുന്നു എന്നറിഞ്ഞ കുഞ്ഞുപാത്തുമ്മ ആധിമുഴുത്തു പൊടുന്നനെ രോഗിണിയായിത്തീർന്നു. ഉമ്മയും ബാപ്പയും മന്ത്രവാദികളെ വരുത്തി അവളെ ഭേദ്യം ചെയ്തു. ജനലുകളും വാതിലുകളുമെല്ലാം അടച്ചുപൂട്ടിയ കൊച്ചുമുറിയിലാണ് കുഞ്ഞുപാത്തുമ്മ കിടന്നിരുന്നത്. അപ്പോൾ അവിടേക്കു കയറി വന്ന നിസാർ മുഹമ്മദിന്റെ ബാപ്പ പറഞ്ഞു: 'ഇവിടെ കാറ്റും വെളിച്ചവും കടക്കണം; ജനലും വാതിലും തറന്നിടു.' അദേഹം ജനൽ പാളികൾ തുറന്നു. വെളിച്ചം അകത്തുകടന്നു. അപ്പോൾ അദേഹം പറഞ്ഞു: 'വെളിച്ചത്തിനെന്തൊരു വെളിച്ചം.'

വെളിച്ചത്തിന്റെ ഉപാസകരാണ് പുതിയ കാഴ്ചപ്പാടുകൾ നല്കി കുടുംബത്തേയും സമൂഹത്തേയും നവീകരിക്കുന്നവർ. അന്ധമായ ആചാരങ്ങളിൽ കുടുങ്ങിക്കിടന്ന ഒരു കുടുംബത്തെ നിസാർ മുഹമ്മദിന്റെ കുടുംബം, പുതിയ കാഴ്ചപ്പാടുകളാകുന്ന വെളിച്ചം നല്കി മോചിപ്പിക്കുന്നു. യേശു തന്റെ സുവിശേഷത്തിലൂടെ നല്കുന്ന പുതിയ കാഴ്ചപ്പാടുകൾ, ലോകത്തെ അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കു വിമോചിപ്പിക്കുന്നു. യേശുവാണ് ലോകത്തിന്റെ പ്രകാശം. യേശുവിന്റെ വചനങ്ങളും ധീരമായ നിലപാടുകളും പുതിയ കുടുംബത്തേയും പുതിയ സമൂഹത്തേയും കെട്ടിപ്പടുക്കാൻ ഉതകുന്നവയാണ്.

**ജറുസലമിലേക്കുള്ള രാജകീയപ്രവേശം (മർക്കോ. 11:1-11)**

യേശു തന്റെ മിശിഹാത്വവും രാജത്വവും അനിഷേധ്യമായി പ്രഖ്യാപനം ചെയ്യുന്ന സംഭവമാണ് ജറുസലമിലേക്കുള്ള രാജകീയപ്രവേശം. മിശിഹാ യുദ്ധവീരനായ രാജാവാണെന്നായിരുന്നു യഹൂദസങ്കല്പം. റോമൻ അധിനിവേശത്തിൽനിന്ന് ഇസ്രായേലിനെ മോചിപ്പിക്കുന്ന ധീരശൂരപരാക്രമിയായി അവർ മിശിഹായെ കരുതി. എന്നാൽ ഈ സങ്കല്പത്തെ തകിടം മറിച്ചുകൊണ്ട്, താൻ സമാധാന രാജാവായ മിശിഹായാണെന്ന് യേശു പ്രവൃത്തിയിലൂടെ കാണിച്ചു കൊടുത്തു. അവിടുന്ന് സവാരിമൃഗമായി തെരഞ്ഞെടുത്തത് കഴുതയെയാണ്. കഴുത യുദ്ധത്തിന്റെയല്ല, സമാധാനത്തിന്റെയും വിനയത്തിന്റെയും ചിഹ്നമാണ്. സാധാരണക്കാരായ ജനങ്ങളാണ് 'ഹോസാനാ' വിളികളോടെ അവിടുത്തെ എതിരേറ്റത്. 'ഞങ്ങളെ രക്ഷിക്കണേ' എന്നർഥമുള്ള 'ഹൊശിയാനാ' എന്ന ഹീബ്രുപദത്തിൽ നിന്നുദ്ഭവിച്ച സംബോധനയാണ് ഹോസാനാ. സർവമനുഷ്യർക്കും രക്ഷ നല്കുന്ന മിശിഹായാണ് അവിടുന്ന്. ഈ രക്ഷ സാമ്രാജ്യസ്ഥാപനവുമായി ബന്ധപ്പെട്ടതല്ല. ആത്മീയവും മാനസികവും ധാർമികവുമായ വിമോചനത്തിലൂന്നുന്നതും, ശത്രുമിത്രഭേദമെന്യേ സകലരേയും



**ആത്മീയവും മാനസികവും ധാർമികവുമായ വിമോചനത്തിലൂന്നുന്നതും, ശത്രുമിത്രഭേദമെന്യേ സകലരേയും ഉൾക്കൊള്ളുന്നതുമായ രക്ഷയാണ് യേശു നല്കുന്നത്.**

ഉൾക്കൊള്ളുന്നതുമായ രക്ഷയാണ്. ദേശീയവാദത്തിന്റെയും സങ്കുചിതചിന്തയുടെയും ജീർണതയിൽനിന്ന് ജനങ്ങളെ മോചിപ്പിക്കുന്നതും, ലോക സമാധാനത്തിന്റെ കാഹളം മുഴക്കുന്നതുമായ പുതിയ കാഴ്ചപ്പാട് യേശു തന്റെ രാജകീയമായ ജറുസലേംപ്രവേശത്തിലൂടെ യഹൂദജനതയ്ക്കും ലോകർക്കും നല്കി.

കുടുംബം സമാധാനത്തിന്റെ ഭവനമാകുമ്പോഴാണ് യേശുവിന്റെ ഈ പുതിയ കാഴ്ചപ്പാട് വ്യക്തിബന്ധങ്ങളെ നവീകരിക്കുന്നത്. കലഹവും ഭിന്നതയുമുള്ള കുടുംബങ്ങൾ യേശുവിന്റെ പുതിയ കാഴ്ചപ്പാടിൽനിന്നു ബഹുകാതം അകലെയാണ്.

### ശപിക്കപ്പെട്ട അത്തിവൃക്ഷവും ദേവാലയശുദ്ധീകരണവും (മർക്കോ. 11:12-19)

അത്തിപ്പഴങ്ങളുടെ കാലമല്ലാതിരുന്നിട്ടും യേശു അത്തിവൃക്ഷത്തെ ശപിച്ചതെന്തിന് എന്ന ചോദ്യം പലരും ഉന്നയിക്കാറുണ്ട്. അത്തിവൃക്ഷത്തെ ശപിച്ചത് ഒരു പ്രവാചകപ്രവൃത്തിയായിരുന്നു എന്ന സത്യം വിസ്മരിക്കുന്നതുകൊണ്ടാണ്, യേശുവിന്റെ പാവനമായ വ്യക്തിത്വത്തിനെതിരെ ഇപ്രകാരമൊരു ചോദ്യം അവർ ഉയർത്തുന്നത്. നന്മയുടെ ഫലങ്ങൾ പുറപ്പെടുവിക്കേണ്ട യഹൂദദേവാലയവും യഹൂദ

> **കുടുംബാംഗങ്ങളിലൂടെ ഉത്കൃഷ്ടമൂല്യങ്ങളാകുന്ന സത്ഫലങ്ങൾ സമൂഹത്തിനു ലഭിക്കുന്നില്ലെങ്കിൽ കുടുംബം ശാപഗ്രസ്തമാകും.**

മതസംവിധാനവും സത്ഫലങ്ങൾ പുറപ്പെടുവിക്കാതെ ഇലച്ചാർത്തോടെ ആർഭാടപൂർവം നിലകൊണ്ടപ്പോഴാണ്, പ്രവാചകനായ യേശു അതിനെതിരേ ഒരു പ്രവൃത്തിയിലൂടെ ശാപമുതിർത്തത്. തത്ക്ഷണം അത്തിവൃക്ഷം വാടിപ്പോയി. അത്തിവൃക്ഷത്തിനേറ്റ ശാപം, ഫലശൂന്യവും ചൂഷണനിർഭരവുമായ ദേവാലയത്തിനേറ്റ ശാപമായിരുന്നു. ദേവാലയത്തിന്റെ തകർച്ച താമസംവിനാ സംഭവിക്കുമെന്ന് ഈ പ്രവാചകപ്രവൃത്തിയിലൂടെ അവിടുന്ന് വെളിപ്പെടുത്തി. മതസംവിധാനങ്ങൾ സത്യം, നീതി, സ്നേഹം, കരുണ, വിശുദ്ധി മുതലായ സത്ഫലങ്ങൾ പുറപ്പെടുവിച്ച് മനുഷ്യർക്കു താങ്ങും തണലുമേകാൻ കടപ്പെട്ടിരിക്കുന്നു. അതിനു തയാറാകാത്ത മതഘടനകൾ, അവയെത്ര പ്രൗഢമാണെങ്കിലും, ശാപഗ്രസ്തമായി നിലംപൊത്തും. 'കുടുംബം' എന്ന സംവിധാനത്തിന് ഈ പ്രവാചകപ്രവൃത്തി നല്കുന്ന പാഠം അവഗണിക്കാൻ പാടില്ല. കുടുംബാംഗങ്ങളിലൂടെ ഉത്കൃഷ്ടമൂല്യങ്ങളാകുന്ന സത്ഫലങ്ങൾ സമൂഹത്തിനു ലഭിക്കുന്നില്ലെങ്കിൽ കുടുംബം ശാപഗ്രസ്തമാകും എന്നതിനു സംശയം വേണ്ട.

ഇലച്ചാർത്തോടെ തളിരിട്ടുനിന്ന അത്തിമരത്തിൽനിന്ന് യേശു പ്രതീക്ഷിച്ചത് അത്തിപ്പഴങ്ങളായിരുന്നില്ല. അത്തിപ്പഴമുണ്ടാകുന്ന കാലം യേശുവിനറിയാം. യേശു പ്രതീക്ഷിച്ചത് പച്ചക്കായ്കളാണ്. പച്ചക്കായ് ഭക്ഷണയോഗ്യമാണ്. പച്ചക്കായ് സമൃദ്ധമായി വിരിഞ്ഞു നില്ക്കേണ്ടിടത്ത് അവയില്ലാതെ ഗർവോടെ ഉയർന്നുനിന്ന അത്തിമരം ശാപമേറ്റതിൽ അദ്ഭുതമില്ല. എല്ലാക്കാലത്തും, സാഹചര്യമനുസരിച്ച് പച്ചക്കായും പഴുത്തകായും പുറപ്പെടുവിക്കേണ്ടവരാണ് കുടുംബാംഗങ്ങൾ എന്ന സന്ദേശമല്ലേ ഈ ഉണങ്ങിപ്പോയ അത്തിമരം നമുക്കു നല്കുന്നത്?

ദേവാലയത്തിലെ വിജാതീയമണ്ഡപം വാണിജ്യത്തിനു തുറന്നുകൊടുത്തത് കയ്യാഫാസിന്റെ നേതൃത്വത്തിലുള്ള പുരോഹിതസംഘമാണ്. ഇതിലൂടെ അവർ അനർഹമായി പണംപറ്റി. വാണിഭക്കാർ പാവപ്പെട്ട തീർഥാടകരെ ചൂഷണം ചെയ്തു പണമുണ്ടാക്കി. വിജാതീയർക്കു പ്രാർഥിക്കാനായി നീക്കിവെച്ചിരുന്ന മണ്ഡപം കച്ചവടശാലയാക്കി മാറ്റി. ദേവാലയം കേന്ദ്രമാക്കി അരങ്ങേറിയ ചൂഷണത്തിനെതിരേയാണ് യേശു ധീരമായി ശുദ്ധീകരണകർമം നടത്തിയത്.


## വിവാഹ ഒരുക്ക ധ്യാനം

| | | |
|---|---|---|
| 2025 DECEMBER | - 13,14,15 (Zion) | - Booking Closed |
| | - 20,21,22 (Zion) | - Booking Closed |
| | - 29,30,31 (Zion) | - Booking Closed |
| 2026 JANUARY | - 5,6,7 (Zion) | - Booking going on |
| | - 12,13,14 (Zion) | - Booking going on |
| | - 24,25,26 (Zion) | - Booking going on |
| | - 31, Feb 1,2 (Zion) | - Booking going on |
| 2026 FEBRUARY | - 21,22,23 (Zion) | - Booking going on |

*അന്വേഷണങ്ങൾക്ക്*

ഫാമിലി അപ്പോസ്തലേറ്റ്, ചങ്ങനാശ്ശേരി

ഫോൺ - 0481 2424476 സമയം - 11 am to 5 pm

> എല്ലാക്കാലത്തും, സാഹചര്യമനുസരിച്ച് പച്ചക്കായും പഴുത്തകായും പുറപ്പെടുവിക്കേണ്ടവരാണ് കുടുംബാംഗങ്ങൾ എന്ന സന്ദേശം ഉണങ്ങിപ്പോയ അത്തിമരം നമുക്കു നല്കുന്നു.

വാണിഭക്കാരെ പുറത്താക്കി; അവരുടെ ഇരിപ്പിടങ്ങൾ തട്ടി മറിച്ചിട്ടു. ദേവാലയത്തിന്റെ പവിത്രതയ്ക്കു വിഘ്നം വരുത്തും വിധം 'പാത്രം ചുമക്കുന്ന' ചൂഷണവ്യവഹാരങ്ങൾ നിർത്തലാക്കി. 'നിങ്ങൾ ഈ ഭവനം കള്ളന്മാരുടെ ഗുഹയാക്കിയിരിക്കുന്നു; ഇത് എല്ലാ ജനങ്ങൾക്കുമുള്ള പ്രാർഥനാലയമാണ്' (ജറ. 7:11; ഏശ. 56:7). മതങ്ങളും ആരാധനാലയങ്ങളും, അനീതിയുടെയും അധർമത്തിന്റെയും കച്ചവടസ്ഥാപനങ്ങളായി അധഃപതിക്കുന്നതിനെതിരേയുള്ള പ്രവാചകപരമായ ഇടപെടലായിരുന്നു യേശുവിന്റെ ദേവാലയ ശുദ്ധീകരണം. ഭാവിതലമുറയെ രൂപപ്പെടുത്തേണ്ട പവിത്രമായ കുടുംബവും വൈവാഹികബന്ധങ്ങളും കച്ചവടസ്ഥാപനമായി അധഃപതിക്കാൻ അനുവദിച്ചുകൂടാ. സ്ത്രീധനത്തിനുവേണ്ടി വിലപേശുന്ന കുടുംബങ്ങളും, അനീതിക്കും അധർമത്തിനും കൂട്ടുനില്ക്കുന്ന കുടുംബങ്ങളും കുടുംബത്തിന്റെ കച്ചവടവത്കരണത്തെ പിന്താങ്ങുന്നവയാണ്. മൂല്യങ്ങൾക്കു പരിപോഷണം നല്കുന്നതും, കുട്ടികളുടെ വ്യക്തിത്വം രൂപപ്പെടുത്തുന്നതുമായ പരിശുദ്ധ ദേവാലയമായി കുടുംബം തീരണമെന്നതാണ് യേശു നല്കുന്ന പുതിയ കാഴ്ചപ്പാട്.

'പ്രാർഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ. നിങ്ങൾക്കു ലഭിക്കുകതന്നെ ചെയ്യും. നിങ്ങൾ പ്രാർഥിക്കുമ്പോൾ ദൈവത്തിൽനിന്ന് പാപപ്പൊറുതി ലഭിക്കുന്നതിനുവേണ്ടി സകലരോടും ക്ഷമിക്കുവിൻ' (മർക്കോ. 11:24-25). കുടുംബം പ്രാർഥനയുടെ ആലയമാണ്. അവിടെ വസിക്കുന്നവർ സജീവവിശ്വാസത്തിന്റെയും അന്യോന്യമുള്ള ക്ഷമയുടെയും മാതൃകകളായിരിക്കണം. അത്തിവൃക്ഷത്തിനേറ്റ ശാപവും ദേവാലയശുദ്ധീകരണവും, വിശ്വാസത്തിന്റെയും പ്രാർഥനയുടെയും ക്ഷമയുടെയും പാഠങ്ങൾ നല്കുന്ന സംഭവങ്ങളായാണ് സുവിശേഷകൻ വിലയിരുത്തുന്നത്. കുടുംബം കാത്തുസൂക്ഷിക്കേണ്ട പുതിയ കാഴ്ചപ്പാടാണിത്.

### അധികാരത്തെപ്പറ്റിയുള്ള പുതിയ കാഴ്ചപ്പാട്

യേശുവിന്റെ അധികാരം എവിടെ നിന്ന്? അധികാരപ്രയോഗം മാനവനന്മയ്ക്കായി എങ്ങനെ നടത്താനാവും? ഈ ചോദ്യങ്ങൾക്കുള്ള മറുപടിയാണ് മർക്കോസ് 11:27-12:44 എന്ന ഭാഗത്ത് കാണുന്നത്.

അധികാരവും അധികാരപ്രയോഗവും കൂടാതെ ഒരു സമൂഹവും നിലനില്ക്കില്ല. എന്നാൽ ഏതു കാഴ്ചപ്പാടോടെ അധികാരം പ്രയോഗിക്കുന്നു എന്നതാണ് പ്രധാനം. അടിച്ചമർത്തി ഭരിക്കുന്ന മേധാവിത്വപരമായ അധികാരപ്രയോഗത്തെ യേശു ശക്തമായി എതിർക്കുന്നു. വിനീതമായ ശുശ്രൂഷയിൽ അധിഷ്ഠിതമായ അധികാരപ്രയോഗത്തെ അവിടുന്ന് പിന്തുണയ്ക്കുന്നു. ശുശ്രൂഷാപരമായ അധികാരത്തിന്റെ സ്രോതസ് ദൈവമാണ്. ദൈവം സ്നേഹവും സത്യവും കരുണയുമാണല്ലോ. ദൈവവുമായി സജീവബന്ധത്തിൽ ജീവിക്കുന്നവർക്ക് സ്നേഹത്തിന്റെയും സത്യത്തിന്റെയും ക്ഷമയുടെയും കരുണയുടെയും ശൈലി പുലർത്താതിരിക്കാനാവില്ല.

'മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ'യിൽ (മർക്കോ. 12:1-12), മുന്തിരിത്തോട്ടത്തിലെ ഉടമസ്ഥന് യഥാകാലം ഓഹരി കൊടുക്കാതെ അദ്ദേഹത്തോടും അദ്ദേഹമയച്ചവരോടും ക്രൂരമായി പെരുമാറിയ കൃഷിക്കാർ മേധാവിത്വപരമായ നേതൃശൈലിയുടെ മാതൃകകളാണ്. തന്റെ പുത്രനെപ്പോലും അവരുടെ പക്കലേക്കയച്ച ഉടമസ്ഥൻ ശുശ്രൂഷാപരമായ നേതൃശൈലിയുടെ മാതൃകയും. ഉടമസ്ഥൻ ആദ്യം അയച്ചത് ഭൃത്യന്മാരെയാണ്. കാലാകാലങ്ങളിൽ ഇസ്രായേലിലേക്ക് അയയ്ക്കപ്പെട്ട പ്രവാചകരുടെ പ്രതിനിധികളാണ് അവർ. കൃഷിക്കാരാകട്ടെ, ഇസ്രായേലിനെ നയിക്കാൻ നിയുക്തരായ ഫരിസയരുടെയും നിയമജ്ഞരുടേയും പുരോഹിതരുടേയും പ്രതിനിധികൾ. ഈ നേതാക്കൾ ഏറ്റവും ക്രൂരമായിട്ടാണ് സാധാരണ ജനങ്ങളോട് ഇടപെടുന്നത്. അതിനു കാരണം, അവർ ദൈവത്തിന്റെ സ്നേഹവും കരുണയും മനസിലാക്കിയിട്ടില്ല. ഉപമയിലെ ഉടമസ്ഥൻ ദൈവപിതാവിന്റെ പ്രതിനിധിയാണ്. സ്നേഹത്തിന്റേയും ക്ഷമയുടേയും മാതൃകയാണ് അവിടുന്ന്.

പിതാവ് അവസാനം അയച്ച പുത്രൻ യേശുവിനെതന്നെ പ്രതിനിധാനം ചെയ്യുന്നു. യേശുവിന്റെ അധികാരം പിതാവായ ദൈവത്തിൽനിന്ന് ഉദ്ഭവിക്കുന്നതാകയാൽ, അത് സ്നേഹത്തിന്റെയും കരുണയുടെയും ശുശ്രൂഷയുടെയും അധികാരമാണ്. സ്വജീവൻ മനുഷ്യമക്കൾക്കായി സമർപ്പിച്ച്, അവർക്കുവേണ്ടി ബലിയിത്തീരാൻ പ്രേരിപ്പിക്കുന്ന അധികാരമാണത്. കുടുംബത്തിലെ മാതാപിതാക്കളും മക്കളും മാതൃകയാക്കേണ്ട അധികാരം ഇതുതന്നെ. കൃഷിക്കാർ പ്രതിനിധാനം ചെയ്യുന്ന ദുഷിച്ച അധികാരമാണ് നമ്മുടെ കുടുംബങ്ങളെ നയിക്കുന്നതെങ്കിൽ, കുടുംബങ്ങൾ തകരുന്നതിന് അധികനാൾ വേണ്ടിവരില്ല. 'പണിക്കാർ ഉപേക്ഷിച്ച കല്ല് മൂലക്കല്ലായിത്തീരത്തക്കവിധം' (12:10-11) കുടുംബം വിജയമകുടമണിയണമെങ്കിൽ, യേശുവിന്റെ കാഴ്ചപ്പാടനുസരിച്ചുള്ള ശുശ്രൂഷയുടെ അധികാരശൈലി സ്വീകരിക്കണം.

### മനുഷ്യമഹത്വത്തിനും അന്തസിനും പ്രാധാന്യം

മനുഷ്യജീവനോടും മനുഷ്യവ്യക്തിത്വത്തോടുമുള്ള ബഹുമാനമാണ് കുടുംബത്തെ പ്രകാശമാനമാക്കുന്ന ശരിയായ കാഴ്ചപ്പാട്. യേശുവും എതിരാളികളും തമ്മിലുള്ള തർക്കത്തിലൂടെ മനുഷ്യമഹത്വം അവിടുന്ന് ഉയർത്തിക്കാട്ടുന്നു.

'സീസറിനു നികുതി കൊടുക്കണമോ' (മർക്കോ. 12:13-17) എന്നതാണ് ആദ്യത്തെ വിവാദം. സീസറിനു നികുതി കൊടുക്കുന്നതിനെ യേശു എതിർക്കുന്നില്ല. നികുതി കൊടുക്കുന്ന നാണയത്തിൽ സീസറിന്റെ രൂപമുണ്ട്. എന്നാൽ ഓരോ മനുഷ്യവ്യക്തിയിലും സർവേശ്വരനായ ദൈവത്തിന്റെ രൂപവും സാദൃശ്യവുമുള്ളതിനാൽ, ഒരു ഭരണകൂടവും മനുഷ്യാന്തസിനെതിരായ നിലപാട് സ്വീകരിച്ചുകൂടാ. വിദേശശക്തികളുടെ അധിനിവേശം മനുഷ്യമഹത്വത്തിനെതിരാണ് എന്ന ധ്വനി അവിടുത്തെ പ്രസ്താവനയിലുണ്ട്: 'സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക.' കുടുംബത്തിൽ മക്കളുടെ വ്യക്തിത്വവും അന്തസും മാനിക്കാൻ മാതാപിതാക്കൾക്കു കടമയുണ്ട്. ഭാര്യാഭർത്താക്കന്മാർ അന്യോന്യം പങ്കാളിയുടെ അന്തസു മാനിക്കണം.

മരണാനന്തരജീവിതവും ഉയിർപ്പും നിഷേധിച്ചിരുന്ന സദുക്കായരെ യേശു സംവാദത്തിൽ പരാജയപ്പെടുത്തി (മർക്കോ. 12:18-27). ഉയിർത്തെഴുന്നേല്ക്കുന്ന ജീവിതം ഭൗതികജീവിതത്തിൽ നിന്ന് പാടേ വ്യത്യസ്തമാണ്. ഭൗതികമാനദണ്ഡങ്ങളിലൂടെ അതിനെ അളക്കാനാവില്ല. എന്നാൽ, മരണാനന്തരജീവിതവും ഉയിർത്തെഴുന്നേല്പും അനിഷേധ്യമായ സത്യമാണ്. കാരണം, ജീവനേകുന്ന ദൈവം ജീവിക്കുന്നവരുടെ ദൈവമാണ്. അവിടുന്നിൽ ജീവിക്കുന്നവർ ഭൗതികമായി മരിച്ചാലും അവിടുത്തോടൊപ്പം നിത്യം ജീവിക്കും. മരണാനന്തരജീവിതത്തിലുള്ള വിശ്വാസം നിഷേധിക്കുന്നിടത്ത് മനുഷ്യാന്തസിലുള്ള വിശ്വാസവും നിഷേധിക്കപ്പെടും. എല്ലാ കല്പനകളുടെയും സാരസംഗ്രഹമായ ദൈവസ്നേഹവും പരസ്നേഹവുമാണ് മനുഷ്യമഹത്വത്തിന്റെ അടിത്തറയായി നില്ക്കുന്നത് (മർക്കോ. 12:28-34).

### ചൂഷണവിമുക്തമായ മതസംവിധാനം (മർക്കോ. 12:38-44)

മതം മനുഷ്യനന്മയ്ക്കും പുരോഗതിക്കും ആവശ്യമാണ്. എന്നാൽ മതപുരോഹിതരും നേതാക്കളും മതത്തിന്റെ സംവിധാനങ്ങൾ ഉപയോഗിച്ച് പാവപ്പെട്ടവരെ ചൂഷണം ചെയ്താലോ? മതത്തിന്റെ മറവിൽ നടക്കുന്ന ചൂഷണത്തിനെതിരായ പ്രവാചകഗർജനമാണ് മർക്കോസ് 12:38 മുതൽ 44 വരെയുള്ള വാക്യങ്ങൾ. ഇവിടെ ചൂഷണത്തിനു ചൂട്ടുപിടിക്കുന്ന യഹൂദ മതനേതാക്കൾ ഒരു വശത്ത്, എല്ലാം ഭണ്ഡാരത്തിൽ നിക്ഷേപിക്കുന്ന ദരിദ്രയായ വിധവ മറുവശത്ത്. ചൂഷണത്തിന്റെ പ്രയോക്താക്കളായ യഹൂദനേതാക്കൾ നീണ്ട മേലങ്കി ധരിച്ചു നടക്കുന്നു, അഭിവാദനം സ്വീ


ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ

Dec 1



ടോം സി. മാത്യു
വടക്കേച്ചിറ, മങ്കൊമ്പ്

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ


Dec 2



ഒരു വിശ്വാസി
മുംബൈ


ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ

Dec 3



ഒരു വിശ്വാസി
മുംബൈ

> മനുഷ്യജീവനോടും മനുഷ്യവ്യക്തിത്വത്തോടുമുള്ള ബഹുമാനമാണ് കുടുംബത്തെ പ്രകാശമാനമാക്കുന്ന ശരിയായ കാഴ്ചപ്പാട്.



കരിക്കുന്നു, മുഖ്യസ്ഥാനം അലങ്കരിക്കുന്നു. പക്ഷേ 'അവർ വിധവകളുടെ ഭവനങ്ങൾ വിഴുങ്ങുകയും ദീർഘമായി പ്രാർഥിക്കുന്നതായി നടിക്കുകയും ചെയ്യുന്നു.' 'വിധവകൾ' സമൂഹത്തിലെ പാവപ്പെട്ടവരുടെ പ്രതിനിധികളാണ്. അവരെ ചൂഷണം ചെയ്യുന്ന മതനേതാക്കൾക്കുള്ള ശക്തമായ വിമർശനമാണിത്. ഇതിനു നേർവിപരീതമായി ഒരു പാവപ്പെട്ട വിധവ തന്റെ എളിയസമ്പാദ്യം മുഴുവൻ നേർച്ചപ്പെട്ടിയിൽ ഇടുന്നു. യേശു അവളെ പ്രശംസിക്കുന്നു. എന്നാൽ ഈ പാവപ്പെട്ടവളുടെ നേർച്ചയും മറ്റു നിക്ഷേപങ്ങളും, പാവപ്പെട്ടവരെയും ദരിദ്രരെയും ശുശ്രൂഷിക്കുന്നതിനാണോ മതനേതൃത്വം ഉപയോഗിക്കുന്നത്? അഥവാ, മതത്തിന്റെ ആഡംബരപൂർവകമായ സംവിധാനങ്ങൾ കൊഴുപ്പിക്കുന്നതിനും, നേതാക്കളുടെ സുഖലോലുപമായ ജീവിതസൗകര്യം വർധിപ്പിക്കുന്നതിനും, ധൂർത്തിൽ അഭിരമിക്കുന്നതിനുമാണോ അവ ഉപയോഗിക്കുന്നത്? ദരിദ്രരേയും അഗതികളേയും ശുശ്രൂഷിക്കാനും സഹായിക്കാനുമാകണം മതത്തിന്റെ നേർച്ചകാഴ്ചകൾ നീക്കിവെക്കേണ്ടത്. അപ്പോൾ മതസംവിധാനം കരുണയുടെ മുഖം വഹിക്കുന്ന ദൈവഭവനമായിത്തീരും. ഇപ്രകാരം മതത്തേയും സഭാസംവിധാനത്തേയും രൂപാന്തരപ്പെടുത്താൻ കുടുംബങ്ങൾക്കു നിർണായക പങ്കുണ്ട്.

**ജീർണിച്ച പഴയ ലോകത്തിന്റെ തകർച്ചയും നന്മനിറഞ്ഞ പുതിയ ലോകത്തിന്റെ ഉദയവും**

മർക്കോസിന്റെ സുവിശേഷത്തിലെ 13-ാം അധ്യായം വെളിപാട് ശൈലിയിൽ (Apocalyptic) വിരചിതമായ വേദഭാഗമാണ്. ദേവാലയത്തിന്റെ തകർച്ചയെപ്പറ്റി യേശു ആദ്യം സംസാരിക്കുന്നു. ജീർണത ബാധിച്ച പഴയ ലോകക്രമത്തിന്റെ പ്രതീകമാണ് യഹൂദദേവാലയം. മനുഷ്യപുത്രനായ മിശിഹായുടെ രണ്ടാമത്തെ ആഗമനത്തോടെ ഒരു പുതിയലോകമുണ്ടാകും. അത് എന്നാണെന്ന് നമുക്കാർക്കും അറിഞ്ഞുകൂടാ. അതിനാൽ ഈ പുതിയയുഗത്തിന്റെ പിറവിക്കുവേണ്ടി വിശ്വസ്തതയോടെയും ജാഗരൂകതയോടെയും ഒരുങ്ങിയിരിക്കാൻ യേശു ശിഷ്യരെ ഉപദേശിക്കുന്നു. പ്രാർഥന, അനുതാപം, സ്നേഹം, ശുശ്രൂഷ, വിനയം മുതലായവയാണ് ഒരുക്കത്തിനു നമ്മെ സഹായിക്കുന്ന പുണ്യങ്ങൾ. കുടുംബങ്ങൾ ഈ പുതിയ ലോകത്തിന്റെ ഉദയത്തിനുവേണ്ടി തീക്ഷ്ണതയോടെ ഒരുങ്ങണം. വെളിപാട് ശൈലിവിട്ട് സാധാരണ ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി ചിന്തിച്ചാൽ, ഓരോ ദിവസവും പുതുക്കത്തിനും നവീകരണത്തിനും വേണ്ടി കുടുംബങ്ങൾ ശ്രമിക്കണം. യേശു നല്കിയ പുതിയ കാഴ്ചപ്പാടുകൾ ഉൾക്കൊള്ളുന്നതനുസരിച്ചാണ് ഈ നവീകരണം സാധ്യമാകുന്നത്. (തുടരും)

EXIT · പുറം വാതിൽ

ജെ. മണക്കുന്നേൽ

# ചിട്ടവട്ടം വട്ടാക്കരുത്!

"ഒന്നുകിൽ ഞാൻ പറയുന്നതുപോലെ കേട്ട് ഇവളു കുഞ്ഞുങ്ങളെ വളർത്തണം... അല്ലെങ്കിൽ ഇവളു പോകട്ടെ."

"പിള്ളേര് എന്റേതുകൂടിയല്ലേ... വരച്ച വരയിൽ നില്ക്കാനും, പറയുന്നതെല്ലാം ചെയ്യാനും ഞാൻ അടിമയൊന്നുമല്ല... പോകണോ, വരണോ എന്നൊക്കെ ഞാൻ തീരുമാനിച്ചോളാം..."

ഇരുവരും തമ്മിലുള്ള പോരുകണ്ട് ഞാൻ ഞെരിപിരികൊള്ളുകയാണ്! ഇരുന്ന ഇരുപ്പിൽതന്നെ ഉന്ത് തള്ളായും, തള്ളു തല്ലായും തീരുമെന്നു തോന്നിയ ഞാൻ രണ്ടുപേരുടെയും കസേരകൾ അകറ്റിയിട്ടു. അധ്യാപകദമ്പതികളുടെ അധരങ്ങളിൽനിന്നും 'അസഭ്യവിജ്ഞാനം' പോലും അടർന്നു വീണു തുടങ്ങി. പുറത്താരും കേൾക്കാതിരിക്കാൻ കതകടച്ചിട്ട് ഇരുവരെയും കൈകാര്യം ചെയ്യാൻ തീരുമാനിച്ചു.

മക്കൾ രണ്ട്! അഞ്ചിലൊരു മകനും മൂന്നിലൊരു മകളും! പട്ടാളക്കാരൻ അപ്പന്റെ കഠിന ചിട്ടയിൽ വളർന്നവനാണ് ഭർത്താവ്. 'വെട്ടൊന്ന്, മുറി രണ്ട്' പ്രകൃതം! ഗൾഫുകാരൻ അപ്പന്റെ ഏകമകളാണ് ഭാര്യ. അലസതയിൽ ആനന്ദിച്ച് ആയാസരഹിതമായി ജീവിച്ചുപോരുന്ന പ്രകൃതം! പാടേ ഭിന്നമായ ഈ രണ്ട് പ്രകൃതങ്ങളുംകൂടി ധൃതിയിൽ ആലോചിച്ചു തകൃതിയിൽ നടത്തിയ കല്യാണം! ഇതിലുണ്ടായതോ, വികൃതിക്കു 'വീലു'കൂടി വെച്ചാലെന്നപോലെ രണ്ടു കുസൃതികൾ!! രണ്ടുംകൂടി മുറ്റത്ത് അടിച്ചു തകർത്തു തിമിർക്കുന്നു.

മക്കളെ വളർത്തുന്നതിലും തിരുത്തുന്നതിലും ഭാര്യ ഒരു തികഞ്ഞ പരാജയമെന്നാണ് ഭർത്താവിന്റെ പഴി! ഇത്തിരിപ്പോന്ന കുട്ടികളെ കെട്ടിയിട്ടു ചിട്ട പഠിപ്പിക്കുന്ന ഭർത്താവ് ഒരു ക്രൂരനാണെന്നാണ് ഭാര്യയുടെ പരാതി! കുട്ടികളേയും വിട്ടുതന്ന് കെട്ടിയോൾ അവളുടെ വീട്ടിൽ പോയാൽ താൻ അവരെ ചിട്ടയിൽ വളർത്തി മുട്ടനാക്കുമെന്ന് കെട്ടിയോൻ! കുട്ടികളെ പൂട്ടി വളർത്താനും തന്നിൽനിന്നും തട്ടിയെടുക്കാനും കാട്ടുന്ന ഈ വട്ടുകളിക്ക് താൻ കൂട്ടിനില്ക്കില്ല എന്ന് കെട്ടിയോൾ! വാദപ്രതിവാദങ്ങൾക്കൊടുവിൽ ഇരുവരെയും 10 മിനിറ്റ് പള്ളിയ്ക്കുള്ളിൽ കൊണ്ടുപോയി മൗനത്തിൽ പ്രാർഥിച്ച് ശാന്തത കൈവരിക്കാൻ ഞാൻ ശ്രമിച്ചു. ബേമ്മയിലെ ബൈബിൾ കാട്ടി, അതിനു മുകളിൽ കൈവെച്ചു വിവാഹവേളയിലെടുത്ത പ്രതിജ്ഞ ഒന്നുകൂടി ആലോചിച്ചു ചൊല്ലുവാൻ പറഞ്ഞു. എന്തുവന്നാലും ഒരുപോലെ സ്വീകരിച്ച് ഒരു മനസോടെ ജീവിക്കാനെടുത്ത തീരുമാനം, രണ്ടു കുഞ്ഞുങ്ങളുടെ വളർത്തലിനെപ്രതി തളർത്തരുതെന്ന് ബോധ്യപ്പെടുത്തി. കൂടിയാലോചനയുടെ കുറവും പരസ്പരം കേട്ടിരിക്കാനുള്ള ക്ഷമയില്ലായ്മയുമാണ് ഇരുവരും പരിഹരിക്കേണ്ടതെന്ന് അവർക്കു മനസിലായി. പട്ടാളച്ചിട്ടയും സമ്പൂർണസ്വാതന്ത്ര്യവും ഒരുപോലെ കുട്ടികളുടെ നല്ല വളർത്തലിനു നല്ലതല്ലെന്ന് ഇരുവർക്കും പിടികിട്ടി. ഉള്ള സ്നേഹത്തെ ഉജ്ജ്വലിപ്പിക്കാനും, ആ സ്നേഹത്തിന്റെ പങ്കിടൽ കണ്ട് കുട്ടികൾ വളരാനുമുള്ള ഇടമാക്കി വീടിനെ മാറ്റാൻ ഇരുവരും തയാറായി.

ആക്രോശിച്ച് അകന്നിരുന്ന അപ്പനും അമ്മയും അടുത്തിരിക്കുന്നതും, കുഴപ്പം കൂടാതെ കൊച്ചുവർത്തമാനം പറയുന്നതും കണ്ട കുട്ടികൾ കണ്ണുമിഴിച്ച് കൗതുകത്തോടെ അവരെ നോക്കി ചിരിക്കുന്നത് ഞാൻ കാട്ടിക്കൊടുത്തു. കുഞ്ഞുങ്ങളെ സ്നേഹനിറവിൽ തിരുത്തണം; പറ്റിയില്ലെങ്കിൽ സൗമ്യതയോടെ ശാസിക്കണം; ഒട്ടും നന്നാകാഞ്ഞാൽ ഒന്നു തല്ലുന്നതും ശിക്ഷണത്തിന്റെ ഭാഗമായി കരുതണം. ഒരാൾ തല്ലുമ്പോൾ, ആ തല്ലിനെ ന്യായീകരിച്ചുകൊണ്ടുതന്നെയാകണം മറ്റെയാൾ തഴുകേണ്ടതും തലോടേണ്ടതുമെന്നും അവർ ഉറപ്പിച്ചു. "നന്നാകുമെന്ന് പ്രതീക്ഷയുള്ളപ്പോൾ നിന്റെ മകനെ ശിക്ഷിക്കുക; അവൻ നശിച്ചുപൊയ്ക്കൊള്ളട്ടെ എന്നു കരുതരുത്" (സുഭാ. 19:18).

കുടുംബം കൂട്ടുത്തരവാദിത്തത്തിന്റെ ഇടമാണ്. പരസ്പരം ആലോചിച്ചും, സന്മനസോടെ സംയമനം പാലിച്ചും, തീവ്രതയില്ലാതെ തിരുത്തിയും, ലോഭമില്ലാതെ പ്രോത്സാഹിപ്പിച്ചും, അളവില്ലാതെ അഭിനന്ദിച്ചും, പരിധിവെക്കാതെ പരസ്പരം ക്ഷമിച്ചും, മറയില്ലാതെ തുറന്നു സംസാരിച്ചും വേണം മക്കളുടെ വളർത്തലിൽ മാതാപിതാക്കൾ ഒന്നാകേണ്ടത്. ആകാവുന്നതുപോലെ ഉത്തരവാദിത്തം മക്കൾക്കുകൂടി കൊടുക്കുന്നതിൽ ഒട്ടും മടികാട്ടുകയും വേണ്ട. ചിട്ടവട്ടങ്ങളൊക്കെ വേണം; ചിട്ട ഒരിക്കലും വട്ടാക്കരുത്. "മകനെ വഷളാക്കുന്നവന് മുറിവ് വെച്ചുകെട്ടേണ്ടി വരും" (പ്രഭാ. 30:7). ○

Printed & Published by Fr. Jose Thekkepurathu • Owned by Family Apostolate, Pastoral Centre, Changanacherry • Phone: 0481 2424476 • Printed at St. Joseph Orphanage Press, Changanacherry
Chief Editor: Dr. Jose George Thekkepurathu